32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

October 18, 2024 | Vol. XXXII No. 42 | Periodicals Postage Paid






അമിക്കോസ് നോർത്തമേരിക്കയുടെ ഗ്ലോബൽ കൺവൻഷൻ ഡാളസിൽ ബിഷപ് ഡോ. ജോസഫ് മാർ തോമസ് ഉദ്ഘാടനം ചെയ്യുന്നു. മുൻ ഡിജിപി ഋഷിരാജ് സിംഗ് ഐപിഎസ്, പ്രസിഡണ്ട് സാബു തോമസ്, കൺവീനർ ജിമ്മി കുളങ്ങര, കോ– കൺവീനർ സുജൻ കാക്കനാട്ട്, ഡിനി ഡാനിയൽ, തെരേസാ റ്റോം, നന്ദു, സാബു തിരുവല്ല, ഡോ. രജു ജോസഫ് തുടങ്ങിയവർ സമീപം.

ഫോട്ടോ: ഷാജി രാമപുരം (31–ാം പേജ് കാണുക)

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** / ATLANTA : 404 633 4200 / CHICAGO: 312 757 4700

**EXPERIENCE PERSONAL ATTENTION RESULTS**



Salu K. Kunnatha Reena Emmanuel Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com



# B&M
AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and **EFFICIENT**

*Quality* **REPAIR**



**WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863**

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

32nd Year of Service 2024
NOT OUR MERIT BUT HIS GRACE – KERALA EXPRESS
Price $1.00
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 വീണ്ടും ഇസ്രയേൽ അതിക്രമം
8 ടി.പി. മാധവൻ വിടവാങ്ങി
10 ജമ്മു കാശ്മീരിൽ 'ഇന്ത്യ' സഖ്യം
14 പാസ്റ്റർ സാംകുട്ടി മത്തായിയെ പുരസ്കാരം നല്കി ആദരിച്ചു
21 ഇന്ത്യൻ വ്യവസായലോകത്തെ ഇതിഹാസം

## ആഗോള പട്ടിണി സൂചികയിൽ ഇന്ത്യ 105–ാം സ്ഥാനത്ത്

ലണ്ടൻ: ആഗോള പട്ടിണി സൂചികയിൽ (ഗ്ലോബൽ ഹംഗർ ഇൻഡക്സ്-ജിഎച്ച്ഐ) ഇന്ത്യക്ക് നേരിയ പുരോഗതി. 127 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 105 ആണ്. കഴിഞ്ഞവർഷം 125 രാജ്യങ്ങളിൽ 111-ാം സ്ഥാനത്തായിരുന്നു.

അതേസമയം, അയൽരാജ്യങ്ങളായ ബംഗ്ലാദേശിനും നേപ്പാളിനും ശ്രീലങ്കയ്ക്കും പിന്നിൽ തന്നെ തുടരുകയാണ് ഇന്ത്യ. ശ്രീലങ്ക (56), നേപ്പാൾ (68), ബംഗ്ലാദേശ് (84) എന്നിങ്ങനെയാണ് പട്ടിക. കടുത്ത പട്ടിണി നേരിടുന്ന 42 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും ഉൾപ്പെടുന്നു. പട്ടിണി കുറഞ്ഞ 22 രാജ്യങ്ങളുടെ പട്ടികയിൽ ബെലാറൂസ്, ബോസ്നിയ, (ശേഷം 24-ാം പേജിൽ)

# ഗവർണർ – മുഖ്യമന്ത്രി പോരു മുറുകുന്നു

തിരുവനന്തപുരം: സ്വർണക്കടത്തുമായി ബന്ധപ്പെട്ട 'ദേശവിരുദ്ധ' വിവാദത്തിൽ മുഖ്യമന്ത്രിക്ക് എന്തോ ഒളിക്കാനുണ്ടെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആവർത്തിച്ചു. മുൻപു സ്വർണക്കടത്തു കേസിൽ മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെട്ടിരുന്നില്ലേയെന്നും ചോദിച്ചു. ഈ വിഷയത്തിൽ രാഷ്ട്രപതിക്കു നൽകാനുള്ള റിപ്പോർട്ടിന്റെ കരടും രാജ്ഭവൻ തയാറാക്കി.

ഇനി സംവാദത്തിനില്ലെന്ന് ഒടുവിൽ അയച്ച കത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കിയെങ്കിലും 'ദേശവിരുദ്ധ' പരാമർശവുമായി ബന്ധപ്പെട്ട വിവാദം അവസാനിപ്പിക്കാനില്ലെന്നു നിശ്ചയിച്ചാണു ഗവർണറുടെ നീക്കങ്ങൾ. ചീഫ് സെക്രട്ടറിയും ഡിജിപിയും രാജ്ഭവനിൽ വരേണ്ടതില്ലെന്ന മുൻ നിലപാടിൽ മാറ്റം വരുത്തി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഔദ്യോഗിക കാര്യങ്ങൾക്ക് മുഖ്യമന്ത്രിയുടെ അനുമതിയില്ലാതെ





വരരുതെന്നാണു പറഞ്ഞത്. വ്യക്തിപരമായ ആവശ്യങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഉദ്യോഗസ്ഥർക്ക് രാജ്ഭവനിലേക്കു വരാം. ഔദ്യോഗിക ആവശ്യങ്ങൾക്ക് മുഖ്യമന്ത്രിയുടെ അനുമതിയോടെ മാത്രം വന്നാൽ മതിയെന്ന് ഗവർണർ വ്യക്തമാക്കി. മുഖ്യമന്ത്രി അയച്ച കത്ത് പരസ്പരവിരുദ്ധമാണെന്ന്, മാധ്യപ്രവർത്തകർക്കു മുൻപിൽ അതു വായിച്ചുകൊണ്ടു ഗവർണർ പറഞ്ഞു. സ്വർണക്കടത്തും ഹവാലയും ഉപയോഗിച്ചുള്ള പണം ദേശവിരുദ്ധ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതായി താൻ പറഞ്ഞിട്ടില്ലെന്നും ഇത്തരത്തിൽ ദേശവിരുദ്ധ പ്രവർത്തനം നടക്കുന്നില്ലെന്നുമാണു മുഖ്യമന്ത്രി കത്തിൽ അവകാശപ്പെടുന്നത്. എന്നാൽ ഇതേ കത്തിൽ രണ്ടാം പേജിൽ പറയുന്നത്, സ്വർണക്കടത്ത് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് അപകടമുണ്ടാക്കുന്നുവെന്നും നികുതി നഷ്ടപ്പെടുത്തുന്നുവെന്നുമാണ്. ഈ പ്രവർത്തനം ഇന്ത്യക്കെതിരെയുള്ള കുറ്റകൃത്യമാണെന്നും സൂചിപ്പിക്കുന്നു. ഇന്ത്യക്കെതിരെയുള്ള കുറ്റകൃത്യമെന്നു പറഞ്ഞാൽ രാജ്യവിരുദ്ധ പ്രവർത്തനമെന്നല്ലേ അർഥമെന്നു ഗവർണർ ചോദിച്ചു. എഴുതിയത് എന്താണെന്നു മുഖ്യമന്ത്രിക്കു മനസ്സിലായോ എന്നു സംശയമുണ്ട്. രാജ്യസുരക്ഷയെ ബാധിക്കുന്ന കാര്യങ്ങൾ രാഷ്ട്രപതിയെ അറിയിക്കേണ്ടതു തന്റെ ചുമതലയാണ്. (ശേഷം 24-ാം പേജിൽ)

## മാസപ്പടിക്കേസ്: വീണാവിജയന്റെ മൊഴിയെടുത്തു

കൊച്ചി: കരിമണൽ കമ്പനിയായ സിഎംആർഎല്ലിൽനിന്ന്, ചെയ്യാത്ത സേവനത്തിന്റെ പേരിൽ മാസപ്പടി വാങ്ങിയെന്ന കേസിൽ എസ്എഫ്ഐഒ (സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ടീം) മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണാ വിജയന്റെ മൊഴിയെടുത്തു. കഴിഞ്ഞ ഒൻപതിനാണു ചെന്നൈയിലെ ഓഫീസിലെത്തി എസ്എഫ്ഐഒ അന്വേഷണ ഉദ്യോഗസ്ഥൻ അരുൺ പ്രസാദിന് മുന്നിൽ വീണാ വിജയൻ മൊഴിനൽകിയത്. കേസ് ഏറ്റെടുത്ത് പത്തുമാസത്തിനു ശേഷമാണു നടപടി. രണ്ടുവട്ടം വീണയിൽനിന്നും മൊഴിയെടുത്തു.

ഇ-മെയിൽ വഴി നേരത്തെ നൽകിയ വിവരങ്ങൾ വീണ ആവർത്തിച്ചു.




അതേസമയം, മൊഴികളിൽ പൊരുത്തക്കേടുകളുണ്ടെന്നാണു സൂചന. എക്സാലോജിക് കമ്പനിയുടെ ഐടി കൺസൾട്ടന്റ് എന്ന നിലയിൽ നൽകിയ സേവനങ്ങൾക്കാണ് സിഎംആർഎല്ലിൽനിന്നു പണം കൈപ്പറ്റിയതെന്ന വാദത്തിൽ ഉറച്ചുനിൽക്കുകയാണ് വീണ. ഭർത്താവും മന്ത്രിയുമായ മുഹമ്മദ് റിയാസിനൊപ്പമാണു വീണാ വിജയൻ ചെന്നൈയിലെത്തിയത്. അന്നേദിവസം രാത്രിതന്നെ തിരുവനന്തപുരത്തെത്തി. കേസിൽ അന്തിമ റിപ്പോർട്ട് തയാറാക്കുന്നതിന്റെ ഭാഗമായാണ് എസ്എഫ്ഐഒ വീണാ വിജയന്റെ മൊഴിയെടുത്തത്. വീണയിൽനിന്നുള്ള വിവരശേഖരണം പൂർത്തിയായതായാണ് എസ്എഫ്ഐഒ നൽകുന്ന സൂചന. എസ്എഫ്ഐഒ തലപ്പത്ത് ഉടൻ മാറ്റങ്ങൾക്ക് സാധ്യതയുണ്ട്. അന്വേഷണ കാലാവധിയും ഉടൻ തീരും. അതിനാൽ നവംബർ പകുതിക്കുശേഷം റിപ്പോർട്ട് കോർപ്പറേറ്റ്കാര്യ മന്ത്രാലയത്തിനു സമർപ്പിക്കണമെന്നാണു വിവരം. ജനുവരിയിൽ അന്വേഷണം പ്രഖ്യാപിച്ചതിനുശേഷം പലതവണയായി സിഎംആർഎൽ, കെഎസ്ഐഡിസി ഉദ്യോഗസ്ഥരിൽനിന്നു എസ്എഫ്ഐഒ വിവരങ്ങളെടുത്തിരുന്നു. തുടക്കത്തിൽ കാണിച്ച ആവേശം പിന്നെ എന്തുകൊണ്ട് ഇല്ലെന്ന ആക്ഷേപങ്ങൾക്കിടെയാണു വീണാ വിജയന്റെ മൊഴിയെടുത്തത്.

ചെയ്യാത്ത സേവനത്തിന്റെപേരിൽ 1.72 കോടിയോളം രൂപയുടെ പണമിടപാട് നടത്തിയെന്നാണു കേസ്. കോർപ്പറേറ്റ്കാര്യ (ശേഷം 24-ാം പേജിൽ)

## മദ്രസകൾക്കുള്ള ധനസഹായം അവസാനിപ്പിക്കണം: ബാലാവകാശ കമ്മീഷൻ

ന്യൂഡൽഹി: മദ്രസകൾക്കും മദ്രസാ ബോർഡുകൾക്കും നൽകുന്ന ധനസഹായം അവസാനിപ്പിക്കണമെന്ന് ദേശീയ ബാലാവകാശ കമ്മീഷൻ നിർദേശം നൽകി. മദ്രസകളിലെ വിദ്യാഭ്യാസ രീതി വിദ്യാഭ്യാസ അവകാശ നിയമവും (ആർടിഇ-2009) ഭരണഘടനാ അവകാശങ്ങളും ലംഘിക്കുന്നുവെന്നു ചൂണ്ടിക്കാട്ടിയാണ് കമ്മീഷൻ അധ്യക്ഷൻ പ്രിയാങ്ക് കാനൂങ് ചീഫ് സെക്രട്ടറിമാർക്ക് കത്തയച്ചത്. മദ്രസാ ബോർഡുകൾ അടച്ചുപൂട്ടണമെന്നും ശിപാർശ ചെയ്യുന്നു. മദ്രസാ വിദ്യാർത്ഥികൾക്ക് നിയമപ്രകാരമുള്ള വിദ്യാഭ്യാസം നൽകണമെന്നും ഒക്ടോബർ 11-ന് അയച്ച കത്തിലുണ്ട്. ഉത്തർപ്രദേശിലെ മദ്രസ വിദ്യാഭ്യാസ ബോർഡ് നിയമം റദ്ദാക്കിയ അലഹബാദ് ഹൈക്കോടതി ഉത്തരവു സ്റ്റേ ചെയ്ത സുപ്രീം കോടതി ഉത്തരവ്, ബാലാവകാശ കമ്മീഷന്റെ (ശേഷം 24-ാം പേജിൽ)

## രത്തൻ ടാറ്റ ഓർമയായി



മുംബൈ: വ്യവസായ പ്രമുഖനും ടാറ്റാ ഗ്രൂപ്പിന്റെ അമരക്കാരനുമായ രത്തൻ ടാറ്റ (86) അന്തരിച്ചു. ടാറ്റ സൺസ് മുൻ ചെയർമാനായ അദ്ദേഹം ഇമെരിറ്റസ് ചെയർമാനായി പ്രവർത്തിച്ചുവരികയായിരുന്നു. ഒക്ടോബർ ഒൻപതിന് രാത്രി പതിനൊന്നേമുക്കാലിനാണ് മരണം സംബന്ധിച്ച് ടാറ്റ സൺസിൽനിന്ന് ഔദ്യോഗിക സ്ഥിരീകരണമുണ്ടായത്. രക്തസമ്മർദം കുറഞ്ഞ് അവശനായ രത്തൻ ടാറ്റയെ ഒക്ടോബർ ഏഴിന് പുലർച്ചെയാണ് ബ്രീച്ച് കാൻഡി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ആരോഗ്യനില മോശമായതിനെത്തുടർന്ന് അന്നുതന്നെ വെന്റിലേറ്ററിലാക്കിയിരുന്നു.

ധാർമികമൂല്യങ്ങളും മാനവികതയും സമന്വയിപ്പിച്ച് വമ്പൻ വ്യവസായ സാമ്രാജ്യം കെട്ടിപ്പടുത്ത രത്തൻ നവൽ ടാറ്റയ്ക്കു ഇന്ത്യ ആദരവോടെ വിട ചൊല്ലി. വ്യാഴാഴ്ച അതിരാവിലെ കൊളാബയിലെ വീട്ടിലേക്കാണ് മൃതദേഹം ആദ്യമെത്തിച്ചത്. കൊളാബയിലെ വീട്ടിൽനിന്ന് രത്തൻ ടാറ്റയുടെ മൃതദേഹം എൻസിപിഎ ഓഡിറ്റോറിയത്തിൽ എത്തിച്ചപ്പോൾ ആയിരങ്ങളാണ് അന്തിമോപചാരം അർപ്പിക്കാൻ എത്തിയത്. (ശേഷം 24-ാം പേജിൽ)



# യുഎൻ സമാധാനസേനാ കേന്ദ്രത്തിൽ വീണ്ടും ഇസ്രയേൽ അതിക്രമം

ജെറുസലേം: ദക്ഷിണ ലബനനിലെ യുഎൻ സമാധാനസേനാ കേന്ദ്രത്തിൽ വീണ്ടും ഇസ്രയേൽ സേനയുടെ ആക്രമണം. 'ബ്ലൂലൈൻ' ലംഘിച്ച ഇസ്രയേൽ സേനയുടെ ടാങ്കുകൾ സമാധാനസേനാകേന്ദ്രത്തിന്റെ പ്രധാന ഗേറ്റ് തകർത്തെന്നും സംഘർഷത്തിൽ 15 സമാധാന സേനാംഗങ്ങൾക്ക് നേരിയ പരുക്കേറ്റതായും അധികൃതർ അറിയിച്ചു.

പരുക്കേറ്റ സൈനികരെ സഹായിക്കുന്നതിനാണ് 'ബ്ലൂ ലൈൻ' ലംഘിച്ച് സമാധാനസേനയുടെ കേന്ദ്രത്തിൽ കടന്നതെന്ന് ഇസ്രയേൽ പ്രതികരിച്ചു. വടക്കൻ ഇസ്രയേൽ നഗരമായ ബിന്യാമിനയിൽ ഡ്രോൺ ആക്രമണത്തിൽ 20 പേർക്കു പരുക്കേറ്റു. അഞ്ചു പേരുടെ നില ഗുരുതരമാണ്.

ഇതേസമയം, വടക്കൻ ഗാസയിലും തെക്കൻ ലബനനിലും ഇസ്രയേൽ സേന ആക്രമണം ശക്തമാക്കി. മധ്യ ഗാസയിലെ നുസേറത്ത് അഭയാർത്ഥി ക്യാംപിലെ ഒരു വീട് ബോംബാക്രമണത്തിൽ തകർന്ന് ആറ് കുട്ടികൾ ഉൾപ്പെടെ എട്ട് പേർ കൊല്ലപ്പെട്ടു. ഏഴ് പേർക്കു പരുക്കേറ്റു.

വടക്കൻ ഗാസയിൽ ഇസ്രയേൽ ടാങ്കുകളുടെ മുന്നേറ്റം തടയാൻ ഹമാസ് സംഘടിക്കുന്നുവെന്ന റിപ്പോർട്ടുകളെത്തുടർന്ന് ജബാലിയ അഭയാർത്ഥി ക്യാംപിൽ പലതവണ കനത്ത ബോംബാക്രമണമുണ്ടായി. ഒട്ടേറെപ്പേർ മരിച്ചതായി റിപ്പോർട്ടുണ്ട്. ഗാസ നഗരം ഉൾപ്പെടെ വടക്കൻ ഗാസയിലെ മുഴുവൻ ആളുകളോടും ഒഴിഞ്ഞുപോകാൻ ഇസ്രയേൽ സേന ആവശ്യപ്പെട്ടിരുന്നു.

ഈ മാസം ഒന്നിനുശേഷം ഇവിടേക്ക് ഭക്ഷ്യവസ്തുക്കളൊന്നും എത്തിയിട്ടില്ലെന്നു യുഎൻ അറിയിച്ചു. ബെയ്ത് ഹനൂൻ, ജബാലിയ, ബെയ്ത് ലഹിയ പ്രദേശങ്ങൾ പൂർണമായും ഒറ്റപ്പെട്ടു.

ഇവിടെനിന്ന് ആരെയും പുറത്തുകടക്കാൻ അനുവദിക്കാതെ ഇസ്രയേൽ സേന പരിശോധന ശക്തിപ്പെടുത്തി. ഹമാസിനെ പിന്തുണച്ച് ഇസ്രയേലിലേക്കു മിസൈൽ, റോക്കറ്റ് ആക്രമണം നടത്തുന്ന ഹിസ്ബുല്ലയ്ക്കെതിരെ ദക്ഷിണ ലബനനിൽ നിരന്തര ഡ്രോൺ ആക്രമണം നടത്തി. നബാത്തിയേ നഗരത്തിലെ പൗരാണിക വ്യാപാരകേന്ദ്രം ബോംബിങ്ങിൽ പൂർണമായും തകർന്നു. ഒരാൾ കൊല്ലപ്പെടുകയും ഒട്ടേറെപ്പേർക്കു പരുക്കേൽക്കുകയും ചെയ്തു. ഓട്ടമൻ കാലത്തെ വ്യാപാരകേന്ദ്രമാണിത്. 12 ഭവനസമുച്ചയങ്ങളും 40 വ്യാപാരശാലകളും തകർന്നിട്ടുണ്ട്. രണ്ട് ആംബുലൻസുകളും ആക്രമണത്തിൽ തകർന്നു.



ഹിസ്ബുല്ല ആയുധങ്ങൾ കടത്താൻ ആംബുലൻസ് ഉപയോഗിക്കുന്നതായി ഇസ്രയേൽ ആരോപിച്ചിരുന്നു.

# വ്യത്യസ്ത കേസുകളിൽ നടൻ ബൈജുവും ബാലയും അറസ്റ്റിൽ

തിരുവനന്തപുരം: മദ്യപിച്ച് അമിതവേഗത്തിൽ കാറോടിച്ച് സ്കൂട്ടർ യാത്രക്കാരനെ ഇടിച്ചുതെറിപ്പിച്ച സംഭവത്തിൽ നടൻ ബൈജു സന്തോഷിനെയും സമൂഹ മാധ്യമങ്ങളിലൂടെ അപമാനിച്ചു എന്ന മകളുടെയും മുൻ ഭാര്യയുടെയും പരാതിയിൽ നടൻ ബാലയെ കൊച്ചിയിലും അറസ്റ്റ് ചെയ്തു.

തിരുവനന്തപുരത്ത് വെള്ളയമ്പലം ജംഗ്ഷനിൽ ബൈജുവിന്റെ കാർ സ്കൂട്ടറിലും വൈദ്യുതി പോസ്റ്റിലും ഇടിച്ചു. കവടിയാറിൽ നിന്ന് വെള്ളയമ്പലം മാനവീയം വീഥി ഭാഗത്തേക്കാണ് ബൈജു കാർ ഓടിച്ചുവന്നത്. ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും ബൈജു വൈദ്യപരിശോധനയ്ക്ക് രക്തസാമ്പിൾ കൊടുക്കാൻ തയ്യാറായില്ല. തുടർന്ന് മദ്യത്തിന്റെ ഗന്ധമുണ്ടെന്നും പരിശോധനയ്ക്ക് തയ്യാറായില്ലെന്നും ഡോക്ടർ പോലീസിനു മെഡിക്കൽ റിപ്പോർട്ട് എഴുതി നല്കി. മദ്യപിച്ച് അമിതവേഗത്തിൽ കാറോടിച്ചതിന് മ്യൂസിയം പോലീസ് ബൈജുവിനെതിരെ കേസെടുത്തു. തുടർന്ന് ഒരു മണിയോടെ ബൈജുവിനെ സ്റ്റേഷനിലെത്തിച്ച് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു. അമിതവേഗത്തിൽ കാറോടിച്ചതിന് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 279 വകുപ്പുപ്രകാരവും മദ്യപിച്ച് വാഹനമോടിച്ചതിന് മോട്ടോർ വാഹനനിയമത്തിലെ വകുപ്പ് 185 പ്രകാരവുമാണ് ബൈജുവിനെതിരെ കേസെടുത്തിരിക്കുന്നത്. മകളുടെയും മുൻ ഭാര്യയുടെയും പരാതിയിൽ പാലാരിവട്ടത്തെ വീട്ടിൽ നിന്നാണ് ബാലയെ കസ്റ്റഡിയിലെടുത്തത്. തുടർന്ന് സ്റ്റേഷനിലെത്തിച്ച് ചോദ്യം ചെയ്യലിനുശേഷം അറസ്റ്റ് രേഖപ്പെടുത്തി. സമൂഹമാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തൽ, സ്ത്രീത്വത്തെ അപമാനിക്കൽ, ബാലനീതിനിയമം എന്നിവ പ്രകാരമാണ് ബാലയ്ക്കെതിരെ കേസെടുത്തിരിക്കുന്നത്. കുറെ ദിവസങ്ങളായി ബാലയും മുൻഭാര്യയും തമ്മിലുള്ള തർക്കം വാർത്തകളിൽ നിറഞ്ഞുനിൽക്കുകയായിരുന്നു. ഇരുവരുടെയും മകൾ സമൂഹമാധ്യമത്തിൽ പങ്കിട്ട വീഡിയോ ആണ് തർക്കങ്ങൾക്ക് വഴിവെച്ചത്. ബാലയെ കാണാനോ സംസാരിക്കാനോ താത്പര്യമില്ലെന്നായിരുന്നു മകൾ പറഞ്ഞത്. തന്റെ അമ്മയെ ഉപദ്രവിച്ചിരുന്നുവെന്നും മകൾ വീഡിയോയിൽ പറയുന്നുണ്ട്. പിന്നാലെ കുട്ടിക്കെതിരെ വിമർശനങ്ങളുയർന്നു. സമൂഹമാധ്യമങ്ങളിൽ ബാലയും പ്രതികരണങ്ങൾ പങ്കുവെച്ചു. തുടർന്ന് ബാലക്കെതിരെ മുൻഭാര്യയും രംഗത്തെത്തി, ഈ പ്രശ്നങ്ങളാണ് ബാലയുടെ അറസ്റ്റിലേക്കെത്തിയത്.



ബൈജു



ബാല

# കുക്കി–സോ വിഭാഗങ്ങൾക്ക് ഏകീകൃത സംഘടന

കൊൽക്കത്ത: മണിപ്പൂരിലെ എല്ലാ കുക്കി–സോ ഗോത്രവിഭാഗങ്ങളുടെയും ഏകീകൃത സംഘടനയായ കുക്കി–സോ കൗൺസിൽ നിലവിൽവന്നു. കേന്ദ്ര സർക്കാരുമായുള്ള ചർച്ചകളിൽ കുക്കി–സോ വിഭാഗങ്ങളെ ഈ സംഘടനയായിരിക്കും പ്രതിനിധീകരിക്കുക. വിവിധ ഗോത്രങ്ങളും ഉപഗോത്രങ്ങളുമുള്ള കുക്കി–സോ വിഭാഗത്തിന് പൊതുസംഘടനയില്ലാത്തത് സമാധാനശ്രമങ്ങളിൽ തടസ്സമായിരുന്നു. എച്ച്. താങ്ലത് ആണ് കുക്കി–സോ കൗൺസിൽ ചെയർമാൻ. താങ്സമാങ് സെക്രട്ടറിയായും അജാങ് ഖൊങ്സായി ഗവേണിങ് കൗൺസിൽ തലവനായും പ്രവർത്തിക്കും. കുക്കി–സോ മേഖലകളെ ഉൾപ്പെടുത്തി കേന്ദ്രഭരണപ്രദേശം വേണമെന്നാണ് സംഘടനയുടെ ആവശ്യം. അതിനിടെ മണിപ്പൂർ പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാർ സുപ്രധാന യോഗം ചേർന്നുവെന് മുഖ്യമന്ത്രി എൻ. ബിരേൻ സിങ്ങ് പറഞ്ഞു. എന്നാൽ വിശദാംശങ്ങൾ അദ്ദേഹം പുറത്തുവിട്ടില്ല.

# വില്ലേജ് ഓഫീസ് അഴിമതി തടയാൻ നടപടികൾ

തിരുവനന്തപുരം: ഓൺലൈൻ അപേക്ഷകളിൽ കൂടുതൽ രേഖകൾ ആവശ്യപ്പെട്ട് വില്ലേജ് ഓഫീസുകളിലേക്ക് ഇനി പൊതുജനങ്ങളെ വിളിച്ചുവരുത്താനാകില്ല. ഇ-ഡിസ്ട്രിക്ട് പോർട്ടൽവഴി വിവിധ സർട്ടിഫിക്കറ്റുകൾക്കും സേവനങ്ങൾക്കുമുള്ള അപേക്ഷകളിൽ അപാകതയോ രേഖകളുടെ കുറവോ ഉണ്ടെങ്കിൽ ഉദ്യോഗസ്ഥർ നേരിട്ടു ചെന്നോ ഫോണിലൂടെയോ അപേക്ഷകരെ വിവരം അറിയിക്കണം. ഇതുസംബന്ധിച്ച വിജിലൻസിന്റെ ശിപാർശ റവന്യൂ വകുപ്പ് അംഗീകരിച്ചു. വില്ലേജ് ഓഫീസുകളിലെ മിന്നൽപരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ, വിജിലൻസ് ഡയറക്ടർ അയച്ച ശിപാർശയിലാണ് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ തീരുമാനം.

റവന്യൂ വകുപ്പിൽനിന്നുള്ള 24 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴിയും വിവിധ സേവനങ്ങൾ വകുപ്പിന്റെ പോർട്ടൽ വഴിയുമാണു നൽകുന്നത്. എങ്കിലും പല അപേക്ഷകളിലും രേഖകൾ തേടിയും അപാകതകൾ പരിഹരിക്കാനെന്ന പേരിലും ആളുകളെ ഓഫീസിലേക്കു വിളിച്ചുവരുത്തുന്നത് അഴിമതിക്ക് ഇടയാക്കുന്നതായാണു വിജിലൻസിന്റെ കണ്ടെത്തൽ. സേവനാവകാശ നിയമപ്രകാരം സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ നൽകണമെന്നും ഒരിക്കൽനൽകിയ ജാതി, നേറ്റിവിറ്റി, കൈവശ സർട്ടിഫിക്കറ്റുകൾ നിശ്ചിതകാലത്തേക്ക് വെബ്സൈറ്റിൽനിന്നു നേരിട്ടു ലഭിക്കാൻ സംവിധാനം വേണമെന്നുമുള്ള ശിപാർശകളിലും നടപടിക്കു റവന്യൂവകുപ്പ് നിർദേശം നൽകി. വില്ലേജ് ഓഫീസർമാരെ സ്വന്തം നാട്ടിൽ നിയമിക്കുന്നത് ഒഴിവാക്കണമെന്ന ശിപാർശയും അംഗീകരിച്ചു.

വില്ലേജ് ഓഫീസുകളിൽ മുൻഗണനാക്രമം മറികടന്ന് അപേക്ഷകൾ തീർപ്പാക്കുന്നുവെന്നും നേരിട്ടു ലഭിക്കുന്നവ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ രസീത് നൽകുകയോ ചെയ്യുന്നില്ലെന്നും വിജിലൻസ് കണ്ടെത്തിയെങ്കിലും ഇതിലെ നടപടി വ്യക്തമാക്കിയിട്ടില്ല.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 42
October 18, 2024

*Chief Editor* K.M. Eapen
*Executive Editor* Jose Kaniyaly
*Managing Editors* Joseph Mathew, K.O. Jose, C.P.A., Titus Eapen
*Cir2culation Manager* Ajith Eapen
*Office Administration* Anish Eapen

*Legal Advisor* Selma C. D'souza
*Manager* K.M. Thimothy
*Overseas Office* KERALA EXPRESS, KMC 172-A, C.M.S. College Jn., Kottayam - 686001, Kerala, India, Tel : + 91 481-2561203

*Co-ordinating Editor* Mani Samuel
*News Editor* Mini Mani
*Graphics* Samuel Mani
*Consultant Editor* Prof. Babu Poozhikunnel
*Special Correspondent* Anil Pennukkara

KERALA EXPRESS (USPS 011-008) is published Weekly for $54.00 per year by Grace Publications, Inc.
3425 Cleveland St, Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to Kerala Express, Grace Publications, Inc.
3425 Cleveland St, Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ഏറ്റവും കുറച്ചു സാധനങ്ങൾകൊണ്ടു തൃപ്തിപ്പെടുന്നവനാണ് ഏറ്റവും വലിയ സമ്പന്നൻ.
**സോക്രട്ടീസ്**

അറിയുമെങ്കിൽ പ്രയോഗിക്കുക, അറിവില്ലെങ്കിൽ അറിവില്ലായ്മ സമ്മതിക്കുക.
**കൺഫ്യൂഷ്യസ്**

# MEDICARE PLANS

## QUESTIONS ANSWERED

- ZERO $ PPO PREMIUM
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT


**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com






Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

Fee Discounts Available To Malayalee Clients On Specific Cases

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## വ്യവസായികളിലെ ജീവകാരുണ്യ മുഖം

രത്തൻ ടാറ്റ ഒരു ബിസിനസ് ഐക്കൺ മാത്രമല്ല. ദയയുടെയും ജീവകാരുണ്യത്തിന്റെയും പ്രതീകമായിരുന്നു. സമ്പത്തിന്റെ ഔന്നത്യത്തിലും എളിമയുടെ പ്രതിരൂപമായി ജനമനസുകളിൽ ഇടംപിടിച്ച മഹാനായ മനുഷ്യനായിരുന്നു അദ്ദേഹം. ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ജീവകാരുണ്യ ട്രസ്റ്റാണ് ടാറ്റയുടേത്.

ലാഭത്തിന്റെ 60 ശതമാനവും ജീവകാരുണ്യ, സന്നദ്ധ പ്രവർത്തനങ്ങൾക്കു മാറ്റിവെക്കുന്ന കാരുണ്യം, വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ പുതിയ ആശയങ്ങൾ, ഗ്രാമീണ വികസനത്തിനു നൽകുന്ന അളവറ്റ പിന്തുണ, മൃഗങ്ങൾ ഉൾപ്പെടെയുള്ള സഹജീവികളോടുള്ള കരുതലും സ്നേഹവും, ജീവിക്കുന്ന പ്രകൃതിയോടുള്ള പ്രണയം, ലളിതമായ ജീവിതം തുടങ്ങി നിരവധി സവിശേഷ നന്മകളാണ് ഈ വ്യവസായ കുലപതിയെ വേറിട്ടു നിർത്തുന്നത്. സംരംഭത്തിന്റെ വിജയം എന്നത് ബാങ്ക് ബാലൻസിലല്ല, സമൂഹത്തിലേക്കു പകരുന്ന കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും അളവിലാണെന്ന് രത്തൻ ടാറ്റയുടെ ജീവിതം പഠിപ്പിക്കുന്നു.

ഒരു സാധാരണക്കാരന് ടാറ്റയുടെ ബസും കാറുമാണ് ടാറ്റയെക്കുറിച്ചുള്ള ഏകദേശ അറിവ്. അതിലുപരി, ഇന്ത്യയുടെ പുരോഗതിക്ക് ഇത്രമാത്രം പങ്കുവഹിച്ച മറ്റൊരു കമ്പനി ചരിത്രത്തിൽ ഇല്ല എന്നതാണു സത്യം. കൈക്കൂലിയും അവിഹിത രാഷ്ട്രീയ ഇടപാടുകളും വഴി ഒരിക്കലും ബിസിനസ് വളർത്താൻ ഉപയോഗിക്കില്ല എന്നത് ഒരു അടിസ്ഥാന നയമായി സ്വീകരിച്ചതിനാൽ ടാറ്റ ഗ്രൂപ്പ് രാഷ്ട്രീയക്കാർക്കും മീഡിയകൾക്കും അത്ര പ്രിയപ്പെട്ടവരല്ല.

മൂല്യങ്ങളിൽ വിശ്വസിക്കുന്ന ഒരാൾ കച്ചവടക്കാരനായാൽ എങ്ങനെയിരിക്കും എന്ന ചോദ്യത്തിനു മാത്രമല്ല, മൂല്യങ്ങൾ വിറ്റുകളയാതെ അവസാനം വരെ കച്ചവടക്കാരനായി തുടരാനാകുമോ എന്ന ചോദ്യത്തിനുള്ള ഉത്തരമായിരുന്നു രത്തൻ ടാറ്റ. ഒക്ടോബർ ഒൻപതിന് മുംബൈ ബ്രീച്ച് കാൻഡ് ആശുപത്രിയിൽ 86-ാമത്തെ വയസിൽ അന്തരിച്ചു. പക്ഷേ, അദ്ദേഹം ഓർമിക്കപ്പെടുന്നത് ടാറ്റാ ഗ്രൂപ്പിന്റെ ആസ്തി 40 ഇരട്ടി വർധിപ്പിച്ചതുകൊണ്ടല്ല, മൂല്യങ്ങളെ കളയാതെ രത്നംപോലെ കാത്തതുകൊണ്ടാണ്. നൂറിലേറെ രാജ്യങ്ങളിൽനിന്നു വാരിക്കൂട്ടിയെങ്കിലും അതിസമ്പന്നരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ ഈ മുതലാളി കാണില്ല. ഒറ്റക്കാരണമേയുള്ളൂ, കിട്ടുന്നതിലേറെ രാജ്യത്തിനു കൊടുക്കും. അനുജൻ ജിമ്മിയാണെങ്കിൽ മുംബൈയിലെ രണ്ടുമുറി വീട്ടിൽ പുസ്തകങ്ങളും പത്രവും വായിച്ച് സന്തോഷമായി ജീവിക്കുന്നു. ടാറ്റ വ്യത്യസ്തമായൊരു സമ്പന്നപാരമ്പര്യമാണ്. രത്തൻ എന്നാൽ രത്നം എന്നാണർത്ഥം.

1937-ൽ മുംബൈയിലെ അതിസമ്പന്നമായ പാഴ്സി കുടുംബത്തിൽ ജനിച്ചെങ്കിലും ആദ്യാവസാനം വിജയിച്ചുകൊണ്ടിരുന്ന നായകനായിരുന്നില്ല അദ്ദേഹം. രത്തനു 10 വയസുള്ളപ്പോൾ അച്ഛൻ നവൽ ടാറ്റയും അമ്മ സൂണിയും വിവാഹമോചിതരായി. പിന്നീട് രത്തനും അനുജൻ ജിമ്മിയും മുത്തശ്ശി നവജ്ഭായിയുടെ സംരക്ഷണയിലായിരുന്നു. 1962-ൽ അമേരിക്കയിലെ കോർണൽ യൂണിവേഴ്സിറ്റിയിൽനിന്ന് ആർക്കിടെക്ചറിൽ ബിരുദം നേടിയ രത്തൻ ഇന്ത്യയിലെത്തി ടാറ്റാ ഗ്രൂപ്പിന്റെ ഭാഗമാവുകയായിരുന്നു. തുടക്കത്തിൽ പല പരാജയങ്ങളുമുണ്ടായത് ഏറെ വിമർശനങ്ങൾക്കിടയാക്കി. പക്ഷേ, കഠിനാധ്വാനത്തിലൂടെ അദ്ദേഹം കാര്യങ്ങളെ മാറ്റിമറിച്ചു. മൂന്നു വർഷത്തിനുശേഷം ടാറ്റാ സൺസ് ഡയറക്ടറായി. 1991 മാർച്ചിൽ ടാറ്റാ ഗ്രൂപ്പിന്റെ ചെയർമാനായി. ടാറ്റാ സ്റ്റീൽ, ടാറ്റാ മോട്ടോർസ്, ടാറ്റാ പവർ, ടാറ്റാ കൺസൾട്ടൻസി സർവീസസ്, ടാറ്റാ ടീ, ടാറ്റാ കെമിക്കൽസ്, ടാറ്റാ ടെലി സർവീസസ്, ദി ഇന്ത്യൻ ഹോട്ടൽസ് കമ്പനി തുടങ്ങിയ കമ്പനികളെയെല്ലാം പതിവു കോർപറേറ്റ് രീതികളിൽനിന്ന് വ്യത്യസ്തമായി അദ്ദേഹം നയിച്ചു. ഇന്ത്യയിൽ പൂർണമായും രൂപകല്പന ചെയ്ത ഇൻഡിക്ക, നാനോ കാറുകൾ രത്തൻ ടാറ്റയാണു പുറത്തിറക്കിയത്. നിരവധി വിദേശകമ്പനികൾ ഏറ്റെടുത്ത് ടാറ്റായെ ആഗോളതലത്തിൽ വളർത്താനും രത്തനു കഴിഞ്ഞു.

ഗ്രാമങ്ങളിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യമിട്ട് നിരവധി പദ്ധതികളാണു ടാറ്റ ട്രസ്റ്റ് നടത്തുന്നത്. ഇതു കൂടാതെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഗ്രാമീണ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനു സഹായം, പിന്നാക്കം നിൽക്കുന്ന 50,000 കുട്ടികൾക്കും പ്രതിമാസ സഹായം, ഗ്രാമീണമേഖലയിൽ സുരക്ഷിത കുടിവെള്ളം ലഭ്യമാക്കൽ, നൂതന കാർഷിക രീതികൾ പരിചയപ്പെടുത്തൽ എന്നിവയും ടാറ്റ ട്രസ്റ്റ് നടത്തിവരുന്നു.

നൈപുണി വികസനം, പരിശീലനം, അത്യാധുനിക കാർഷിക സാങ്കേതികവിദ്യകൾ എന്നിവയിലൂടെ ഗ്രാമീണ കർഷകരെ ശക്തീകരിക്കുന്ന ടാറ്റ ട്രസ്റ്റ് ഇതിനായി ആവിഷ്കരിച്ചതാണ് കിസാൻ സൻസാർ പദ്ധതി. എൻജിഒകൾ മുഖേന സ്റ്റോറേജ് ടാങ്കുകൾ, ജലവിതരണ പൈപ്പ് ലൈനുകൾ, മരംനടീൽ, പാർക്കുകൾ, ശ്മശാനങ്ങൾ എന്നിവയും ടാറ്റ ട്രസ്റ്റ് ഗ്രാമങ്ങളിൽ നടപ്പാക്കുന്നു.

ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ടാറ്റ ട്രസ്റ്റ് കർഷകർക്കായി മിതമായ നിരക്കിൽ സോളാർ പമ്പുകൾ നൽകുന്നുണ്ട്. ഇതുവഴി ചെലവ് കുറഞ്ഞ ജലസേചന സൗകര്യം കർഷകർക്ക് പ്രാപ്യമാകുന്നു. ഇന്ത്യയിലെ ആദ്യത്തേതും ഏറ്റവും വലുതുമായ സൗരോർജ കമ്പനിയാണ് ടാറ്റ പവർ സോളാർ. ഇന്ത്യയിലെ 13 സംസ്ഥാനങ്ങളിലായി 17 വൻകിട സൗരോർജ പദ്ധതികളാണ് കമ്പനിക്കുള്ളത്. ഇതുകൂടാതെ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും ടാറ്റ പവർ സോളാർ വൻകിട സൗരോർജ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

# ജമ്മു കാശ്മീരിൽ പ്രതിഫലിക്കുന്ന ജനവിധി

ജമ്മു-കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയശേഷം നടന്ന ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ 'ഇന്ത്യ' സഖ്യം നേടിയ വലിയ വിജയത്തിൽ ന്യായമായും അവർക്കാഹ്ലാദിക്കാം. പ്രത്യേകിച്ചും 2019-ലെ കേന്ദ്ര നടപടിയിലുള്ള ഹിതപരിശോധനയാകും ഈ തെരഞ്ഞെടുപ്പ് എന്ന് കാശ്മീർ രാഷ്ട്രീയത്തെ നിരീക്ഷിക്കുന്നവരെല്ലാം കരുതിയിരുന്ന സാഹചര്യത്തിൽ. എന്നാൽ, ഡൽഹി സർക്കാരും കേന്ദ്രവും തമ്മിലുള്ള നിരന്തര ഏറ്റുമുട്ടലുകൾ കാണുന്നവർ പുതിയ ജമ്മുകാശ്മീർ സർക്കാരും കേന്ദ്രസർക്കാരുമായുള്ള ബന്ധം എങ്ങനെ മുന്നോട്ടു കൊണ്ടുപോകും എന്നതിനെക്കുറിച്ച് ആശങ്കപ്പെടുക സ്വാഭാവികം.



ജമ്മു കാശ്മീരിൽ ഭരണം പിടിക്കാൻ ഒട്ടനവധി കാര്യങ്ങൾ കേന്ദ്ര ഭരണത്തിന്റെ അധികാരം ഉപയോഗിച്ച് ബിജെപി ചെയ്തിരുന്നു. എന്നാൽ അവർ പ്രതീക്ഷിച്ച ഒരു തെരഞ്ഞെടുപ്പ് ഫലമല്ല ഉണ്ടായത്. ഭരിക്കാനാവശ്യമായ ഭൂരിപക്ഷം, അതു നടന്നില്ലെങ്കിൽ തൂക്കുസഭ ഉറപ്പായും അവർ പ്രതീക്ഷിച്ചിരുന്നു. 2014-ലെ പോലെ ആർക്കും ഭൂരിപക്ഷമില്ലാത്ത സാഹചര്യമുണ്ടായാൽ ഭൂരിപക്ഷം തികച്ച് സർക്കാരുണ്ടാക്കുന്നതിനാണ് വോട്ടവകാശമുള്ള അഞ്ച് അംഗങ്ങളെ ലഫ്റ്റനന്റ് ഗവർണർക്ക് നാമനിർദേശം ചെയ്യാമെന്ന വ്യവസ്ഥ അവസാന നിമിഷം തിരക്കിട്ട് കൊണ്ടുവന്നത്. ജമ്മു കാശ്മീരിന്റെ പ്രത്യേക പദവിയും സംസ്ഥാനപദവിയും റദ്ദാക്കിയ കേന്ദ്ര നടപടിയോടുള്ള ജനങ്ങളുടെ പ്രതികരണമായാണു തെരഞ്ഞെടുപ്പുഫലം പൊതുവേ വിലയിരുത്തപ്പെടുന്നത്. ജമ്മു മേഖലയിലേറെയും ബിജെപിക്കൊപ്പം നിന്നപ്പോൾ കാശ്മീർ ബിജെപി വിരുദ്ധ പക്ഷത്താണു വോട്ട് ചെയ്തത്. പിഡിപിക്കു ശക്തി ചോർന്നപ്പോൾ, നാഷണൽ കോൺഫറൻസ് (എൻസി) മികച്ച വിജയം നേടി. ജമ്മു മേഖലയിൽ കോൺഗ്രസിന് പ്രതീക്ഷിച്ച മുന്നേറ്റമുണ്ടായില്ല.

നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യം യഥാക്രമം 51, 32 സീറ്റുകളിലാണു മത്സരിച്ചത്. അഞ്ച് സീറ്റുകളിൽ ഇരുകക്ഷികളും സൗഹൃദ മത്സരവും നടത്തി. സിപിഎമ്മിനു നാഷണൽ പാന്തേഴ്സ് പാർട്ടിക്കും ഓരോ സീറ്റു വിതം നൽകി. 90 അംഗ നിയമസഭയിൽ കാശ്മീരിൽ 40 സീറ്റിലും ജമ്മുവിൽ ഏഴ് സീറ്റിലുമാണ് എൻസി മത്സരിച്ചത്. കോൺഗ്രസ് കാശ്മീരിൽ ഏഴ് സീറ്റിലും ജമ്മുവിൽ 25 സീറ്റിലും മത്സരിച്ചു. കാശ്മീരിൽ ബിജെപി 19 സ്ഥാനാർത്ഥികളെയും ജമ്മുവിൽ 43 സ്ഥാനാർത്ഥികളെയും നിർത്തി.

പ്രധാനമന്ത്രി നരേന്ദ്രമോദി ജമ്മുവിൽ നാല് റാലികളിലാണു പ്രസംഗിച്ചത്. ആഭ്യന്തരമന്ത്രി അമിത് ഷാ 13 റാലികളിലും. പ്രതിരോധമന്ത്രി രാജ്നാഥ് സിങ്, ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡ, യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എന്നിവരും പ്രചാരണത്തിനെത്തി.

രാഹുൽ ഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, പ്രിയങ്ക ഗാന്ധി എന്നിവർ പ്രസംഗിച്ച ഒട്ടേറെ റാലികളാണു കോൺഗ്രസ് സംഘടിപ്പിച്ചത്. എൻസി നേതാക്കളായ ഒമർ അബ്ദുല്ലയും ഫാറൂഖ് അബ്ദുല്ലയും മണ്ഡലങ്ങൾ തോറും സഞ്ചരിച്ചു ശക്തമായ പ്രചാരണമാണു നടത്തിയത്. ഒമർ മത്സരിച്ച രണ്ടിടത്തും ജയിച്ചു.

കാശ്മീരിനു പ്രത്യേകപദവി നൽകിയ ഭരണഘടനയുടെ 370-ാം വകുപ്പിന്റെ പുനഃസ്ഥാപനം, കാശ്മീരിലെ ഭൂമിയും ജോലികളും പുറത്തുനിന്നുള്ളവർക്കു നൽകുന്നതു തടയൽ എന്നീ വിഷയങ്ങളിലാണ് എൻസിയുടെ പ്രചാരണം ഊന്നിയത്. പ്രകടനപത്രികയിൽ സൗജന്യവൈദ്യുതിയും ഒരു ലക്ഷം തൊഴിലും വാഗ്ദാനം ചെയ്തിരുന്നു. പിഡിപിയുടെ പ്രകടനപത്രിക എൻസിയുടേതിനു സമാനമായിരുന്നു. സംസ്ഥാന പദവി തിരിച്ചുനൽകുമെന്നും കാശ്മീരികളുടെ തൊഴിൽസുരക്ഷ ഉറപ്പുവരുത്തുമെന്നുമാണ് കോൺഗ്രസ് വാഗ്ദാനം ചെയ്തത്. എന്നാൽ, 370-ാം വകുപ്പു റദ്ദാക്കിയതിന്റെ നേട്ടങ്ങളിലാണ് ബിജെപി ഊന്നിയത്. ജമ്മു കാശ്മീരിൽ സമാധാനവും വികസനവും കൊണ്ടുവന്നെന്നും അവകാശപ്പെട്ടു.

കാടടച്ചു പ്രചാരണം നടത്തിയ ബിജെപി സ്വന്തം ശക്തികേന്ദ്രങ്ങൾ നിലനിർത്തിയതിനൊപ്പം നാല് സീറ്റ് അധികം നേടുകയും ചെയ്തു. അതേ സമയം ജമ്മുവിലെ ഏഴ് സീറ്റടക്കം നാഷണൽ കോൺഫറൻസ് 42 സീറ്റുകളാണു നേടിയത്. കോൺഗ്രസിന് ആറ് സീറ്റ് കിട്ടി; ഇതോടെ ഇരുപാർട്ടികളും ചേർന്നു സർക്കാരുണ്ടാക്കാനുള്ള 48 സീറ്റ് സ്വന്തമാക്കി. പിഡിപി മൂന്ന് സീറ്റിൽ ഒതുങ്ങി. എഞ്ചിനീയർ റഷീദിന്റെ അവാമി ഇത്തിഹാദ് പാർട്ടി (എഐപി) ഒരു സീറ്റിൽ ജയിച്ചു. ജയിലിലായിരുന്ന റഷീദിനെ തെരഞ്ഞെടുപ്പു പ്രചാരണത്തിനായി ജാമ്യത്തിൽ വിട്ടത് എൻസി-കോൺഗ്രസ് വോട്ട് പിളർത്താനുള്ള ബിജെപി തന്ത്രമാണെന്ന് ആരോപണമുയർന്നിരുന്നു. കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയതിനെതിരായ ജനവിധിയാണിതെന്ന് നാഷണൽ കോൺഫറൻസ് മേധാവി ഫാറൂഖ് അബ്ദുല്ല പ്രതികരിച്ചു.

## ഒരാളുടെ ഒപ്പു കാത്ത് 747 ഫയലുകൾ

തിരുവനന്തപുരം: ഒരുദ്യോഗസ്ഥന്റെ ഒപ്പുകാത്ത് 747 ഫയലുകൾ! ജീവനക്കാരുടെയും പൊതുജനങ്ങളുടെയും ആവശ്യങ്ങൾ തീർപ്പു കൽപിക്കാനുള്ള ഫയലുകളാണ് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എ. കൗശികന്റെ തീരുമാനം കാത്തു കിടക്കുന്നത്. ഫയലുകൾക്കു ജീവൻവെപ്പിക്കാൻ ഒടുവിൽ മന്ത്രിയുടെ മുന്നിൽതന്നെ പരാതികളെത്തി.

മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഓഫീസുകളിലെത്തുന്ന അപേക്ഷകളും നിർദേശങ്ങളും ഫയലാക്കി മാറ്റി പരമാവധി താഴെത്തട്ടിൽ തന്നെയാണു പരിഹരിക്കുന്നത്. എന്നാൽ, ഡയറക്ടർ നേരിട്ടു തീരുമാനമെടുക്കേണ്ട സുപ്രധാന ഫയലുകൾ അദ്ദേഹത്തിനു കൈമാറും. ഇ-ഓഫീസ് സംവിധാനം വഴി ഇങ്ങനെ എത്തുന്ന ഫയലുകളിൽ ഡയറക്ടർ സമയബന്ധിതമായി തീരുമാനമെടുക്കുന്നില്ലെന്നാണു പരാതി. ഇ-ഓഫീസിലെ രേഖകളനുസരിച്ച്, ഡയറക്ടർക്കു മുന്നിൽ കെട്ടിക്കിടക്കുന്ന 747 ഫയലുകളിൽ 506 എണ്ണം രണ്ട് മാസത്തിലേറെയായി തീരുമാനം കാക്കുന്നവയാണ്. പൊതുജനങ്ങളുടെ അപേക്ഷകൾ, കോടതി കേസുകൾ, ജീവനക്കാരുടെ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം തുടങ്ങിയവയാണു ഫയലുകളിൽ ഭൂരിപക്ഷവും. വെറ്ററിനറി ഡോക്ടർ കൂടിയായ ഡയറക്ടർക്ക് നേരത്തേ വകുപ്പിന്റെ പൂർണചുമതല ഉണ്ടായിരുന്നെങ്കിലും ലാൻഡ് റവന്യൂ കമ്മീഷണറായി ചുമതല നൽകിയതോടെ ഡയറക്ടറുടെ ജോലി അധികച്ചുമതലയായി. പൂർണചുമതല ഉണ്ടായിരുന്നപ്പോഴും കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായിരുന്നില്ല. താഴെത്തട്ടിൽ പല ഉദ്യോഗസ്ഥർ അഭിപ്രായം രേഖപ്പെടുത്തി എത്തുന്ന ഫയലുകളാണ് തീർപ്പാകാതെ കിടക്കുന്നത്.









# SEEKING LEAD PASTOR

**LifeStream Church in Franklin, TN seeks a passionate, committed, mission-oriented, and excellent communicator of God's word with good English-speaking skills to be their Lead Pastor**

LifeStream Church has been in Franklin, TN for 14 years and ministering to the South Asian population here. Recently, our community was blessed with a facility in Franklin, TN. The location is prime, equipped with a great video/audio setup to support ministry both inside and outside of the church. Our community is a multilingual and interdenominational group, mainly from Kerala, Andhra, and Tamil Nadu, with a current attendance of about 80 people. Our church believes and practices all the fundamental doctrines of the Bible, including believers' baptism and the active work of the Holy Spirit. Church has a team of Ministry Leaders for different focus areas such as Kids Ministry, Praise and Worship, Media, men and women fellowships, and Cell Group Leaders, supporting different ministry goals. The Lead Pastor will also be supported by an Associate Pastor in all spiritual activities, as needed. All of our services are conducted in English, except for a few Indian language songs.

Candidate should be a US Citizenship or Green Card holder. Previous Pastoral experience of at least 5 years as a Lead Pastor or Associate/Youth Pastor is required. Experience with ministry among multi-lingual and inter-denominational communities along with proficiency in multiple Indian languages will be an added advantage. Must be married and willing to relocate to Franklin, TN as a family. We prefer individuals between 35 to 60 years old since the community is a mix of young adults and the older generation.

Most importantly, regardless of the above preferences, if the Holy Spirit prompts you to respond, we would love to hear from you on or before October 26, 2024.

Please forward us your resume at **lifestreamchurchtn@gmail.com** which includes your testimonial, highlights of your current and previous ministries, and the reason why you believe God is leading you to LifeStream Church.

Franklin is 20 min away from Nashville, the capital city of Tennessee, popularly known as Music City. Nashville is the $10^{th}$ fastest-growing metropolitan city in the US with a current population of more than 2 million. Franklin and its surrounding cities are heavily populated with Indians (8,000+ families) presenting a great opportunity for evangelistic work.

**Please use any of the following means to get more information about the church, ministry, and its culture.**

Email: lifestreamchurchtn@gmail.com
Website: www.lifestreamchurchtn.com
Facebook: @Lifestreamtn
YouTube: @LifeStreamChurchTN
Instagram: @lifestreamchurch_tn

# ടി.പി. മാധവൻ വിടവാങ്ങി

കൊല്ലം: ചലച്ചിത്രതാരവും പത്തനാപുരം ഗാന്ധിഭവനിലെ അന്തേവാസിയുമായിരുന്ന ടി.പി. മാധവൻ (88) അന്തരിച്ചു. ഉദരസംബന്ധമായ അസുഖത്തെതുടർന്ന് കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഒക്ടോബർ ഒൻപതിനായിരുന്നു മരണം. പത്തിന് രാവിലെ പത്തനാപുരം ഗാന്ധിഭവനിലും ഉച്ചകഴിഞ്ഞ് തിരുവനന്തപുരം തൈക്കാട് ഭാരത് ഭവനിലും മൃതദേഹം പൊതുദർശനത്തിന് വെച്ചശേഷം വൈകുന്നേരം അഞ്ചിന് തിരുവനന്തപുരം ശാന്തികവാടത്തിൽ സംസ്കാരം നടത്തി.

ഗ്രന്ഥകാരനും വിദേശ സർവകലാശാലകളിലടക്കം ഡീനുമായിരുന്ന ഡോ. എൻ. പരമേശ്വരൻ പിള്ളയുടെയും മീനാക്ഷിക്കുട്ടിയമ്മയുടെയും മൂത്ത മകനായി 1935 നവംബർ ഏഴിന് തിരുവനന്തപുരത്താണ് ടി.പി. മാധവന്റെ ജനനം. ആഗ്ര യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽനിന്ന് സോഷ്യോളജിയിൽ ബിരുദാനന്തരബിരുദം നേടിയ ടി.പി. മാധവൻ പി



ന്നീട് ഡൽഹി എസ്എഡിസിയിൽനിന്നും ബിസിനസ് മാനേജ്മെന്റിൽ ഡിപ്ലോമ നേടി. 1960-ൽ കൊൽക്കത്ത പബ്ലിസിറ്റി സൊസൈറ്റി ഓഫ് ഇന്ത്യയിൽ അഡ്വർടൈസ്മെന്റിൽ ബ്യൂറോ ചീഫായി ജോലിയിൽ പ്രവേശിക്കുകയും ബ്ലിറ്റ്സ്, ഫ്രീ പ്രസ് ജേർണൽ എന്നിവയിൽ പ്രവർത്തിക്കുകയും ചെയ്തു. 1970-ൽ മധു സംവിധാനം ചെയ്ത 'പ്രിയ' എന്ന സിനിമയിൽ അഭിനയിച്ചുകൊണ്ടാണ് വെള്ളിത്തിരയിലെത്തുന്നത്. പപ്പയുടെ സ്വന്തം അപ്പൂസ്, കല്യാണരാമൻ, വിയറ്റ്നാം കോളനി, നരസിംഹം, ലേലം, പുലിവാൽ കല്യാണം, അനന്തഭദ്രം തുടങ്ങി ഒട്ടേറെ ഹിറ്റ് സിനിമകളിൽ സ്വഭാവ നടനായി തിളങ്ങാൻ അദ്ദേഹത്തിനു കഴിഞ്ഞു. മലയാള സിനിമാതാരസംഘടനയായ 'അമ്മ' രൂപീകരിച്ചപ്പോൾ അതിന്റെ ആദ്യത്തെ ജനറൽ സെക്രട്ടറിയായ ടി.പി. തുടർച്ചയായി പത്ത് വർഷം ആ സ്ഥാനം അലങ്കരിച്ചു.

ആശ്രമജീവിതം ആഗ്രഹിച്ച് ഹരിദ്വാറിലേക്ക് പോയ ടി.പി. മാധവന് അവിടെവെച്ച് പക്ഷാഘാതം ഉണ്ടായി. ഹരിദ്വാറിലെ സന്യാസിമാരും മറ്റും ചേർന്ന് ആശുപത്രിയിലെത്തിച്ച് ചികിത്സിക്കുകയും ഏകദേശം നടക്കാമെന്നായപ്പോൾ അവർ തിരികെ നാട്ടിലേക്ക് അയയ്ക്കുകയുമായിരുന്നു. തിരുവനന്തപുരത്തെത്തി ഒരു ലോഡ്ജ് മുറിയിൽ ദുരിതപൂർണമായ ജീവിതം നയിച്ചുവന്ന അദ്ദേഹം ഒടുവിൽ ഗാന്ധിഭവനിലെത്തുകയായിരുന്നു. സിനിമയിൽ സജീവമായതോടെ ഭാര്യ വിവാഹമോചനം നേടിയിരുന്നു.

ഭാര്യ പരേതയായ ഗിരിജ മേനോൻ. മക്കൾ: ദേവിക, രാജകൃഷ്ണ മേനോൻ (എയർ ലിഫ്റ്റ്, ഷെഫ്, പിപ്പ, ബറാഹ് ആന, ബാസ് യുൻ ഹായ് എന്നീ ഹിന്ദി ചലച്ചിത്രങ്ങൾ സംവിധാനം ചെയ്ത ബോളിവുഡ് സംവിധായകനാണ് രാജകൃഷ്ണമേനോൻ). സഹോദരങ്ങൾ: ഡോ. രാംനായർ (യുഎസ്എ), ഇന്ദിര നായർ, കല്യാണി ഉണ്ണിത്താൻ (യുഎസ്എ), ചന്ദ്രിക നായർ (പൂനെ), ഉണ്ണി തിരുക്കോട്.

# ഒറ്റതെരഞ്ഞെടുപ്പിനെ എതിർത്ത് കേരള നിയമസഭ

തിരുവനന്തപുരം: ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് എന്ന കേന്ദ്രസർക്കാർ നയത്തിനെതിരെ പ്രമേയം പാസാക്കി കേരള നിയമസഭ. രാജ്യത്ത് ഈ വിഷയത്തിൽ പ്രമേയം പാസാക്കുന്ന ആദ്യ സഭയായി കേരള നിയമസഭ മാറി. സഭയിൽ ഭരണ-പ്രതിപക്ഷ ഏകകണ്ഠമായാണ് പ്രമേയം പാസാക്കിയത്.

പ്രതിപക്ഷത്തു നിന്നുള്ള ചില ഭേദഗതികൾ അംഗീകരിക്കുകയും ചെയ്തു. മുഖ്യമന്ത്രി പിണറായി വിജയന്റെ അഭാവത്തിൽ മന്ത്രി എം.ബി രാജേഷാണ് പ്രമേയം അവതരിപ്പിച്ചത്. രാജ്യത്തെ തെരഞ്ഞെടുപ്പുകളാകെ ഒരേ സമയത്ത് നടത്താനുള്ള ശിപാർശ ഭരണഘടനയുടെ അന്തഃസത്തയ്ക്കു നിരക്കാത്തതും ഭരണഘടനാ മൂല്യങ്ങൾക്ക് എതിരുമാണെന്ന് പ്രമേയം ചൂണ്ടിക്കാട്ടി. അത് അടിസ്ഥാനപരമായി ജനാധിപത്യ വിരുദ്ധവും ഇന്ത്യയുടെ ഭരണഘടനയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന്റെ കടയ്ക്കൽ കത്തി വെക്കുന്നതുമാണ്. ജനാധിപത്യ വികേന്ദ്രീകരണം സാധ്യമാക്കുന്നതിനു പകരം അങ്ങേയറ്റത്തെ അധികാര കേന്ദ്രീകരണത്തിനു വഴിവെക്കുന്നതാണിത്. രാജ്യത്ത് ഒരു കേന്ദ്രീകൃത യൂണിറ്ററി ഭരണസംവിധാനം യാഥാർത്ഥ്യമാക്കാനുള്ള ആർ.എസ്.എസ്-ബിജെപി ശ്രമമാണ് ഇതിലൂടെ വ്യക്തമാകുന്നത്. ഈ അജണ്ട നടപ്പാക്കാനായി ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് എന്ന ആശയം നടപ്പാക്കുന്നത് സംസ്ഥാന നിയമസഭകളുടെ അധികാരാവകാശങ്ങളെ ദുർബലപ്പെടുത്തും. ഇത് പ്രാദേശിക സർക്കാരുകളായി നിലകൊള്ളേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളെ അപ്രസക്തമാക്കും. അങ്ങനെ അധികാര വികേന്ദ്രീകരണത്തെ ശിഥിലമാക്കാൻ ജനാധിപത്യ സംവിധാനത്തിലെ ജനകീയ പങ്കാളിത്തത്തെ തന്നെ ഇല്ലാതാക്കുമെന്നും പ്രമേയം പറയുന്നു. അടിസ്ഥാനപരമായി ജനാധിപത്യ വിരുദ്ധമായ ഈ നീക്കത്തിൽ നിന്ന് അടിയന്തരമായി പിന്തിരിയണമെന്ന് കേന്ദ്ര സർക്കാരിനോട് കേരള നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നതായും പ്രമേയം വ്യക്തമാക്കുന്നു.

സ്വാതന്ത്ര്യം നേടിയശേഷം ഇന്ത്യ തെരഞ്ഞെടുത്തത് ഒരു ബഹുകക്ഷി ജനാധിപത്യ വ്യവസ്ഥിതിയെയാണ്. അത് രാജ്യത്ത് ശക്തിപ്പെട്ടു വരികയാണ്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വിവിധ കക്ഷികൾ അധികാരത്തിൽ വരുകയും ഒരേ സമയത്ത് വ്യത്യസ്ത നിലപാടുകളുള്ള രാഷ്ട്രീയ കക്ഷികൾ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും അധികാരത്തിലിരിക്കുകയും ചെയ്തിട്ടുണ്ട്.

വൈവിധ്യങ്ങളെ അപ്രസക്തമാക്കുന്നതാണ് കേന്ദ്രസർക്കാരിന്റെ നീക്കമെന്നും പ്രമേയത്തിലുണ്ട്.

# ഇന്ത്യയിൽ ബാല്യവിവാഹം കൂടുന്നു

ന്യൂഡൽഹി: നിയമനടപടികൾ കർശനമാക്കിയിട്ടും ഇന്ത്യയിൽ ബാല്യവിവാഹം വർദ്ധിക്കുന്നതായി ദേശീയ ബാലാവകാശ കമ്മീഷൻ (എൻസിപിസിആർ) വെളിപ്പെടുത്തി. 2023-24-ൽ മാത്രം 11 ലക്ഷത്തിലധികം കുട്ടികളെ ബാല്യവിവാഹ സാധ്യത തിരിച്ചറിഞ്ഞ് പിന്തിരിപ്പിച്ചതായും കമ്മീഷൻ അറിയിച്ചു.

അസം, കർണാടക, ബംഗാൾ, തമിഴ്നാട്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലാണ് ഏറ്റവുമധികം ബാല്യവിവാഹങ്ങൾ നടക്കുന്നത്.

സ്കൂളിലും കുടുംബാംഗങ്ങളിലും ബോധവത്കരണ പരിപാടികൾ, നിയമപാലകരുമായുള്ള ഏകോപനം തുടങ്ങിയവയിലൂടെയാണ് ഇതു സാധ്യമായതെന്നും അധികൃതർ അറിയിച്ചു. 30 ദിവസം തുടർച്ചയായി സ്കൂളിൽ ഹാജരാകാത്ത കുട്ടികളെ കണ്ടെത്തി നിരീക്ഷിക്കാൻ ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ സ്കൂളുകളിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാല്യവിവാഹങ്ങൾ വർദ്ധിക്കുന്നുവെന്ന് വനിതാ ശിശുമന്ത്രാലയം പാർലമെന്റിൽ സമർപ്പിച്ച കണക്കുകളും സാക്ഷ്യപ്പെടുത്തുന്നു.

# ഫോബ്സ് ഇന്ത്യ പട്ടികയിൽ ഏഴ് മലയാളികൾ

കൊച്ചി: 2024-ലെ രാജ്യത്തെ അതിസമ്പന്നരുടെ ഫോബ്സ് പട്ടികയിൽ ഇത്തവണ ഏഴ് മലയാളികൾ ഇടംനേടി. നൂറു പേരുടെ പട്ടികയാണ് ഫോബ്സ് പ്രസിദ്ധീകരിച്ചത്.

ജോർജ് ജേക്കബ്, ജോർജ് തോമസ്, സാറാ ജോർജ്, ജോർജ് അലക്സാണ്ടർ എന്നിവരുടെ ആസ്തികൾ ചേർത്ത് 7.8 ബില്യൺ ഡോളറോടെ (65,520 കോടി രൂപ) ധനികരായ മലയാളി കുടുംബമായി മുത്തൂറ്റ് പട്ടികയിൽ ഒന്നാമതായി ഇടംപിടിച്ചു. രാജ്യത്ത് 37-ാം സ്ഥാനത്താണ് മുത്തൂറ്റ് കുടുംബം. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലിയാണ് മലയാളിയായ വ്യക്തിഗത സമ്പന്നരിൽ മുന്നിൽ. 7.4 ബില്യൺ ഡോളർ ആസ്തിയോടെ (62,160 കോടി രൂപ) രാജ്യത്തെ 39-ാം സ്ഥാനം യൂസഫലി സ്വന്തമാക്കി.

കല്യാൺ ജ്വവലേഴ്സ് മാനേജിങ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ അറുപതാം സ്ഥാനത്തുണ്ട്. 5.38 ബില്യൺ ഡോളറാണ് (45,192 കോടി രൂപ) ടി.എസ് കല്യാണരാമന്റെ ആസ്തി. 4.35 ബില്യൺ ഡോളർ ആസ്തിയോടെ (36,540 കോടി രൂപ) ഇൻഫോസിസ് സഹസ്ഥാപകൻ ക്രിസ് ഗോപാലകൃഷ്ണൻ 73-ാം സ്ഥാനത്തുണ്ട്. 3.5 ബില്യൺ ഡോളർ ആസ്തിയോടെ (29,400 കോടി രൂപ) ജെംസ് ഗ്രൂപ്പ് ചെയർമാൻ സണ്ണി വർക്കി 95-ാം സ്ഥാനത്തും 3.4 ബില്യൺ ആസ്തിയോടെ (28,560 കോടി രൂപ)ആർപി ഗ്രൂപ്പ് ചെയർമാൻ രവി പിള്ള 97-ാം സ്ഥാനത്തും 3.37 ബില്യൺ ഡോളർ ആസ്തിയോടെ (28,308 കോടി രൂപ) ജോയ് ആലുക്കാസ് 98-ാം സ്ഥാനത്തും ഇടംനേടി.

മുകേഷ് അംബാനിയാണ് രാജ്യത്തെ ഏറ്റവും ധനികൻ. 119.5 ബില്യൺ ഡോളർ ആസ്തിയാണ് മുകേഷ് അംബാനിക്കുള്ളത്.






# വെരി റവ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പാ സപ്തതി നിറവിൽ



വെരി റവ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പാ

ജീവിതയാത്രയിൽ, ദൈവീക വഴിയിലൂടെ ശുശ്രൂഷചെയ്ത്, കഴിഞ്ഞ മുപ്പത്തിയഞ്ചു വർഷങ്ങളായി ടാമ്പാ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരിയായി നിസ്തുല സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പാ അച്ചൻ സപ്തതിയുടെ നിറവിലെത്തി നിൽക്കുന്നു.

എറണാകുളം ജില്ലയിലെ ഓണക്കൂർ ഗ്രാമത്തിൽ ശ്രേഷ്ഠപുരോഹിതന്മാരുടെ ഒരു നീണ്ട നിരയാൽ അനുഗൃഹീതമായ, പൗരാണിക പ്രൗഢിയുടെ പാരമ്പര്യമുള്ള വട്ടക്കാട്ട് വാളനടി



കുടുംബം: ടിസിൽ, ജിൻസി, സെയിൻ, ഷീബ (കൊച്ചമ്മ), കൃപ, ബേസിൽ.

യിൽ കുടുംബത്തിൽ, പൗലോസ്-ചിന്നമ്മ ദമ്പതികളുടെ മകനായി 1954 ഒക്ടോബർ 22-നാണ് ജോർജ് പൗലോസ് എന്ന ബാലന്റെ ജനനം.

കുടുംബ ഇടവകയിൽ, തന്റെ പിതാവിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നേരിൽക്കണ്ട് അനുഭവിച്ചറിഞ്ഞതും വട്ടശ്ശേരിൽ മാർ ദിവന്നീയോസ് തിരുമേനിയുടെ സെക്രട്ടറി മണലിൽ യാക്കോബ് കത്തനാരുടെയും പിറവം വലിയ പള്ളി വികാരി എരുമപ്പെട്ടിയിൽ തോമസ് കത്തനാരുടെയും മാർഗ്ഗനിർദ്ദേശങ്ങളും വൈദീകവൃത്തിയിലേക്കുള്ള വഴികാട്ടിയായി.

മൂവാറ്റുപുഴ നിർമ്മലാ കോളജിലും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജിലുമായി ഡിഗ്രിപഠനം പൂർത്തിയാക്കിയ ശേഷം 1975-ൽ കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ നിന്നു B.D ബിരുദവും 1982-ൽ ഉദയപ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും M.S.W ബിരുദവും കരസ്ഥമാക്കി.

ജനീവയിലുള്ള ബോസേ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും എക്യുമെനിസത്തിൽ പഠനം പൂർത്തിയാക്കി. പതിനഞ്ചാം വയസ്സിൽ 1969 മെയ് പതിനഞ്ചിന് അഭിവന്ദ്യ മോറാൻ മാർ ഔഗേൻ മെത്രാപ്പോലീത്താ (പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവ) കോറുയോ പട്ടം നല്കി പൗരോഹിത്യ പദവിയിലേക്ക് ഉയർത്തി. അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനി പൂർണ്ണ ശെമ്മാശ്ശപട്ടം നല്കി അനുഗ്രഹിച്ചു.

1987 ഡിസംബർ ഇരുപത്തിയാറിന് ഡൽഹി ഭദ്രാസനാധിപനായിരുന്ന അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത വൈദികപട്ടം നല്കി അനുഗ്രഹിച്ചു.

ഓർത്തഡോക്സ് സഭയുടെ വിവിധ പ്രവർത്തന മണ്ഡലങ്ങളിൽ നേതൃസ്ഥാനത്ത് സജീവമായി പ്രവർത്തിച്ച് തന്റെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള കർമ്മനിരതനായ ഒരു വ്യക്തിയാണ് ബഹുമാനപ്പെട്ട ജോർജ് പൗലോസ് അച്ചൻ.

മലങ്കര സഭയുടെ ആന്ധ്രാപ്രദേശ് ശിശുക്ഷേമ പുനരധിവാസ (റീഹാബിലിറ്റേഷൻ) പ്രവർത്തനങ്ങളുടെ സെക്രട്ടറി, പരുമല മാർ ഗ്രീഗോറിയോസ് ഹോസ്പിറ്റൽ കമ്മ്യൂണിറ്റി വെൽഫെയർ പ്രോജക്ട് കോ-ഓർഡിനേറ്റർ, ഡൽഹി ഭദ്രാസന കമ്യൂണിറ്റി വെൽഫെയർ പ്രോജക്ട് സോഷ്യൽ വർക്കർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള പൗലോസ് അച്ചൻ, ലോകപ്രശസ്ത വേദശാസ്ത്ര പണ്ഡിതനും വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മെംബറും ആയിരുന്ന അഭിവന്ദ്യ ഡോ. പൗലോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായും സ്തുത്യർഹമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1988-ൽ ഫരീദാബാദ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരി, 1989 മുതൽ കോട്ടയം കങ്ങഴ M.G.D.M ഹോസ്പിറ്റൽ ചാപ്ലെയിൻ എന്നീ തസ്തികകളും അച്ചന്റെ പ്രവർത്തനമണ്ഡലങ്ങളുടെ ഭാഗമാണ്.

1990-ൽ അമേരിക്കൻ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം അമേരിക്കയിലെത്തിയ ജോർജ് പൗലോസ് അച്ചൻ അന്നുമുതൽ ഫ്ളോറിഡായിലെ ടാമ്പായിലാണ് താമസം. അഭിവന്ദ്യ മാത്യൂസ് മാർ ബർണാബസ് തിരുമേനി അമേരിക്കൻ ഭദ്രാസനാധിപനായിരുന്ന കാലത്ത്, സൗത്ത് ഈസ്റ്റ് റീജിയൻ M.G.O.C.S.M-ന്റെ പ്രഥമ വൈസ് പ്രസിഡണ്ടായി അനേകവർഷം സേവനമനുഷ്ഠിച്ചിട്ടുള്ള ജോർജ് പൗലോസ് അച്ചനായിരുന്നു ആ റീജിയനിലെ പ്രഥമ ഫാമിലി കോൺഫറൻസിന്റെ കോ-ഓർഡിനേറ്റർ ചുമതലയും. പിന്നീട് സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മർത്തമറിയം സമാജത്തിന്റെ പ്രഥമ വൈസ് പ്രസിഡണ്ടായും മെന്റൽ ഹെൽത്ത് ഡയറക്ടറായും മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചു.

കഴിഞ്ഞ 35 വർഷങ്ങളായി ടാമ്പായിലെ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരിയായി സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട അച്ചൻ, ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളുടെയും ആവശ്യങ്ങൾ അന്വേഷിച്ചറിഞ്ഞ്, അവർക്ക് ആവശ്യമായ സഹായവും സഹകരണവും പിന്തുണയും നല്കുന്നു.

ഇടവകയിലെ എല്ലാ ആത്മീയ പ്രവർത്തനങ്ങളിലും സജീവമായി ഇടപെട്ട്, അവർക്കു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നു. അതുകൊണ്ടുതന്നെ സൺഡേസ്കൂൾ, മർത്തമറിയം സമാജം തുടങ്ങിയ ഇടവക പ്രസ്ഥാനങ്ങൾ ഭദ്രാസന തലത്തിൽ അംഗീകാരങ്ങൾ നേടുന്നു. ആത്മീയ വളർച്ചയ്ക്കൊപ്പം ഇടവകയുടെ ഭൗതിക ഉന്നമനത്തിനും അച്ചൻ പ്രാധാന്യം നല്കുന്നു.

ആരാധനാലയത്തിലും പരിസരത്തിലും കാലാനുസൃതമായ നവീകരണപ്രവർത്തനങ്ങൾ നിരന്തരം നടത്തുന്നു. സുതാര്യമായ ഒരു പ്രവർത്തനശൈലിയാണ് ബഹുമാനപ്പെട്ട ജോർജ് അച്ചൻ സ്വീകരിച്ചിട്ടുള്ളത്. ഇടവകയിലെ ചെറുതും വലുതുമായ ഓരോ വിഷയങ്ങളും യഥാസമയം ഇടവകാംഗങ്ങളെ അറിയിച്ച്, അവരുടെ അഭിപ്രായങ്ങൾ മാനിച്ച് മുന്നോട്ടുപോകുന്ന ഒരു ഭരണസംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട പൗലോസ് അച്ചൻ സഭയ്ക്കും ഇടവകയ്ക്കും സമൂഹത്തിനും നല്കിപ്പോരുന്ന നിസ്തുല സേവനങ്ങൾക്കുള്ള അംഗീകാരമായി ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന കൗൺസിലിന്റെ തീരുമാനമനുസരിച്ച്, 2020 മാർച്ച് 14-ന് തൃശൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തിയോസിന്റെ പ്രധാന കാർമ്മികത്വത്തിൽ ഉന്നത പദവിയായ 'കോർ എപ്പിസ്കോപ്പാ' സ്ഥാനം നല്കി ആദരിച്ചു.


മുപ്പതു വർഷത്തോളം 'Department of Aging Services in Tampa'-യിൽ സോഷ്യൽ വർക്കറായി പ്രവർത്തിച്ചിട്ടുള്ള അച്ചൻ, യൂണിവേഴ്സിറ്റി ഓഫ് സൗത്ത് ഫ്ളോറിഡാ, സെയിന്റ് ലിയോ യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളിലെ സോഷ്യൽ വർക്ക് വിദ്യാർത്ഥികളുടെ ഇൻസ്ട്രക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. അച്ചന്റെ സേവനങ്ങൾക്കുള്ള അംഗീകാരമായി 'ഹിൽസ് ബറോ കൗണ്ടി' നിരവധി തവണ അവാർഡുകൾ



നല്കി ആദരിച്ചു.

ഓർത്തഡോക്സ് സഭയോടുള്ള കൂറും വിശ്വാസവും എക്കാലവും പുലർത്തുന്ന ജോർജ് പൗലോസ് അച്ചൻ, മറ്റ് സഹോദരീ സഭകളോടും സാമുദായിക സംഘടനകളോടും സൗഹാർദ്ദപരമായ ഒരു സമീപനമാണ് സ്വീകരിക്കുന്നത്. അതിനൊരു മികച്ച ഉദാഹരണമാണ് ഈയടുത്ത കാലത്ത് രൂപീകരിച്ച 'സീനിയർ വെൽനസ് ഫോറം.' മലയാളിസമൂഹത്തിൽ വർദ്ധിച്ചുവരുന്ന, മുതിർന്ന പൗരന്മാരുടെ ശാരീരികവും മാനസികവും സാമ്പത്തികവുമായ പ്രശ്നങ്ങൾക്ക് പ്രായോഗികമായ പരിഹാരങ്ങൾ നിർദ്ദേശിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം.

അതിന്റെ അടുത്ത പടിയായി മലയാളി സീനിയർ സിറ്റിസൺസിനായി ടാമ്പാ ഏരിയായിൽ ഒരു കമ്യൂണിറ്റി സംവിധാന ശൈലിയിൽ താമസസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ലക്ഷ്യവുമുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഉപദേശകസമിതി ചെയർമാനായി ബഹുമാനപ്പെട്ട പൗലോസ് അച്ചനെയാണ് അംഗങ്ങൾ ഐകകണ്ഠ്യേന തെരഞ്ഞെടുത്തിട്ടുള്ളത്.



ലേഖകൻ
രാജു മൈലപ്ര

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമാണ് ജോർജ് പൗലോസ് അച്ചൻ നല്കിയിട്ടുള്ളത്. ഇടവകജനങ്ങളുടെ സഹായസഹകരണത്തോടെ നിർദ്ധനരായ അനേകം കുടുംബങ്ങൾക്ക് ജാതിമതഭേദമെന്യേ നിരന്തരം സഹായം നല്കിപ്പോരുന്നു. ഡയോസിസ് ഓഫ് സൗത്ത് ഈസ്റ്റ് അമേരിക്ക 2022-ൽ ആരംഭിച്ച 'സ്നേഹസ്പർശം' പദ്ധതിക്ക് നാലു വീടുകൾ പണിയാനായി ഓണക്കൂറിൽ തന്റെ സ്വന്തം സ്ഥലം പരിശുദ്ധ സഭയ്ക്ക് ഇഷ്ടദാനമായി നല്കി മാതൃകയായി.

1987-ൽ വിവാഹിതനായ ജോർജ് പൗലോസ് അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അദ്ദേഹത്തിന്റെ സഹധർമ്മിണി ഷീബാ (കൊച്ചമ്മ) താങ്ങും തണലുമായി ഒപ്പമുണ്ട്. കുടുംബസമേതം ടാമ്പായിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന അച്ചന് ജിൻസി, ബേസിൽ എന്നീ രണ്ട് മക്കളാണുള്ളത്.

സ്വന്തം ജന്മദേശത്തും ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും വിവിധ വിദേശരാജ്യങ്ങളിലും സേവനമനുഷ്ഠിക്കുന്നതിനുള്ള അപൂർവ്വ അവസരം ലഭിച്ചിട്ടുള്ള ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പാ, സഭയുടെയും സമൂഹത്തിന്റെയും ആദരവും അംഗീകാരവും നേടിയ ഒരു വിശിഷ്ട വ്യക്തിത്വത്തിനുടമയാണ്.

സപ്തതിയുടെ നിറവിൽ എത്തിനിൽക്കുന്ന ബഹുമാനപ്പെട്ട ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പാ അച്ചന് പ്രാർത്ഥനാനിർഭരമായ ആയുരാരോഗ്യങ്ങൾ നേരുന്നു.

# ജമ്മു കാശ്മീരിൽ 'ഇന്ത്യ' സഖ്യം; ഹരിയാനയിൽ ബിജെപി

ന്യൂഡൽഹി: ഭരണവിരുദ്ധ വികാരം മുതലെടുത്ത് ഹരിയാനയിൽ അധികാരത്തിലേറാമെന്ന കോൺഗ്രസിന്റെ പ്രതീക്ഷ ഫലം കണ്ടില്ല. ആകെയുള്ള 90 സീറ്റിൽ 48-ൽ വിജയിച്ച് ബിജെപി ഹാട്രിക് വിജയം നേടിയപ്പോൾ കോൺഗ്രസ് 37 സീറ്റിലൊതുങ്ങി.



ജമ്മു കാശ്മീരിലെ ശ്രീനഗറിൽ തെരഞ്ഞെടുപ്പു വിജയം ആഘോഷിക്കുന്ന നാഷണൽ കോൺഫറൻസ്, കോൺഗ്രസ് പ്രവർത്തകർ.

ജമ്മു കാശ്മീരിൽ ബിജെപിയുടെ പ്രതീക്ഷകൾ അട്ടിമറിച്ച് നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യത്തിനു വ്യക്തമായ ഭൂരിപക്ഷം ലഭിച്ചു. ജമ്മു കാശ്മീരിലെ 90 നിയമസഭാ സീറ്റുകളിൽ 48 ഇടത്ത് നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യവും 29 ഇടത്ത് ബിജെപിയും വിജയിച്ചു. ഇരു സംസ്ഥാനങ്ങളിലും കേവല ഭൂരിപക്ഷത്തിനുവേണ്ടത് 46 പേരുടെ പിന്തുണയാണ്.

ഹരിയാനയിൽ വോട്ടെണ്ണലിന്റെ ആദ്യ റൗണ്ടുകളിൽ വളരെ പിന്നിൽ നിന്ന ശേഷമായിരുന്നു ബിജെപിയുടെ ഗംഭീര തിരിച്ചുവരവ്. എക്സിറ്റ് പോളുകളും ഹരിയാനയിൽ കോൺഗ്രസ് അധികാരത്തിലെത്തുമെന്നായിരുന്നു പ്രവചിച്ചത്. ഇതു ശരിവെക്കുന്ന തരത്തിലായിരുന്നു വോട്ടെണ്ണലിന്റെ ആദ്യമണിക്കൂർ. എന്നാൽ അതെല്ലാം നിഷ്പ്രഭമാക്കി ചെറിയ സമയത്തിനുള്ളിൽ ബിജെപി തങ്ങളുടെ തേരോട്ടം ആരംഭിച്ചു. ഗ്രാമീണമേഖലകളിൽ കോൺഗ്രസിനു മേൽക്കൈ നേടാൻ സാധിച്ചില്ലെങ്കിലും നഗരപ്രദേശങ്ങളിലേക്ക് എത്തിയപ്പോൾ അതു നിലനിർത്താനായില്ല. ഭരണവിരുദ്ധ വികാരം നിലനിൽക്കുന്നുവെന്ന വിലയിരുത്തലുണ്ടായിട്ടും കോൺഗ്രസിനു കഴിഞ്ഞ തവണത്തേക്കാൾ ഏഴു സീറ്റ് മാത്രമാണ് കൂടുതൽ നേടാനായത്.

അതേസമയം, 2019-ൽ പത്തു സീറ്റ് നേടി ബിജെപിക്കൊപ്പം അധികാരം പങ്കിട്ട ജെജെപിക്ക് ഇത്തവണ ഒരു സീറ്റുപോലും ലഭിച്ചില്ല. 89 സീറ്റിലും മത്സരിച്ച ആം ആദ്മി പാർട്ടിയുടെയും സ്ഥിതി മറ്റൊന്നായിരുന്നില്ല. ഹരിയാനയിൽ ബിജെപിയും കോൺഗ്രസും തമ്മിലുള്ള വോട്ട് വ്യത്യാസം ഒരു ശതമാനത്തിൽ താഴെയാണ്.

എക്സിറ്റ് പോളുകൾ തൂക്കു നിയമസഭ പ്രവചിച്ചിടത്തുനിന്നാണു ജമ്മു കാശ്മീരിൽ കേവല ഭൂരിപക്ഷത്തോടെ 'ഇന്ത്യ'സഖ്യം അധികാരത്തിലെത്തിയത്. 42 സീറ്റിൽ നാഷണൽ കോൺഫറൻസും ആറിടത്ത് കോൺഗ്രസും ഒരിടത്ത് സിപിഎമ്മും വിജയിച്ചതോടെ 49 സീറ്റ് നേടിയാണു സഖ്യം കേവലഭൂരിപക്ഷം നേടിയത്. ഒമർ അബ്ദുള്ളയുടെ നാഷണൽ കോൺഫറൻസ് പാർട്ടിക്ക് വോട്ടെണ്ണലിന്റെ ഒരു ഘട്ടത്തിൽപ്പോലും ലീഡ് നിലയിൽ പിന്നോട്ടുപേകേണ്ടി വന്നില്ല.

അതേസമയം, 2014-ലെ തെരഞ്ഞെടുപ്പിൽ 12 സീറ്റുണ്ടായിരുന്ന കോൺഗ്രസിന്റെ അംഗബലം ഇക്കുറി നേർപകുതിയായി. ആം ആദ്മി പാർട്ടിക്ക് ജമ്മു കാശ്മീരിൽ ആദ്യമായി അക്കൗണ്ട് തുറക്കാനും സാധിച്ചു. ദോഡ മണ്ഡലത്തിൽ വിജയിച്ച മെഹ്റാജ് മാലിക്കാണ് ആം ആദ്മി പാർട്ടിക്കു വിജയമധുരം സമ്മാനിച്ചത്. അതേസമയം സ്വതന്ത്ര സ്ഥാനാർത്ഥികളുടെ പിന്തുണ ആർക്കാണെന്ന കാര്യത്തിൽ വ്യക്തതയില്ല. ഏഴു സ്വതന്ത്രരാണ് വിജയിച്ചത്.

370-ാം വകുപ്പ് റദ്ദാക്കിയശേഷമുള്ള ആദ്യതെരഞ്ഞെടുപ്പ് എന്നനിലയിൽ ഏറെ പ്രാധാന്യമുള്ളതാണു ജമ്മു കാശ്മീരിലെ തെരഞ്ഞെടുപ്പു ഫലം. സംസ്ഥാന പദവി, കർഷക പ്രശ്നം, തീവ്രവാദം അടക്കമുള്ള വിഷയങ്ങൾ തെരഞ്ഞെടുപ്പിൽ ഏറെ ചർച്ചയായിരുന്നു.

ജമ്മു കാശ്മീരിൽ ആർക്കും കേവലഭൂരിപക്ഷം ലഭിക്കില്ലെന്ന കണക്കുകൂട്ടലിൽ ബിജെപി ചില മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു.



ഹരിയാനയിലെ കുരുക്ഷേത്രയിലെ ബിജെപിയുടെ തെരഞ്ഞെടുപ്പു വിജയാഹ്ലാദത്തിൽ പ്രവർത്തകർക്കൊപ്പം മുഖ്യമന്ത്രി നയബ് സെയ്നി.

ഫലം പുറത്തുവരുന്നതിനു മുമ്പു തന്നെ അഞ്ച് അംഗങ്ങളെ നിയമസഭയിലേക്ക് നോമിനേറ്റ് ചെയ്യാൻ ലഫ്. ഗവർണർ തീരുമാനിച്ചത് പാർട്ടിയുടെ ഉന്നതതലത്തിൽ നടന്ന നീക്കങ്ങളുടെ ഭാഗമായിരുന്നു. എന്നാൽ 'ഇന്ത്യ' സഖ്യത്തിന് കേവലഭൂരിപക്ഷം ലഭിച്ചതോടെ ഈ നീക്കം അസ്ഥാനത്തായി.

## സ്വകാര്യഭൂമിയിലെ ചന്ദനമരം മുറിക്കാൻ അനുമതി

തിരുവനന്തപുരം: സ്വകാര്യഭൂമിയിലെ ചന്ദനമരങ്ങൾ വനം വകുപ്പ് മുഖേന വിൽപന നടത്തുന്നതിന് ഉടമകൾക്ക് അവകാശം നൽകുന്ന കരട് ബില്ലിന് മന്ത്രിസഭായോഗം അംഗീകാരം നൽകി. എന്നാൽ പട്ടയഭൂമിയിലെ ചന്ദനമരങ്ങൾ മുറിച്ചുവിൽക്കാൻ അനുമതിയില്ല. സ്വകാര്യ ഭൂമിയിൽ നിലവിൽ ചന്ദനമരം വെച്ചുപിടിപ്പിക്കാമെങ്കിലും അവ വിൽപന നടത്താൻ നിയമത്തിൽ വ്യവസ്ഥയില്ല. ചന്ദനമരം മോഷണം പോയാൽ ഭൂവുടമയ്ക്ക് എതിരെ കേസെടുക്കേണ്ട സാഹചര്യം വിലയിരുത്തിയാണു ബിൽ. ചന്ദനമരം വെച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉടമകൾക്ക് വൻതുക വരുമാനം ഉണ്ടാക്കാനും ചന്ദനമോഷണം കുറയ്ക്കാനും ഭേദഗതി സഹായകമാകുമെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ അറിയിച്ചു. പട്ടയഭൂമിയുടെ കാര്യത്തിൽ റവന്യൂ നിയമങ്ങളും പട്ടയ നിബന്ധനകളും ഭേദഗതി ചെയ്യണം.

അപകടകരമായ മരങ്ങൾ, ഉണങ്ങിയ മരങ്ങൾ, സ്വന്തം ആവശ്യത്തിന് കെട്ടിടം നിർമിക്കുന്നതിനുള്ള ഭൂമിയിലെ മരങ്ങൾ എന്നിവ മുറിച്ചുമാറ്റാൻ മാത്രമാണ് ഇപ്പോൾ അനുമതി. 2010-ലാണ് ചന്ദനമരങ്ങൾ മുറിക്കുന്നത് പാടേ നിരോധിച്ചുകൊണ്ടു നിയമം വന്നത്.

ഉടമകൾ വിൽക്കുന്ന ചന്ദനമരങ്ങൾ സൂക്ഷിക്കാൻ ജില്ലകളിൽ ചന്ദന ഡിപ്പോകൾ സ്ഥാപിക്കണമെന്നും മന്ത്രി അറിയിച്ചു. ഇപ്പോൾ മറയൂരിൽ മാത്രമാണ് ചന്ദന ഡിപ്പോ ഉള്ളത്.

വന കുറ്റങ്ങൾ തീർപ്പാക്കാൻ ഇപ്പോൾ വ്യക്തമായ വ്യവസ്ഥകളില്ല. ഉദ്യോഗസ്ഥന് യുക്തമെന്നു തോന്നുന്ന തുക നിശ്ചയിച്ച് വേണമെങ്കിൽ തീർപ്പാക്കാം. ഇതിനുപകരം പിഴത്തുക അടച്ചാൽ തീർപ്പാക്കുന്നതാണ് ഭേദഗതി. കോടതി നടപടികൾ ആരംഭിച്ച കേസുകളിൽ കോടതിയുടെ അനുവാദത്തോടെ ചെയ്യാമെന്ന വ്യവസ്ഥയും ചേർത്തിട്ടുണ്ട്.

വനത്തിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വലിച്ചെറിയൽ, വന്യമൃഗങ്ങളെ ശല്യപ്പെടുത്തൽ, ജലാശയങ്ങളിൽ വിഷം ചേർത്തും മറ്റു വിധത്തിലും അനധികൃതമായി മത്സ്യം പിടിക്കൽ എന്നിവ തടയും. വനം ഉൽപന്നങ്ങൾ കൈവശം വെക്കുന്നവർക്ക് അതിനുള്ള സർട്ടിഫിക്കറ്റുകൾ നൽകും. വർഷങ്ങൾക്കു മുൻപ് നിലവിൽ വന്ന പിഴത്തുകകൾ വർധിപ്പിക്കും. അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ ക്രിമിനൽ നടപടി നിയമപ്രകാരം സുതാര്യമാക്കാനും വ്യവസ്ഥ ഉൾപ്പെടുത്തി. നിയമസഭ പാസാക്കിയാൽ ഉടൻ നിയമം പ്രാബല്യത്തിൽ വരും.

## ഡോ. വന്ദനയ്ക്ക് സ്മരണാഞ്ജലിയായി ക്ലിനിക്

ആലപ്പുഴ: അക്രമിയുടെ കുത്തേറ്റു മരിച്ച കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഹൗസ് സർജൻ ഡോ. വന്ദന ദാസിന്റെ ഓർമ്മയ്ക്കായി വന്ദനയുടെ അമ്മയുടെ നാടായ തൃക്കുന്നപ്പുഴയിലെ കുടുംബവീട്ടിൽ നിർമ്മിച്ച ഡോ. വന്ദന ദാസ് മെമ്മോറിയൽ ക്ലിനിക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു. സൗജന്യ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനവും പ്രാർത്ഥനാഹാൾ സമർപ്പണവും കേന്ദ്രമന്ത്രി സുരേഷ് ഗോപി നിർവഹിച്ചു.

രമേശ് ചെന്നിത്തല എംഎൽഎ അദ്ധ്യക്ഷത വഹിച്ചു. ഡോ. വി.പി. ഗംഗാധരൻ, മോൻസ് ജോസഫ് എംഎൽഎ, ഡോ. മോഹൻ കുന്നുമ്മൽ, അജയ് തറയിൽ, എസ്. വിനോദ് കുമാർ, ഡോ. ജോസഫ് ബെന്നവൻ, സിദ്ധാർത്ഥ് ശിവ, മോഹൻ ഡി. ബാബു, ഡോ. രൻജിൻ, ബിബിൻ പി. മാത്യു. പി.ജി. ഷാജിമോൻ, ഡോ. പി. ഐശ്വര്യ തുടങ്ങിയവർ പ്രസംഗിച്ചു.






# CAN AN H-1B HOLDER START A BUSINESS IN THE USA?

This is a popular question among H-1B holders. As a review, H-1B is a non-immigrant visa offered to employees by employers for a specific job position at the employer's company. The H-1B visa is employer specific, meaning the employee is to work only for the specific employer who sponsored the employee for the H-1B. USCIS has very strict and specific rules for what H-1B holders can and cannot do while on H-1B status. Many H-1B holders have an interest in starting their own business, but be careful, because there is a fine line between what an H-1B holder can lawfully do with regards to starting their own business.

Generally, an H-1B holder can start a business, invest in the business and collect passive income from the business. However, they cannot participate in managing the business, handling the day-to-day activities of the business, or actively participate in the business operations. The reason being is because USCIS could consider the H-1B holder's income from their business as "active" due to the amount of involvement one has with their business. The H-1B holder has to remember that their H-1B visa is specific to that one employer who sponsored them for the H-1B, therefore engaging in another business, including one's own business, could be considered unlawful by USCIS.

It is recommended for H-1B holders who want to start their own business to stay away from managerial duties. Rather, hold a "silent role" or be passively present with the business operations. Generally, it is fine to be a shareholder of the company or be a part of the board of directors and attend meetings to make major decisions regarding the growth of the business. It is also generally okay for one to collect a passive income from the business, especially if they had invested money into the business. The same goes, for example, for H-1B holders investing in real estate since that would be considered as "passive income". It is important the H-1B holder has only one active source of income: from their sponsoring employer. All other incomes must be coming from passive streams.

Before thinking about starting a business, an H-1B holder is strongly advised to consult with an Immigration Attorney for the sake of maintaining their H-1B status. It is important to be cautious and prepared than to simply start a business and deal with the consequences. Attorney George has consulted with several H-1B holders who are wanting to start a business in the United States and is happy to speak to you as well. Contact our law firm to schedule a consultation appointment and get your questions answered!



**Sovmya George, Esq.**
**Attorney/Founder**
**Law Office of Sovmya George, PLLC**
**T: 972.905.0948**
**www.lawofficesg.com**

# ടാറ്റായെ നോയൽ ടാറ്റ നയിക്കും

മുംബൈ: ടാറ്റാ വ്യവസായ സാമ്രാജ്യത്തിന്റെ പുതിയ ചെയർമാനായി രത്തൻ ടാറ്റയുടെ അർധസഹോദരൻ നോയൽ ടാറ്റയെ തെരഞ്ഞെടുത്തു. സർ രത്തൻ ടാറ്റ ട്രസ്റ്റിന്റെയും ദൊറാബ്ജി ടാറ്റ ട്രസ്റ്റിന്റെയും ബോർഡ് യോഗത്തിനുശേഷം ടാറ്റാ ട്രസ്റ്റ് ചെയർമാനായി അറുപത്തേഴുകാരനായ നോയൽ ടാറ്റയെ നിയമിക്കുകയായിരുന്നു. ഇതോടെ ഇന്ത്യൻ വ്യവസായത്തിന്റെ മുഖമുദ്ര മാറ്റി, ടാറ്റ എന്ന ബ്രാൻഡിനെ ആഗോളതലത്തിൽ മുൻനിരയിലെത്തിച്ച രത്തൻ ടാറ്റയുടെ പിൻഗാമിയെക്കുറിച്ചുള്ള അഭ്യൂഹങ്ങൾക്കും വിരാമമായി. ഒക്ടോബർ ഒൻപതിന് രാത്രി മുംബൈ ബ്രീച്ച് കാൻഡി ആശുപത്രിയിലാണ് രത്തൻ ടാറ്റ അന്തരിച്ചത്.

പുതിയ ചെയർമാനായ നോയൽ ടാറ്റ രണ്ടായിരത്തിന്റെ തുടക്കത്തിലാണു ടാറ്റാ ഗ്രൂപ്പിലെത്തുന്നത്. ടാറ്റാ സ്റ്റീൽ, വാച്ച് കമ്പനിയായ ടൈറ്റൻ എന്നിവയുടെ വൈസ് ചെയർമാനാണ്. ടാറ്റാ ഇന്റർനാഷണൽ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ എന്ന നിലയിലും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെ



ച്ചു. 2010 മുതൽ 2021 വരെ നോയലിന്റെ ഭരണമികവിൽ ടാറ്റാ ഗ്രൂപ്പ് വലിയ വളർച്ച കൈവരിച്ചിരുന്നു.

യുകെയിലെ സസെക്സ് സർവകലാശാലയിൽ പഠനം പൂർത്തിയാക്കിയ അദ്ദേഹം തുടർന്ന് ലോകപ്രശസ്ത ബിസിനസ് പഠനസ്ഥാപനമായ ഇൻസീഡിൽനിന്ന് ഇന്റർനാഷണൽ എക്സിക്യൂട്ടീവ് പ്രോഗ്രാമും പൂർത്തിയാക്കി. രത്തൻ ടാറ്റയുടെ പിതാവ് നവൽ ടാറ്റ രണ്ടാമതു വിവാഹം ചെയ്ത സിമോൺ ടാറ്റയാണ് നോയലിന്റെ അമ്മ. ട്രെന്റ്, വോൾട്ടാസ്, ടാറ്റാ ഇൻവെസ്റ്റ്മെന്റ് കോർപറേഷൻ, ടാറ്റാ ഇന്റർനാഷണൽ എന്നിവയുടെ അധ്യക്ഷയാണ് സിമോൺ ടാറ്റ. 14 ടാറ്റാ ട്രസ്റ്റുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ടാറ്റാ ട്രസ്റ്റിനെ നയിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് നോയലിനുള്ളത്. സർ ദോറാബ്ജി ടാറ്റാ ട്രസ്റ്റ്, സർ രത്തൻ ടാറ്റാ ട്രസ്റ്റ് എന്നീ രണ്ടു കമ്പനികൾക്കാണു പ്രധാനമായും ടാറ്റാ സൺസിന്റെ ഉടമസ്ഥാവകാശം.

രത്തൻ ടാറ്റയുടെ ഇളയ സഹോദരൻ ജിമ്മി ടാറ്റ വ്യവസായകുടുംബത്തിന്റെ ആഡംബരങ്ങളിൽനിന്നെല്ലാം ഒഴിവായി ദക്ഷിണ മുംബൈയിലെ കൊളാബയിലുള്ള രണ്ടുമുറി അപ്പാർട്ട്മെന്റിലാണു കഴിയുന്നത്.

# ഡോ. പി.എ. ജോർജിന് ജപ്പാന്റെ ബഹുമതി

ന്യൂഡൽഹി: ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലാ മുൻ പ്രഫസർ ഡോ. പി.എ. ജോർജിന് ജപ്പാൻ സർക്കാരിന്റെ ബഹുമതി. ഇന്ത്യയിൽ ജാപ്പനീസ് പഠനം പ്രോത്സാഹിപ്പിക്കുന്നതിനും ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ഊർജിതമാക്കുന്നതിനും നൽകിയ സംഭാവനകൾ കണക്കിലെടുത്താണ് ജപ്പാൻ ചക്രവർത്തിയുടെ വിശിഷ്ടമായ 'ഓർഡർ ഓഫ് ദ റൈസിംഗ് സൺ, ഗോൾഡ് റേയ്സ് വിത്ത് നെക് റിബൺ' ബഹുമതി ജോർജിനു ലഭിച്ചത്. ഡൽഹിയിലെ ജപ്പാൻ എംബസിയിൽ നടന്ന ചടങ്ങിൽ ആക്ടിംഗ് അംബാസഡർ ആരിയൊഷി തകാഷി ജപ്പാന്റെ മൂന്നാമത്തെ ഉയർന്ന സിവിലിയൻ ബഹുമതി ജോർജിന് സമ്മാനിച്ചു. ജെഎൻയു സ്കൂൾ ഓഫ് ലാംഗ്വേജ്, ലിറ്ററേച്ചർ ആൻഡ് കൾച്ചർ സ്റ്റഡീസിലെ സെന്റർ ഫോർ ജാപ്പനീസ് സ്റ്റഡീസിന്റെ ചെയർപേഴ്സനായിരുന്നു ഡോ. ജോർജ്. കോട്ടയം ആറുമാനുരിലെ പരേതരായ കണിച്ചിറയിൽ ഏബ്രഹാം-മേരി ദമ്പതികളുടെ മകനാണു ന്യൂഡൽഹിയിൽ താമസമാക്കിയ ഡോ. ജോർജ്. സോഫിയയാണു ഭാര്യ. ഏക മകൾ ഹാറുക ജോർജ് ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്ത് ഉദ്യോഗസ്ഥയാണ്. ജപ്പാൻ ഫൗണ്ടേഷൻ ഫെലോഷിപ്പിന് നാലുതവണ ഡോ. ജോർജ് അർഹനായിട്ടുണ്ട്. ജപ്പാനിലെ പ്രമുഖ സർവകലാശാലകളിൽ വിസിറ്റിംഗ് ഫെലോയും വിസിറ്റിംഗ് പ്രഫസറുമായിരുന്നു. ജാപ്പനീസ് ഫോറിൻ മിനിസ്റ്റേഴ്സ് കമൻഡേഷനും മിയാസാവ കെൻജി ഷോറെയിഷോ അവാർഡും നേടിയിട്ടുണ്ട്. എഡിറ്റിംഗും വിവർത്തനവുമടക്കം 23 പുസ്തകങ്ങൾ ഡോ. ജോർജ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.





# പ്രഫ. സായിബാബ ഓർമയായി

ന്യൂഡൽഹി: മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അറസ്റ്റ് ചെയ്ത് 10 വർഷം തടവിലിട്ടശേഷം കുറ്റവിമുക്തനാക്കപ്പെട്ട ഡൽഹി സർവകലാശാലാ മുൻ അധ്യാപകൻ ഡോ. ജി.എൻ. സായിബാബ (57) അന്തരിച്ചു. കള്ളക്കേസിനെതിരെ വർഷങ്ങൾ നീണ്ട പോരാട്ടത്തിനൊടുവിൽ ജയിൽ മോചിതനായി ഏഴ് മാസം പിന്നിടുമ്പോഴാണ് അകാല വിയോഗം. ചെറുപ്പത്തിൽ പോളിയോ ബാധിച്ചു കാലിന്റെ സ്വാധീനം നഷ്ടപ്പെട്ടതിനെത്തുടർന്നു വീൽചെയറിലായിരുന്നു ജീവിതം. ജയിലിൽ വെച്ച് ഇടതുകൈയുടെ ചലനശേഷി നഷ്ടപ്പെട്ടു. എന്നിട്ടും ചികിത്സ നിഷേധിച്ചതടക്കം കടുത്ത മനുഷ്യാവകാശ ധ്വംസനങ്ങൾ നേരിടേണ്ടി വന്നു.

ഒരു മാസം മുൻപു പിത്താശയസഞ്ചിയിലെ ശസ്ത്രക്രിയയ്ക്കു വിധേയനായ അദ്ദേഹം ഹൈദരാബാദിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. മൃതദേഹം പൊതുദർശനത്തിനു വെച്ച ശേഷം മെഡിക്കൽ പഠനത്തിനു നൽകും.

ജയിലിൽ അടയ്ക്കപ്പെട്ടതിനു പിന്നാലെ സായിബാബയെ ഡൽഹി സർവകലാശാലയിൽനിന്നു പിരിച്ചുവിട്ടിരുന്നു. നിരോധിത സംഘടനയായ സിപിഐ മാവോയിസ്റ്റുമായി സായിബാബയ്ക്കു ബന്ധമുണ്ടെന്ന് ആരോപിച്ച് 2014-ലാണ് മഹാരാഷ്ട്ര പോലീസ് അറസ്റ്റ് ചെയ്തത്. മാവോയിസ്റ്റുകൾക്ക് സാധനങ്ങൾ എത്തിച്ചു കൊടു



ക്കുകയും സംഘടനയിലേക്ക് ആളുകളെ ചേർക്കുകയും ചെയ്തുവെന്ന് ആരോപിച്ച് യുഎപിഎ (നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം) കുറ്റം ചുമത്തി.

2022 ഒക്ടോബറിൽ സായിബാബയെ മുംബൈ ഹൈക്കോടതി കുറ്റവിമുക്തനാക്കിയെങ്കിലും മഹാരാഷ്ട്ര സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ നൽകി. സുപ്രീം കോടതി അവധി ദിനത്തിൽ പ്രത്യേക സിറ്റിങ് നടത്തിയാണ് അപ്പീൽ പരിഗണിച്ചത്. ഹൈക്കോടതി വിധി സ്റ്റേ ചെയ്യുകയും വീണ്ടും പരിഗണിക്കാൻ സുപ്രീം കോടതി ആവശ്യപ്പെടുകയും ചെയ്തു.

മാവോയിസ്റ്റ് ആശയങ്ങൾ ഇന്റർനെറ്റിൽനിന്നു ഡൗൺലോഡ് ചെയ്യുന്നതു യുഎപിഎ പ്രകാരമുള്ള കുറ്റമല്ലെന്നായിരുന്നു ഹൈക്കോടതി പുതിയ ബെഞ്ചിന്റെ വിധി. ഇതു സുപ്രീം കോടതിയും ശരിവെച്ചതോടെയാണ് കഴിഞ്ഞ മാർച്ച് ഏഴിനു സായിബാബ മോചിപ്പിക്കപ്പെട്ടത്. ഭാര്യ: വസന്തകുമാരി. മകൾ: മഞ്ജീര (വിദ്യാർത്ഥിനി).

## തൃശൂർ പൂരം:
# സുരേഷ് ഗോപി ആംബുലൻസ് ദുരുപയോഗം ചെയ്തെന്ന് പരാതി

തൃശൂർ: തൃശൂർ പൂരത്തിന്റെ ചടങ്ങുകൾ അലങ്കോലമായ സംഭവത്തിൽ പ്രശ്നപരിഹാരത്തിനായി എത്തിയ സുരേഷ് ഗോപി ആംബുലൻസ് ദുരുപയോഗം ചെയ്തെന്ന പരാതിയിൽ തൃശൂർ പോലീസ് അന്വേഷണം തുടങ്ങി. സിപിഐ തൃശൂർ മണ്ഡലം സെക്രട്ടറി അഡ്വ. സുമേഷിന്റെ പരാതിയിലാണ് അന്വേഷണം. സുമേഷിന്റെ മൊഴി തൃശൂർ എസിപി രേഖപ്പെടുത്തി.

ചടങ്ങുകൾ അലങ്കോലമായതിന്റെ പേരിൽ തിരുവമ്പാടി വിഭാഗം പൂരം നിർത്തിവെച്ചതിനു പിന്നാലെ പ്രശ്നം പരിഹരിക്കാനുള്ള ശ്രമവുമായി സുരേഷ് ഗോപി ആംബുലൻസിൽ വന്നിറങ്ങുന്നതിന്റെ ദൃശ്യങ്ങൾ പ്രചരിച്ചിരുന്നു. മറ്റു വാഹനങ്ങൾക്കു പ്രവേശനമില്ലാതെ അടച്ചിട്ട മേഖലയിലേക്ക് ആംബുലൻസിൽ സുരേഷ് ഗോപിയെ എത്തിച്ചതിൽ ഗൂഢാലോചനയുണ്ടെന്ന് എൽഡിഎഫും യുഡിഎഫും ആരോപണം ഉന്നയിച്ചിരുന്നു.

സേവാഭാരതിയുടെ ആംബുലൻസിന്റെ മുൻസീറ്റിൽ ഇരുന്ന് സുരേഷ് ഗോപി വന്നിറങ്ങുന്ന ദൃശ്യങ്ങളാണു പ്രചരിച്ചത്. പൂരം നിലയ്ക്കാതിരിക്കാൻ തിരുവമ്പാടി ദേവസ്വം പ്രതിനിധികളുമായി ചർച്ച നടത്താൻ പൂരനഗരിയിലേക്ക് ആദ്യമെത്തിയ നേതാക്കളിലൊരാൾ സുരേഷ് ഗോപിയായിരുന്നു. ആരോഗ്യ പ്രശ്നങ്ങൾ മൂലം വിശ്രമത്തിലായിരുന്ന സുരേഷ് ഗോപി പൂരത്തിന്റെ മറ്റു ചടങ്ങുകളിലൊന്നും പങ്കെടുത്തിരുന്നില്ലെന്നാണു പ്രതിപക്ഷത്തിന്റെ ആരോപണം.

# സൂപ്പർ സ്റ്റാർഷിപ് വിക്ഷേപണകേന്ദ്രത്തിൽ പിടിച്ചെടുത്തു



ബോക്ക ചിക്ക: ലോകത്തെ ഏറ്റവും കരുത്തുറ്റ റോക്കറ്റായ സ്പെയ്സ് എക്സ് സ്റ്റാർഷിപ്പിന് മറ്റൊരു ചരിത്ര നേട്ടം കൂടി സ്വന്തം. പറന്നുയർന്ന് ഏഴ് മിനിറ്റിനുശേഷം ഭൂമിയിലേക്കു തിരിച്ചുകുതിച്ച ബൂസ്റ്റർ ഭാഗം പതിവുപോലെ കടലിൽ പതിച്ചില്ല. വിക്ഷേപണകേന്ദ്രത്തിലെ ടവറിൽ ഒരുക്കിനിർത്തിയ 'ലോഹകൈകളി'ൽ അതു ഭദ്രമായി ഒതുങ്ങി. 71 മീറ്റർ നീളമുള്ള ബൂസ്റ്ററിനെ കൃത്യതയോടെ അന്തരീക്ഷത്തിൽവെച്ചു പിടിച്ചെടുക്കാനായത് ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സ്പെയ്സ് എക്സിന്റെ സാങ്കേതികമികവിന് അടിവരയിടുന്നതായി. ഒരു മണിക്കൂറിനുശേഷം പേടകം ഇന്ത്യൻ മഹാസമുദ്രത്തിൽ നിയന്ത്രണവിധേയമായി തിരിച്ചിറക്കി.

ഇതുവരെ നടത്തിയതിൽ ഏറ്റവും സാഹസികമായ പരീക്ഷണപ്പറക്കലാണ് അഞ്ചാംവട്ടം റോക്കറ്റ് നടത്തിയത്. റോക്കറ്റിന്റെ എല്ലാ ഭാഗങ്ങളും പുനരുപയോഗിക്കാനാകുമെന്ന സ്പെയ്സ് എക്സിന്റെ അവകാശവാദം ശരിവെക്കുന്നതായി പുതിയ നേട്ടം. ജൂണിൽ നടത്തിയ നാലാമത്തെ പരീക്ഷണപ്പറക്കലും വിജയകരമായിരുന്നു.

# സിദ്ദിഖിന്റെ ചോദ്യംചെയ്യൽ അവസാനിപ്പിച്ചു

തിരുവനന്തപുരം: ബലാൽസംഗക്കേസിലെ അന്വേഷണത്തോട് സഹകരിക്കുന്നില്ലെന്ന് കുറ്റപ്പെടുത്തി നടൻ സിദ്ദിഖിന്റെ ചോദ്യം ചെയ്യൽ അവസാനിപ്പിച്ച് അന്വേഷണസംഘം. മൊബൈൽഫോൺ ഉൾപ്പെടെ പോലീസ് ആവശ്യപ്പെട്ട തെളിവുകൾ സിദ്ദിഖ് ചോദ്യം ചെയ്യൽ സമയത്ത് ഹാജരാക്കിയതുമില്ല.

അതേസമയം ഷാഡോ പോലീസ് നിരന്തരം പിന്തുടർന്ന് വിവരങ്ങൾ എടുക്കുന്നുവെന്നും ഇത് മാധ്യമങ്ങൾക്ക് ചോർത്തി നല്കുന്നുവെന്നും ചൂണ്ടിക്കാട്ടി സിദ്ദിഖ് ഡിജിപിക്ക് പരാതി നല്കി. പരാതി ഡിജിപി കൊച്ചി സെൻട്രൽ പോലീസിനു കൈമാറി. ചോദ്യം ചെയ്യലിൽ സഹകരിക്കുന്നില്ലെന്ന കാര്യം സുപ്രീം കോടതിയിൽ അറിയിക്കാനാണ് അന്വേഷണ സംഘത്തിന്റെ തീരുമാനം.

രണ്ടാഴ്ചത്തേക്ക് അറസ്റ്റ് തടഞ്ഞ സുപ്രീംകോടതി വേണമെങ്കിൽ അന്വേഷണസംഘത്തിനു സിദ്ദിഖിനെ ചോദ്യം ചെയ്യാമെന്നായിരുന്നു നിർദേശിച്ചത്. മകനൊപ്പമെത്തിയ സിദ്ദിഖിനെ ക്രൈംബ്രാഞ്ച് എസ്പിമാരായ മെറിൻ ജോസഫും എസ്. മധുസൂദനനും അടങ്ങിയ പ്രത്യേക അന്വേഷണസംഘം രണ്ട് മണിക്കൂറാണ് ചോദ്യം ചെയ്തത്.

ബലാൽസംഗം നടന്ന സമയത്തും അതിനു മുമ്പും ഉപയോഗിച്ചിരുന്ന മൊബൈൽ ഫോണും ഐപാഡും അടക്കമുള്ള തെളിവുകളുമായി എത്താനായിരുന്നു നിർദേശം. അവ സിദ്ദിഖ് കൊണ്ടുവന്നില്ല.

# ബാബാ സിദ്ദിഖി വധം: ബിഷ്ണോയ് സംഘം കുറ്റമേറ്റെടുത്തു

മുംബൈ: മഹാരാഷ്ട്ര മുൻമന്ത്രിയും എൻസിപി അജിത്പവാർ വിഭാഗം നേതാവുമായ ബാബാ സിദ്ദിഖി (63) വെടിയേറ്റു കൊല്ലപ്പെട്ടതിന്റെ ഉത്തരവാദിത്വം സാമൂഹിക മാധ്യമത്തിലൂടെ ഏറ്റെടുത്ത് ലോറൻസ് ബിഷ്ണോയ് ഗുണ്ടാ സംഘം. ഒക്ടോബർ 12-ന് ശനിയാഴ്ച രാത്രിയാണ് ബാബാ സിദ്ദിഖി മൂന്നംഗസംഘത്തിന്റെ വെടിയേറ്റു മരിച്ചത്. ഹരിയാനസ്വദേശി ഗുർമൈൽ ബൽജിത്സിങ് (23), ഉത്തർപ്രദേശ് സ്വദേശി ധർമരാജ് രാജേഷ് കശ്യപ് (19) എന്നിവർ അറസ്റ്റിലായിട്ടുണ്ട്. ബാന്ദ്രയിൽ മകൻ ഇഷാൻ സിദ്ദിഖി എംഎൽഎയുടെ ഓഫീസിനു സമീപത്തായിരുന്നു സംഭവം. ദസറ ആഘോഷത്തിലെ പടക്കം പൊട്ടിക്കുന്നതിനിടെയായിരുന്നു വെടിവെപ്പ്. വയറ്റത്തും നെഞ്ചത്തും വെടിയേറ്റ് ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ബിസിനസ് വൈരാഗ്യം, ചേരിപുനരധിവാസ പദ്ധതിയെ ച്ചൊല്ലിയുള്ള തർക്കം തുടങ്ങിയവ ഉൾപ്പെടുത്തി പോലീസ് അന്വേഷണം ആരംഭിച്ചു. നടൻ സൽമാൻഖാനെ വധിക്കാൻ പദ്ധതിയിട്ടെന്ന കേസിൽ നേരത്തെ ബിഷ്ണോയ് സംഘാംഗങ്ങൾ പിടിയിലായിരുന്നു. സൽമാനുമായി അടുത്തബന്ധം പുലർത്തിയിരുന്ന നേതാവായിരുന്നു മുമ്പ് കോൺഗ്രസിലായിരുന്ന ബാബാ സിദ്ദിഖി.

FAMILY DENTAL Practice

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood

Office: (847) 581-1418,

Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil B.D.S, D.D.S

(University of Illinois Graduate) Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM

Real Estate Broker

1-847-219-6050

834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ചെറുപുഷ്പ മിഷൻലീഗ് റീജിയൻതല പ്രവർത്തനോദ്ഘാടനം



**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ഏറ്റവും വലിയ പ്രേഷിത സംഘടനയായ ചെറുപുഷ്പ മിഷൻലീഗിന്റെ ക്നാനായ റീജിയൻതല പ്രവർത്തനോദ്ഘാടനം ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ഒക്ടോബർ 6-ന് ഞായറാഴ്ച നടത്തപ്പെട്ടു. വിശുദ്ധ കുർബാനയെത്തുടർന്ന് ആഘോഷമായ പ്രദക്ഷിണത്തോടെ ചെമ്മഞ്ഞ കൊടിയേന്തിയ കുഞ്ഞുമിഷനറിമാർ കൊടിമരത്തിനടുത്തെത്തിയപ്പോൾ മിഷൻ ലീഗിന്റെ ക്നാനായ റീജിയൻ ഡയറക്ടർ റവ.ഫാ. ബിൻസ് ചേത്തലിൽ പതാക ഉയർത്തി. തുടർന്ന് പതാകകളും പ്ലാക്കാർഡുകളുമേന്തി കുഞ്ഞുമിഷനറിമാർ ദേവാലയത്തിലെത്തി. ക്നാനായ റീജിയൻ ഡയറക്ടർ വികാരി ജനറൽ റവ.ഫാ. തോമസ് മുളവനാൽ തിരിതെളിച്ച് റീജിയൻതല പ്രവർത്തനം ഉദ്ഘാടനം ചെയ്തു. മിഷൻലീഗ് ശാഖാ പ്രസിഡണ്ട് ഹാന ഓട്ടപ്പള്ളിൽ, സെക്രട്ടറി അനീറ്റ നന്തികാട്ട്, കോ-ഓർഡിനേറ്റർമാരായ ആൻസി ചേലയ്ക്കൽ, സുജ ഇത്തിത്തറ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.



## Miriam Chandy Menacherry receiving the Golden Lotus Award for Best Direction of documentary From the Shadows at the 70th National Film Awards











Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana

We can provide you a
PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM

EQUAL HOUSING LENDER
Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

Jeremy Karedan
Mortgage Broker/Owner
jeremy@citywidema.com
773-202-2600

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241

General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# പാസ്റ്റർ സാംകുട്ടി മത്തായിയെ പുരസ്കാരം നല്കി ആദരിച്ചു

ചിക്കാഗോ: 'എന്റെ യേശു എനിക്ക് നല്ലവൻ അവൻ എന്നെന്നും മതിയായവൻ' എന്ന ഗാനം ഉൾപ്പെടെ 150-ഓളം ഗാനങ്ങൾ രചിച്ച് ആത്മീയലോകത്തിന് സംഭാവന ചെയ്ത പാസ്റ്റർ സാംകുട്ടി മത്തായിയെ ഒക്ടോബർ 5-ന് ശനിയാഴ്ച വൈകിട്ട് ചിക്കാഗോ മലയാളി സമൂഹം ആദരിച്ചു. സിറ്റിയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ഐപിസി ചിക്കാഗോ



















ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്ന നിരവധി പേർ ഈ ആദരവിന് സാക്ഷികളായി. പിസിനാക്ക് നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ സമ്മേളനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ചിക്കാഗോ പെന്തെക്കോസ്തൽ മീഡിയ കോ-ഓർഡിനേറ്റർ കുര്യൻ ഫിലിപ്പ് അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ സാംകുട്ടി മത്തായി ആദ്യഗാനം രചിച്ചത് 60 വർഷങ്ങൾക്കു മുമ്പാണ്. കഴിഞ്ഞ അരനൂറ്റാണ്ട് മുമ്പ് ചിക്കാഗോയിൽ താമസമാരംഭിച്ച അദ്ദേഹം 150-ൽപ്പരം ഗാനങ്ങളെഴുതി ക്രിസ്തീയ ഗാനമേഖലയെ സമ്പുഷ്ടമാക്കി. പാസ്റ്റർ സാംകുട്ടി മത്തായിയെ ആദരിക്കുന്നതിൽ നാം വൈകിപ്പോയി എന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ കുര്യൻ ഫിലിപ്പ് സൂചിപ്പിച്ചു.

ഹിസ് വോയിസ് എന്ന സംഗീത ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ ഇതോടനുബന്ധിച്ച് നടത്തപ്പെട്ട ഗാനസന്ധ്യയിൽ പാസ്റ്റർ സാംകുട്ടി മത്തായി രചിച്ച നിരവധി ഗാനങ്ങൾ ആലപിച്ചു. ഹിസ് വോയിസ് ചിക്കാഗോ ഗ്രൂപ്പിന്റെ ഡയറക്ടർ റോണി നേതൃത്വം നല്കി. സിസ്റ്റർ ഷൈനി ഡാനിയേൽ, ടിഷ്യൻ തോമസ്, സിസ്റ്റർ നിഷിത, സജി ഫിലിപ്പ്, ജോയ്സ്, ഡോ. ബിജു ചെറിയാൻ എന്നിവർ ഗാനങ്ങൾ ആലപിച്ചു.

കേരള എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, പാസ്റ്റർ എം.ജി. ജോൺസൺ, ജോസഫ് മാത്യു, പാസ്റ്റർ ഷാജി വർഗീസ്, ഡോ. അലക്സ് ടി. കോശി, ഡോ. സജി കെ. ലൂക്കോസ്, ഡോ. ടൈറ്റസ് ഈപ്പൻ, പാസ്റ്റർ ജോസഫ് കെ. ജോസഫ്, ഡോ. വിൽസൺ ഏബ്രഹാം ഹിസ് വോയിസ് മ്യൂസിക് ഗ്രൂപ്പ് ഡയറക്ടർ റോണി, പാസ്റ്റർ ബാബു കുമ്പഴ, പാസ്റ്റർ ജോൺ ജീവനാദം തുടങ്ങിയവർ വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ആശംസകൾ അർപ്പിച്ചു.

**കുര്യൻ ഫിലിപ്പ്**

ഹിസ് വോയ്സ് മ്യൂസിക് ടീമിന്റെ പുരസ്കാരം പാസ്റ്റർ ജോസഫ് കെ. ജോസഫ്, ചിക്കാഗോ പെന്തെക്കോസ്തൽ കമ്യൂണിറ്റി മീഡിയ ഗ്രൂപ്പിന്റെ പുരസ്കാരം പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ, റിവൈവൽ ചർച്ചിന്റെ പുരസ്കാരം പാസ്റ്റർ ബാബു കുമ്പഴ, എഫ്പിസിസിയുടെ പുരസ്കാരം ഡോ. വിൽസൺ ഏബ്രഹാം എന്നിവർ നല്കി. ഡോ. സജി കെ. ലൂക്കോസ്, പാസ്റ്റർ ജോൺസൺ ഫലിപ്പ് എന്നിവർ ഷാൾ അണിയിച്ച് അദ്ദേഹത്തെ ആദരിച്ചു.



പാസ്റ്റർ സാംകുട്ടി മത്തായി നല്കിയ മറുപടി പ്രസംഗത്തിൽ കഴിഞ്ഞ 60-ൽപ്പരം വർഷങ്ങളായി സംഗീത ശുശ്രൂഷയിൽ ഏർപ്പെടുവാനുണ്ടായ പ്രചോദനം വിവരിച്ചു. 'എന്റെ യേശു എനിക്ക് നല്ലവൻ; അവൻ എന്നെന്നും മതിയായവൻ; ആപത്തിൽ രോഗത്തിൽ വൻ പ്രയാസങ്ങളിൽ മനമേ അവൻ മതിയായവൻ' എന്ന ഗാനം ആത്മഹത്യ ചെയ്യുവാൻ പോയ ഒരു യുവാവിനെ ജീവിതത്തിലേക്കു മടക്കി കൊണ്ടുവരുവാൻ സാധിച്ചത് അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞു.





നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ ബെൻ കോശിയുടെ സ്മരണ പുതുക്കുന്നതിനും ഈ സമ്മേളനം ഉപകരിച്ചു. ക്രിസ്തീയ ഗാനമേഖലയ്ക്ക് അദ്ദേഹം ചെയ്ത സംഭാവനകളെ പലരും അനുസ്മരിച്ചു. ഹിസ് വോയിസ് എന്ന സംഗീത ഗ്രൂപ്പിന്റെ അവിഭാജ്യ ഘടകമായിരുന്ന പാസ്റ്റർ ബെൻ കോശിയുടെ നിര്യാണം ഗ്രൂപ്പിന് വൻ നഷ്ടമാണ് ഉണ്ടാക്കിയതെന്ന് ഡയറക്ടർ റോണി പ്രസ്താവിച്ചു. പാസ്റ്റർ സാംകുട്ടി മത്തായിയെ ആദരിക്കുന്നതിനുള്ള പ്രോഗ്രാമിന്റെ പ്രാരംഭ നടപടികൾ ചെയ്തു വരവെയാണ് ആകസ്മികമായി പാസ്റ്റർ ബെൻ കോശി നിത്യതയിലേക്ക് പ്രവേശിച്ചത്.









ബ്രദറോണി നന്ദിപ്രകാശനം നടത്തി. ഡോക്ടർ ടൈറ്റസ് ഈപ്പൻ സമാപന പ്രാർത്ഥന നടത്തി. പാസ്റ്റർ കെ.വി. ഏബ്രഹാം ആശീർവാദം പറഞ്ഞു.

ഏറ്റവും അനുഗ്രഹിക്കപ്പെട്ട ഒരു സമ്മേളനമായിരുന്നുവെന്ന് ചടങ്ങിൽ പങ്കെടുത്ത പലരും അഭിപ്രായപ്പെട്ടു.

അല്പം വൈകിയെങ്കിലും പാസ്റ്റർ സാംകുട്ടി മത്തായിയെ ആദരിക്കുവാൻ മുൻകൈയെടുത്ത സംഘാടകരെ പലരും അഭിനന്ദിക്കുകയുണ്ടായി.

# റിട്ടയർമെന്റ് കമ്മ്യൂണിറ്റി ഹോംസ് ഇന്നിന്റെ ആവശ്യം

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച സീനിയർ സിറ്റിസൺ ഫോറത്തിന്റെ ഔപചാരികമായി ഉദ്ഘാടനവും സംഗമവും മൗണ്ട് പ്രോസ്പെക്ടിലുള്ള അസോസിയേഷൻ ഹാളിൽ വെച്ച് അതിഗംഭീരമായി നടത്തപ്പെട്ടു. നിരവധിയാളുകൾ പങ്കെടുത്ത പ്രസ്തുത പരിപാടി മുൻ ഡിജിപി ടോമിൻ ജെ. തച്ചങ്കരി ഉദ്ഘാടനം ചെയ്തു.

**ബിജു മുണ്ടയ്ക്കൽ**



ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി ആദ്ധ്യക്ഷ്യം വഹിച്ച യോഗത്തിൽ യു.കെ. മേയർ മലയാളിയായ ടോം ആദിത്യ, ചിരാഗ് ഷാ എന്നിവർ ആശംസകളറിയിച്ചു.

ഡൈനാസ്റ്റി ഹോം കെയർ സർവീസസ് ഡയറക്ടർ ചിരാഗ് ഷാ റിട്ടയർമെന്റ്, മെഡിക്കൽ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട വിശദമായ ക്ലാസ് എടുക്കുകയും സദസ്സിന്റെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്തു.

സമകാലിക രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളെ വിലയിരുത്തിയ തച്ചങ്കരി ചിക്കാഗോ മലയാളി അസോസിയേഷൻ ചെയ്യുന്ന സേവനങ്ങളെ പ്രകീർത്തിച്ചതോടൊപ്പം ഇത് ഉത്തരോത്തരം ശക്തി പ്രാപിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്തു. തുടർന്ന് ഭദ്രദീപം കൊളുത്തി അദ്ദേഹം പരിപാടി ഉദ്ഘാടനം ചെയ്തു.

ആശംസകളറിയിച്ച യു.കെ. മേയറും മലയാളിയുമായ ടോം ആദിത്യ, മുതിർന്നവരെ ആദരിക്കേണ്ടതിന്റെ സാംഗത്യവും പ്രാധാന്യവും പങ്കുവെച്ചു. തന്റെ സുദീർഘമായ രാഷ്ട്രീയ സാമൂഹിക ജീവിതത്തിൽ മുതിർന്നവരുടെ സമൂഹവുമായി താൻ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതെല്ലാം മേഖലകളിലാണെന്നും അത് തനിക്ക് എങ്ങനെയെല്ലാം ഗുണം ചെയ്തുവെന്നും വിശദീകരിച്ചു.

തുടർന്ന് വിഷയാവതരണം നടത്തിയ ബിജു മുണ്ടയ്ക്കൽ, ചിക്കാഗോയിൽ ഒരു റിട്ടയർമെന്റ് കമ്മ്യൂണിറ്റി ഹോംസ് ആരംഭിക്കുന്നതിന്റെ സാദ്ധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തെ അധികരിച്ച് വിഷയാവതരണം നടത്തി. ചിക്കാഗോയിലോ സമീപ പ്രദേശങ്ങളിലോ ഒരു മലയാളി റിട്ടയർമെന്റ് കമ്മ്യൂണിറ്റി എങ്ങനെ വികസിപ്പിക്കാൻ കഴിയും എന്നതിനെ സംബന്ധിച്ച് തുടർന്നു നടന്ന ചർച്ചയിൽ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരും ആവേശപൂർവം പങ്കെടുക്കുകയും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെക്കുകയും ചെയ്തു. ഈ നിർദേശം സമ്മേളനം തത്വത്തിൽ അംഗീകരിച്ചു.

മുൻ പ്രസിഡണ്ടുമാരായ പി.ഒ. ഫിലിപ്പ്, ബെന്നി വാച്ചാച്ചിറ, സണ്ണി വള്ളിക്കളം, ജോൺസൺ കണ്ണൂക്കാടൻ തുടങ്ങിയവർ ഈ ആശയത്തെ പിന്തുണച്ചു സംസാരിച്ചു. ഇത് ഇന്നിന്റെ ആവശ്യമാണെന്നും ഇത് നടപ്പാക്കാൻ എല്ലാവരും കൂട്ടായി ശ്രമിക്കണമെന്നും സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ടവർ ഒരുപോലെ അഭിപ്രായപ്പെട്ടു. തുടർന്നു സംസാരിച്ച തോമസ് മാത്യു, വിനു മാമ്മൂട്ടിൽ, ജോയ് വാച്ചാച്ചിറ, ജേക്കബ് ചിറയത്ത്, ജോൺ ഇലക്കാട്ട്, ജോർജ് പണിക്കർ എന്നിവർ ഈ സംരംഭത്തിന് എല്ലാ പിന്തുണയും പ്രഖ്യാപിച്ചു. ഇതിന്റെ തുടർപ്രവർത്തനങ്ങൾ, നിർവഹണം എന്നിവ സംബന്ധിച്ച് ഇനി നടക്കാൻ പോകുന്ന പൊതുയോഗത്തിൽ ചർച്ച ചെയ്യാൻ സമ്മേളനം തീരുമാനിച്ചു.

ഡോ. സിബിൾ ഫിലിപ്പ് അവതാരകയായിരുന്ന പ്രസ്തുത സമ്മേളനത്തിന് ജോസ് മണക്കാട്ട്, വർഗീസ് തോമസ്, തോമസ് വിൻസന്റ്, ആഗ്നസ് മാത്യു, ഷൈനി ഹരിദാസ്, സജി തോമസ്, ജോഷി പുവത്തുങ്കൽ എന്നിവർ നേതൃത്വം നല്കി. ആഗ്നസ് മാത്യു ടോമിൻ തച്ചങ്കരിയെ യോഗത്തിനു പരിചയപ്പെടുത്തി. പ്രവാസി മലയാളി ലീഗൽ സർവീസ് ഫോറം യുഎസ് ചാപ്റ്റർ പ്രസിഡണ്ട് മാത്യു മാപ്ലേറ്റ് ടോമിൻ ജെ. തച്ചങ്കരിയെ പൊന്നാട അണിയിച്ച് ആദരിച്ചു. ടോമിൻ തച്ചങ്കരി രചിച്ച് അദ്ദേഹം തന്നെ ഈണം പകർന്ന 'ദൈവസ്നേഹം വർണ്ണിച്ചീടാൻ' എന്ന മനോഹര ഗാനം എല്ലാവരും ചേർന്ന് ആലപിച്ചത് വേറിട്ടൊരു അനുഭവമായി. മനോജ് അച്ചേട്ട് സ്വാഗതവും വർഗീസ് തോമസ് കൃതജ്ഞതയും രേഖപ്പെടുത്തി.

# പ്രഥമ ഇന്റർ ചർച്ച് ക്രിക്കറ്റ് ടൂർണമെന്റിൽ സേക്രഡ് ഹാർട്ട് കാനഡ ചാമ്പ്യന്മാർ

**അനൂപ് മുകളേൽ**

ലോങ് ഐലൻഡ്: നോർത്ത് അമേരിക്കൻ ക്നാനായ റീജിയൻ ഇന്റർ ചർച്ച് ക്രിക്കറ്റ് ടൂർണമെന്റിൽ സേക്രഡ് ഹാർട്ട് കാനഡ 40 റണ്ണിന് സെ. മേരീസ് റോക്‌ലാൻഡ് ടീമിനെ തോല്പിച്ച് കിരീടം നേടി. വിജയികളായ സേക്രഡ് ഹാർട്ട് കാനഡ ടീമിന് ഒരപ്പാങ്കൽ ഫാമിലി സ്പോൺസർ ചെയ്ത 2500 ഡോളറും ഒ.സി. ജോസഫ് മെമ്മോറിയൽ ട്രോഫിയും സമ്മാനിച്ചു.




റണ്ണർ അപ്പായ സെ. മേരീസ് റോക്‌ലാൻഡ് ടീമിന് ബേബി ആൻഡ് സലോമി ഊരാളിൽ സ്പോൺസർ ചെയ്ത 1000 ഡോളറും രണ്ടാം റണ്ണർ അപ്പായ സെ. മേരീസ് ഡിട്രോയിറ്റ് ടീമിന് ന്യൂയോർക്ക് സോഷ്യൽ ക്ലബ് സ്പോൺസർ ചെയ്ത 750 ഡോളറും മൂന്നാം റണ്ണർ അപ്പായ ക്രൈസ്റ്റ് ദി കിംഗ് ന്യൂജേഴ്സി ടീമിന് സൻജോയ് അഗസ്റ്റിൻ (സിപിഎ) സ്പോൺസർ ചെയ്ത 500 ഡോളറും ലഭിച്ചു.

ലോങ് ഐലൻഡിലെ സെ. സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിലെ മെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിലാണ് ഇന്റർ ചർച്ച് ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിക്കപ്പെട്ടത്. സെപ്റ്റംബർ 28-ന് ശനിയാഴ്ച ദേവാലയത്തിനു സമീപമുള്ള ബ്രിയേർലി പാർക്കിൽ നോർത്ത് അമേരിക്കയിലെ വിവിധ ഇടവകകളിൽനിന്നുള്ള ഏഴ് ടീമുകൾ പങ്കെടുത്തു.

ന്യൂയോർക്ക് സെനറ്റർ കെവിൻ തോമസ് സമ്മാനദാന ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. സെ. സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ ഇടവക വികാരി ഫാ. മാത്യു മേലേടത്ത്, ന്യൂജേഴ്സ് ക്രൈസ്റ്റ് ദി കിങ് ക്നാനായ കത്തോലിക്കാ ഇടവക വികാരി ഫാ. ലിജോ കൊച്ചുപറമ്പിൽ, ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവക വികാരി ഫാ. ജോസ് തറക്കൽ, സ്പോൺസർമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

പ്രഥമ ക്രിക്കറ്റ് ടൂർണമെന്റ് വിജയകരമാക്കുന്നതിൽ സഹകരിച്ച ഇടവകജനങ്ങൾക്കും സ്പോൺസർമാർക്കും ടൂർണമെന്റ് കോ-ഓർഡിനേറ്റർ ജോപീസ് മെത്താനത്ത്, മെൻസ് മിനിസ്ട്രി ഭാരവാഹികളായ ജോജി തടത്തിൽ, ടോണി ആണ്ടുമാലിൽ എന്നിവർ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

# റൈറ്റേഴ്സ് ഫോറം ഡാളസ് ചാപ്റ്റർ വാർഷിക സമ്മേളനം; പാസ്റ്റർ ഫെയ്ത്ത് ബ്ലെസ്സൻ മുഖ്യാതിഥി


**രാജു തരകൻ**

ഡാളസ്: കേരള പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്ററിന്റെ വാർഷിക സമ്മേളനം ഒക്ടോബർ 26-ന് ശനിയാഴ്ച വൈകുന്നേരം 6.30-ന് ഐപിസി ഹെബ്രോൺ, ഡാളസിൽ വെച്ച് നടത്തപ്പെടുന്നതാണ്. സുപ്രസിദ്ധ സുവിശേഷ പ്രസംഗകൻ പാസ്റ്റർ ഫെയ്ത്ത് ബ്ലെസ്സൻ മുഖ്യാതിഥിയായിരിക്കും.

വിവിധ കാലങ്ങളിലായി കുടിയേറിയ മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ ഇടയിൽ സാഹിത്യ അഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കേരളാ പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്കയുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ അമേരിക്കയുടെ വിവിധ പട്ടണങ്ങൾ കേന്ദ്രീകരിച്ച് നടക്കാറുണ്ട്. പ്രവർത്തനമേഖലയിൽ വളരെ സജീവമായ ഡാളസ് ചാപ്റ്റർ, മണിപ്പൂർ വിഷയവുമായി ബന്ധപ്പെട്ട് കഴിഞ്ഞവർഷം നടത്തിയ മാധ്യമ സെമിനാർ ഏറെ ശ്രദ്ധ നേടിയിരുന്നു.

ഈ മാസം നടക്കുന്ന വാർഷിക സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. തോമസ് മുല്ലയ്ക്കൽ (പ്രസിഡണ്ട്), രാജു തരകൻ (സെക്രട്ടറി), തോമസ് ചെല്ലേത്ത് (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പ്രസ്തുത യോഗത്തിൽ പാസ്റ്റർ ജോൺസൺ സഖറിയാ, സാം മാത്യു, എസ്.പി ജെയിംസ്, വർഗീസ് വർഗീസ് എന്നിവർ വിവിധ ചുമതലകൾ നിർവഹിക്കുന്നതാണ്. സഭാവ്യത്യാസമില്ലാതെ ദൈവവചന സ്നേഹികളായ ഏവരെയും ഈ സമ്മേളനത്തിലേക്ക് ഇതിന്റെ ഭാരവാഹികൾ സ്വാഗതം ചെയ്യുന്നു.

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024





Mr. Jiji Philip, Managing Trustee & CE
receiving Deepika Excellence Award in
Mohammad Khan Hon'ble Governor of

# വിദേശമലയാളികളുടെ സ്നേഹവീടിന്റെ കഥ

## വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

ജീവിതത്തിന്റെ സായാഹ്നങ്ങളിലെത്തി നിൽക്കുമ്പോൾ മനുഷ്യന് ഒരാശങ്കയുണ്ടാകും. ശേഷിക്കുന്ന ജീവിതം, പരിചരണം എന്ന് തുടങ്ങി നിറയെ ചിന്തകൾ മനസിലേക്ക് ചേക്കേറും. ഒരു കാലഘട്ടത്തിനപ്പുറം നമുക്ക് നമ്മളെത്തന്നെ കൊണ്ടുനടക്കാൻ കഴിയാത്ത സമയങ്ങളിൽ ഒരു കരുതൽ അനിവാര്യമാണ്. വാർദ്ധക്യം ജീവിതത്തിലേക്ക് വിളിച്ചില്ലെങ്കിലും കടന്നു വരുന്ന അതിഥിയാണെന്നിരിക്കെ സ്വീകരിക്കുക എന്നതല്ലാതെ മറ്റു മാർഗങ്ങൾ ഒന്നുമില്ലല്ലോ. എന്നാൽ ഈ കാലയളവിനെ മനോഹരവും സമ്പൂർണവുമാക്കുകയാണ് ട്രാവൻകൂർ ഫൗണ്ടേഷൻ എന്ന ആശയം.

ജിജി ഫിലിപ്പ് എന്ന സ്നേഹാതുരനായ മനുഷ്യനെയും അദ്ദേഹത്തിനൊപ്പം നിഴലുപോലെ നിൽക്കുന്ന നേതൃത്വ നിരയുടെ പ്രവർത്തനം കൊണ്ട് ഇന്ത്യയിലെ വയോജന പരിപാലന രംഗത്തിന് മറ്റൊരു പ്രതിച്ഛായ നൽകാൻ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നുവന്ന കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് ട്രാവൻകൂർ ഫൗണ്ടേഷൻ. അന്താരാഷ്ട്ര പരിപാലന മാനദണ്ഡങ്ങളും പരിചരണ രീതികളും ഉൾപ്പെടുത്തി സമഗ്രമായ പഠനത്തിലൂടെ ഓരോ താമസക്കാരനും വ്യക്തിഗത പരിചരണം നൽകുന്നതിലൂടെ ട്രാവൻകൂർ ഫൗണ്ടേഷൻ ഇന്ന് വയോജന പരിപാലന രംഗത്ത് വേറിട്ട് നിൽക്കുന്നു. ഈ സ്ഥാപനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ഇവിടെ താമസിക്കുന്നവരിൽ തൊണ്ണൂറു ശതമാനവും വിദേശ മലയാളികൾ ആണ്. അവരാണ് ഈ സ്ഥാപനത്തിന്റെ അംബാസിഡർമാർ. ഇപ്പോൾ മോനിപ്പള്ളിയിൽ അത്യാധുനിക സൗകര്യത്തോടെ ആരംഭിക്കുന്ന വയോജന പരിപാലന കേന്ദ്രത്തിന്റെ അണിയറ പ്രവർത്തനങ്ങളിലാണ് ജിജി ഫിലിപ്പും സംഘവും. ഒക്ടോബർ പതിനെട്ടിന് അമേരിക്കയിലെത്തുന്ന ജിജി ഫിലിപ്പ് ഫ്ളോറിഡ, ന്യൂയോർക്ക്, ചിക്കാഗോ, ഡാളസ് തുടങ്ങിയ സ്ഥലങ്ങളിലായി മലയാളി സുഹൃത്തുക്കളോട് ട്രാവൻകൂർ ഫൗണ്ടേഷന്റെ മോനിപ്പള്ളി പ്രോജക്ട് വിശദീകരിക്കുന്നുണ്ട്.

### പ്രായം വെറും നമ്പറല്ല

വാർദ്ധക്യത്തിലേക്ക് കടക്കുന്ന മനുഷ്യർക്ക് സമഗ്രവും സമ്പൂർണ്ണവുമായ പരിപാലനം വാഗ്ദാനം ചെയ്യുന്ന ട്രാവൻകൂർ ഫൗണ്ടേഷനും ജിജി ഫിലിപ്പും പ്രതീക്ഷയുടെ വലിയ വെളിച്ചങ്ങളാണ് പല മനുഷ്യരുടെയും ജീവിതത്തിലേക്ക് പകർന്നു നൽകുന്നത്. തന്റെ സ്ഥാപനത്തിലെ റെസിഡന്റ്സിന്റെ വൈവിധ്യമാർന്ന ആവശ്യങ്ങൾ കണ്ടറിഞ്ഞ് കൂടെനിന്ന് നിർവ്വഹിക്കുന്ന അദ്ദേഹം പ്രിയപ്പെട്ട മനുഷ്യരെ കുറിച്ച് ആവലാതികളോടെ ഓർക്കുന്നവരുടെ ചിന്തകളെ കൂടിയാണ് സ്വതന്ത്രമാക്കുന്നത്.

വീട് എന്ന സങ്കൽപ്പത്തിനേക്കാൾ മികച്ച സംവിധാനങ്ങൾ ഇവിടെ ലഭ്യമാണ്. പ്രായമാകും തോറും പല മനുഷ്യർക്കും അവനവന്റെ വീടുകളിൽ കൃത്യമായ പരിചരണമോ ശ്രദ്ധയോ ലഭിക്കാറില്ല. ട്രാവൻകൂർ ഫൗണ്ടേഷൻ ഈ പരിമിതികളെയെല്ലാം മറികടക്കുകയും എല്ലാവിധ സംവിധാനങ്ങളും മനുഷ്യർക്ക് വേണ്ടി ഒരുക്കുകയും ചെയ്യുന്നുണ്ട്. പ്രവാസ ജീവിതത്തിന്റെ പരിമിതികളെ തിരിച്ചറിഞ്ഞുകൊണ്ട് ഒരുകാലത്ത് ജീവിച്ച അതേ സുഖശീതളിമയും പരിചരണവും ട്രാവൻകൂർ ഫൗണ്ടേഷൻ ഓരോ വ്യക്തികൾക്കായി നൽകുന്നു.

### ഇവിടം സ്വർഗമാണ്

2009 സെപ്റ്റംബർ 17-ാം തീയതിയാണ് ട്രാവൻകൂർ ഫൗണ്ടേഷൻ നിലവിൽ വരുന്നത്. മൂന്നു ഹൃദയവിശാലതയുള്ള മനുഷ്യരുടെ കാലാതീതമായ ചിന്തയിലൂടെ വളരെ ലളിതമായിട്ടായിരുന്നു ട്രാവൻകൂർ ഫൗണ്ടേഷൻ ചാരിറ്റബിൾ ട്രസ്റ്റ് ജൈത്രയാത്ര തുടങ്ങിയത്. വിദേശരാജ്യങ്ങളിലും മറ്റും റിട്ടയറായ മുതിർന്ന പൗരന്മാർക്ക് തങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കനുസൃതമായ പരിചരണം നൽകുന്നതിലൂടെ, വാർദ്ധക്യകാലത്ത് മാതാപിതാക്കൾക്ക് അഭിമാനത്തോടെയും, ആരോഗ്യത്തോടെയും ഉള്ള സുരക്ഷിതവും, മികച്ചതുമായ ജീവിതനിലവാരം ഉറപ്പു വരുത്തുക എന്ന വ്യക്തമായ കാഴ്ചപ്പാടാണ് ട്രാവൻകൂർ ഫൗണ്ടേഷനെ വ്യത്യസ്തമാക്കുന്നത്. വയോജനപരിപാലനം എന്ന ചിന്തയേക്കാൾ ഉപരിയായി രാജ്യാന്തര മാനദണ്ഡങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഫൗണ്ടേഷൻ അവരുടെ സംവിധാനങ്ങൾ നിർമിച്ചിരിക്കുന്നത്.

ജിജി ഫിലിപ്പ്, ഫിലിപ്പ് കെ. ജോൺ, മാത്യു ചാണ്ടി എന്ന മൂന്നു വ്യക്തികളാണ് ഈ വലിയ ആശയത്തിന് ആരംഭം കുറിച്ചത്. ചമ്പക്കര എന്ന പ്രദേശത്തെ ഒരു ചെറിയ കുന്നിൻ മുകളിൽ ലോക ശ്രദ്ധയാകർഷിച്ചു കൊണ്ട് തുടങ്ങിയ ട്രാവൻകൂർ ഫൗണ്ടേഷൻ മലയാളികൾക്ക് തന്നെ അഭിമാനമാകുകയാണ്.

### ഡോ. രേണു ഏബ്രഹാം വർഗീസും ട്രാവൻകൂർ ഫൗണ്ടേഷനും

ആദ്യകാല ചെയർമാനായിരുന്ന മാത്യു ചാണ്ടി മറ്റിത്ര റിട്ടയർ ചെയ്ത ഒഴിവിലേക്കാണ് അമേരിക്കൻ മലയാളിയായ ഡോ. രേണു ഏബ്രഹാം വർഗീസ് ട്രാവൻകൂർ ഫൗണ്ടേഷന്റെ ചെയർപേഴ്സണായി എത്തിയത്. ഇത് ആതുര സേവന രംഗത്തെ ഏറ്റവും മികച്ച പ്രസ്ഥാനം എന്ന നിലയിൽ വളരുവാൻ ഇടയൊരുക്കി. ഇന്ത്യയിലെ ആദ്യ അക്രഡിറ്റഡ് വയോജന സദനമെന്ന പേര് ഇന്ന് ട്രാവൻകൂർ ഫൗണ്ടേഷന്റെ പേരിലാണ്. എം. എസ്. (ക്ലിനിക്കൽ സ്പെഷ്യാലിറ്റി ഇൻ ഏജിംഗ്), എം.ഫിൽ (ജെറന്റോളജിയിൽ ഗൈഡൻസും കൗൺസിലിംഗും), ജെറന്റോളജിയിൽ പിഎച്ച്.ഡി. നേടിയ ഡോ. രേണു ന്യൂയോർക്കിലെ മേഴ്സി യൂണിവേഴ്സിറ്റിയിൽ സ്കൂൾ ഓഫ് ഹെൽത്ത് ആന്റ് നാച്ചുറൽ സയൻസിലെ ക്ലിനിക്കൽ ജെറന്റോളജിസ്റ്റ്, സൗത്ത് ആഫ്രിക്കയിൽ ഫുൾബ്രൈറ്റ് സ്പെഷ്യലിസ്റ്റ്, ന്യൂയോർക്ക് അക്കാഡമി ഓഫ് മെഡിസിൻ ഫെലോ, കോമൺ ഏജിന്റെ ഇന്ത്യാചാപ്റ്ററിന്റെ ദേശീയ മേധാവി എന്ന നിലയിലും പ്രശസ്തയാണ്. ട്രാവൻകൂർ ഫൗണ്ടേഷൻ എജ്യുക്കേഷൻ ആൻഡ് റിസർച്ച് സെന്റർ ഓൺ ഏജിംഗിന്റെ (TF ERCA) സ്ഥാപക ഡയറക്ടർ, ഫാക്കൽറ്റി, കൺസൾട്ടന്റ് എന്നീ നിലകളിൽ മുപ്പത് വർഷത്തിലേറെ അനുഭവപരിചയമുള്ള. ഡോ. രേണു ഏബ്രഹാം വർഗീസ് 2015-2016 വർഷത്തേക്കുള്ള യു.എസ് ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റ് ആൻഡ് കൾച്ചറൽ അഫയേഴ്സ് ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കുമുള്ള യു.എസ്. നെഹ്റു ഫുൾബ്രൈറ്റ് സ്കോളർഷിപ്പ് നേടി. 2019-ൽ, ജെ. വില്യം ഫുൾബ്രൈറ്റ് ഫോറിൻ സ്കോളർഷിപ്പ് ബോർഡിന്റെ ഫുൾബ്രൈറ്റ് സ്പെഷ്യലിസ്റ്റ് സ്കോളർഷിപ്പ് അവാർഡ് മൂന്ന് വർഷത്തേക്ക് (20192022) ലഭിച്ച ഡോ. രേണു ഏബ്രഹാം വർഗീസിനെ അമേരിക്കൻ മലയാളികൾക്ക് ഏതു സമയവും സമീപിക്കുവാനുള്ള അവസരവും ഫൗണ്ടേഷൻ ഒരുക്കിയിട്ടുണ്ട്.

### സ്വന്തം മാതാപിതാക്കൾ

മറ്റുള്ളവയിൽ നിന്നെല്ലാം ട്രാവൻകൂർ ഫൗണ്ടേഷനെ വ്യത്യസ്തമാക്കുന്ന ഒരുപാട് ഘടകങ്ങളുണ്ട്. അവയെല്ലാം തന്നെ നമ്മളുടെ മാതാപിതാക്കൾ അവരുടേത് കൂടിയാണെന്ന ചിന്ത ഓരോ മനുഷ്യരും കരുതുന്നതുകൊണ്ട് രൂപപ്പെട്ടതാണ്. മാതാപിതാക്കളെയോ, ബന്ധുക്കളെയോ കാണാൻ എത്തുന്നവർക്ക് അ
വർക്കൊപ്പം താമസിക്കാൻ എല്ലാ സൗ
കോട്ടേജുകൾ ഇവിടെ ലഭ്യമാക്കുന്നു
ത്ത മനുഷ്യന്റെ സർഗ, കലാവാസന
ക്കാൻ വേണ്ട പ്രവർത്തനങ്ങൾക്കായി
സംഗീതവുമുൾപ്പെടെ ഇവിടെ ലഭ്യമാ
ത്തരുടെയും അഭിരുചിക്ക് ഇണങ്ങുന്ന
ജീവിക്കാൻ അനുവദിക്കുക എന്നതാ
ണ്ടേഷന്റെ ആശയം.

### സ്നേഹവീടും മാലാഖമാരും

ട്രാവൻകൂർ ഫൗണ്ടേഷൻ പോലെ
പനത്തിലേക്കും വന്നെത്തുന്നത് വ്യത്യ
മൂഹിക സാഹചര്യങ്ങളിൽ നിന്നുള്ള
കൊണ്ടുതന്നെ അവരെ പരിപാലിക്കാ
ള്ളുന്ന മനുഷ്യർ തന്നെ ഉണ്ടാവേണ്ടത്
കീകൃതമായ ട്രാവൻകൂർ ഫൗണ്ടേഷ
ത്തിലേക്ക് ചേക്കേറിയ മാതാപിതാക്ക
ശ്യങ്ങളെ ഹൃദയം കൊണ്ട് തൊട്ടറി
കഴിവുള്ള അനുഭവസമ്പന്നരായ ജീവന
ജീവിതശൈലിയുടെ കൂടി അടയാളപ്പെ
സിഡന്റിന് രണ്ട് പരിചാരകർ എന്ന ക
ൾക്ക് 200-ൽപരം ജീവനക്കാർ ഈ സ്ഥ
പരിചരണവും പ്രവർത്തനങ്ങളും കെ
മാക്കുന്നു. വയോജന പരിപാലനത്തി
പതിനാലോളം ഡിപ്പാർട്ടുമെന്റുകൾ ഇ
അത്രത്തോളം ഓരോരുത്തർക്കും ലഭ
വിലയിരുത്താനും കൃത്യമായി നടപ്പി
ല്ലാവിധ സംവിധാനങ്ങളും ഈ മനുഷ്യ
സിഷ്യൻ, നഴ്സ്,സോഷ്യൽ വർക
കോ-ഓർഡിനേറ്റർ, ഡയറ്റീഷ്യൻ, ഫി
ടങ്ങി എല്ലാ മേഖലകളിലും വൈദഗ്ദ്യ
ടീമിനെയാണ് ഇവിടെ നിയോഗിച്ചിരി

മറ്റുള്ള സ്ഥാപനങ്ങളിൽ നിന്നും
കുന്ന സേവന നിലവാരം മെച്ചപ്പെടുത
വിധ കമ്മറ്റികളുടെ പ്രവർത്തനങ്ങളി
ളനിലവാര മാനദണ്ഡങ്ങളിലൂടെയും
ളിറ്റി കൺട്രോൾ ഡിപ്പാർട്ടുമെന്റും, സ
നത്തിലൂടെയും, പുരോഗതിയിലൂടെയു
ര്യക്ഷമത വർധിപ്പിച്ച് പ്രവർത്തനമിക
തിന് വേണ്ടി ട്രെയിനിംഗ് ആൻഡ് ഡെ
ട്ട്മെന്റും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.
മാത്രമല്ല, ആ ജോലി ചെയ്യുന്ന മനുഷ്യ
സേവനസന്നദ്ധരായ സ്റ്റാഫംഗങ്ങളെ പ
സിമുലേഷൻ ലാബും, അതിൽ പരിശീ
ഷണൽസും ഇവിടെയുണ്ട്. ഇതെല്ലാം
പരിപാലന മേഖലയിൽ ട്രാവൻകൂർ
പ്രത്യേകതകളാണ്. ഇവിടെയുള്ള മന
ത്തിലെ പ്രവർത്തകർക്ക് ആരെങ്കില
യപ്പെട്ടവർ തന്നെയാണ്.

### പുതിയ പാതകൾ, പടവുകൾ

### മോനിപ്പള്ളി ഗ്രാമിക പ്രോജക്ട്

ഭാവി മനോഹരമാക്കാൻ ആഗ്രഹമി
ട്രാവൻകൂർ ഫൗണ്ടേഷനും ഉണ്ട് ഭാ
ക്തമായ കാഴ്ചപ്പാടുകൾ. അവയെല്ല
ക്ഷേമവുമായി ബന്ധപ്പെട്ടതും ആണ്.
ദേശ മലയാളികൾക്ക് ഹെൽത്ത് ടൂറി
ലയിലും, വയോജനങ്ങൾക്കുള്ള പ്ര
സെന്റർ എന്ന നിലയിലും ബൃഹത്താ
ഇത്. ഗ്രാമിക ഇനിഷ്യേറ്റീവ്സുമായി
യാളികൾക്ക് എത്തിച്ചേരാവുന്ന ഗ്രാ
മോനിപ്പള്ളി, കല്ലിടുക്കിയിൽ ഇതിനോ
രംഭിച്ചിരിക്കുന്നു. 2027-ൽ പ്രവർത്തന
ദ്ധതിയിട്ടിരിക്കുന്ന ഈ സ്ഥാപനം വ
രംഗത്തെ നവീന ആശയങ്ങളും അ
നങ്ങളും ഒത്തിണക്കി ലോകോത്തര ജ
ടും ആഡംബര സമുച്ചയങ്ങളോടും ക
ലുമാണ് ഒരുക്കുന്നത്. ഒരു ഗ്ലോബൽ
സെന്റർ കൂടിയായി ഈ മിഷനെ കാ












EO of Travancore Foundation
Geriatric Care from Shri. Arif
Kerala.

Dr. Renu Abraham Varughese, Chairperson of Travancore Foundation receiving Platinum Status Accreditation Certificate from Mr. R Subrahmanyam, Secretary to Ministry of Social Justice and Empowerment Government of India.

Dr. Renu Abraham Varughese
(Chairperson)

Mr. Jiji Philip
(Managing Trustee & CEO)

Joy Kuttiyani
(Vice Chairman)

കര്യങ്ങളോടും കൂടിയ
ങ്. പ്രായം ബാധിക്കാ
കളെ പ്രോത്സാഹിപ്പി
വരയും വായനയും
ക്കുന്നുണ്ട്. ഓരോരു
 രീതിയിൽ അവരെ
ണ് ട്രാവൻകൂർ ഫൗ

യുള്ള ഏതൊരു സ്ഥാ
സ്തമായ ജീവിത സാ
വ്യക്തികളാണ്. അതു
ൻ എല്ലാം ഉൾക്കൊ
 അനിവാര്യമാണ്. ഏ
ന്റ കുടുംബാന്തരീക്ഷ
ളും അവരുടെ ആവ
ഞ്ഞ് പരിപാലിക്കാൻ
നക്കാരും പുതിയകാല
പ്പെടുത്തലാണ്. ഒരു റെ
ണക്കിൽ 130 ആളുക
ാപനത്തെ തങ്ങളുടെ
ാണ്ട് ഇവിടം സ്വർഗ
ന് അനുയോജ്യമായ
 സ്ഥാപനത്തിലുണ്ട്.
ിക്കുന്ന സേവനത്തെ
ലാക്കാനും വേണ്ട എ
ൃർ ഒരുക്കുന്നുണ്ട്. ഫി
ക്ഷേസ്, ആക്റ്റിവിറ്റി
സിയോതെറാപ്പിസ്റ്റ് തു
ം നേടിയ ഒരു മികച്ച
ക്കുന്നത്.
വ്യത്യസ്തമായി നൽ
തുന്നതിന് വേണ്ടി വി
ൂടെയും, മറ്റു ആഗോ
പ്രവർത്തിക്കുന്ന ക്വാ
ുസ്ഥിരമായ പരിശീല
ം ജീവനക്കാരുടെ കാ
ഹ് ഉറപ്പുവരുത്തുന്ന
വലപ്പ്മെന്റ് ഡിപ്പാർ
 ചെയ്യുന്ന ജോലികൾ
രെ വിലയിരുത്താനും
രിശീലിപ്പിക്കുന്നതിന്
ലനം നേടിയ പ്രൊഫ
ഇന്ത്യയിൽ വയോജന
ഫൗണ്ടേഷന്റെ മാത്രം
ുഷ്യർ ഈ സ്ഥാപന
ുമല്ല അവരുടെ പ്രി

ല്ലാത്ത ആരുമില്ലല്ലോ.
ിയെ കുറിച്ചുള്ള വ്യ
ം തന്നെ വയോജന
 മോനിപ്പള്ളിയിൽ വി
സം സെന്റർ എന്ന നി
ത്യക റസിഡൻഷ്യൽ
യ ഒരു പ്രോജക്ടാണ്
 ചേർന്ന് വിദേശ മല
മാന്തരീക്ഷത്തിലുള്ള
ടകം നിർമ്മാണം ആ
 ആരംഭിക്കുവാൻ പ
യോജന പരിപാലന
്യാധുനിക സംവിധാ
ീവിത നിലവാരത്തോ
ിടപിടിക്കുന്ന തരത്തി
് ഹെൽത്ത് ടൂറിസം
നാനാണ് ട്രാവൻകൂർ

ഫൗണ്ടേഷൻ ശ്രമിക്കുന്നത്. ഒരു ചെറിയ സമയത്തേക്ക് ചികിത്സയ്ക്കും മറ്റുമായി കേരളത്തെ ആശ്രയിക്കുന്ന വിദേശ മലയാളികൾക്ക് എന്തുകൊണ്ടും പ്രയോജനകരമായ ഒരിടമായി ഇവിടം മാറുമെന്ന കാര്യത്തിൽ സംശയമില്ല.

നാലര ഏക്കറിലാണ് ഈ പദ്ധതി വരുന്നത്. 33 കോട്ടേജുകളും 82 അപ്പാർട്ട്മെന്റുകളും ഉൾപ്പെടെ 2,34,500 സ്ക്വയർഫീറ്റിൽ പണിയുന്ന ഈ സ്ഥാപനത്തിന് കേരളത്തിൽ ആദ്യമായി വില്ല പ്രൊജക്റ്റും അപ്പാർട്ട്മെന്റും ഒന്നുചേർന്ന് വരുന്നു എന്ന സവിശേഷതയും ഉണ്ട്. വിദേശത്തുള്ളവർക്ക് രണ്ടാഴ്ച മുതൽ അഞ്ചുമാസം വരെ അനുബന്ധ സേവനങ്ങളായ ട്രാൻസ്പോർട്ടേഷൻ, മികച്ച ഭക്ഷണം തുടങ്ങിയ സൗകര്യങ്ങളും ഇവിടെ ലഭ്യമാക്കുന്നു എന്നതും ശ്രദ്ധേയമാണ്. ഓപ്പൺ പാർട്ടി സോണും എയർകണ്ടീഷൻ ചെയ്ത ക്ലബ് ഹൗസ്, ബിസിനസ് സെന്റർ, 40 ശതമാനത്തിൽ അധികം വരുന്ന ലാൻഡ്സ്കേപ്പിംഗ് ഏരിയ 100% പവർ ബാക്ക് അപ്പ്, വിശാലമായ കാർ പാർക്കിംഗ് തുടങ്ങി താമസക്കാർക്ക് വേണ്ടി വരുന്ന എല്ലാവിധ സൗകര്യങ്ങളും ഒരുകുടക്കീഴിൽ സംയോജിപ്പിക്കുന്നു എന്നതും ഈ പദ്ധതിയുടെ പ്രത്യേകതയാണ്.

നിലവിൽ നൽകുന്ന സൗകര്യങ്ങൾ മോനിപ്പള്ളിയിൽ ആരംഭിക്കുന്ന വയോജനമന്ദിരത്തിലും നൽകുമെന്ന് ജിജി ഫിലിപ്പ് പറഞ്ഞു. 1500 സ്ക്വയർഫീറ്റുള്ള, നല്ല പ്രകാശമുള്ള വായുസഞ്ചാരമുള്ള റൂമുകൾ, തെന്നിവീഴാത്ത ടൈലുകൾ, പ്രായമായവർക്ക് അനായാസം നടക്കാവുന്ന വീതിയുള്ള നടപ്പാതകൾ, അവിടെ ഇടയ്ക്കിടെ പിടിച്ചു നിൽക്കാനുള്ള കൈപ്പിടികൾ, ലിഫ്റ്റ് സംവിധാനം, വീൽചെയറിൽ സഞ്ചരിക്കാനുള്ള സൗകര്യം എന്നിങ്ങനെ വയോജന സൗഹൃദമായി നിർമ്മിക്കുന്ന സ്യൂട്ട് റൂമുകൾ ആണ് മോനിപ്പള്ളിയിലും നിർമ്മിക്കുക. ഓരോ മനുഷ്യരും ജീവിച്ച സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കും. അവ കണ്ട് വിലയിരുത്തി അവർക്ക് യോജിച്ച് പോകാവുന്ന ഏറ്റവും വ്യക്തിഗതമായ ഒരിടമാക്കി മാറ്റാനാണ് ഈ സംരംഭത്തെ ഉപയോഗിക്കുന്നതെന്ന് ജിജി ഫിലിപ്പ് പറയുന്നു. മൂന്നുമാസം കൂടുമ്പോൾ റസിഡന്റ് അസസ്മെന്റ് ഇവിടുത്തെ മറ്റൊരു പ്രത്യേകതയായിരിക്കും. തങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചും താമസക്കാർക്ക് വിലയിരുത്താം. ഈ വിലയിരുത്തൽ അനുസരിച്ച് ആവശ്യമെങ്കിൽ പരിചരണ പദ്ധതികൾ പുതുക്കുകയും ചെയ്യും. ഭക്ഷണത്തിന്റെ മെനു തീരുമാനിക്കുന്നതു തുടങ്ങി ഫൗണ്ടേഷന്റെ ലാഭവും നഷ്ടവും ശമ്പള ചെലവും ഉൾപ്പെടെ എല്ലാ സാമ്പത്തിക കാര്യങ്ങളും താമസക്കാരെ അറിയിച്ചാണ് ഇവിടെ ചെയ്യുന്നത്. ഓരോ റെസിഡന്റിനും ഓരോ പരിചാരകർ, ആനുപാതികമായി നേഴ്സിംഗ് കെയർ, ഫിസിയോ തെറാപ്പിസ്റ്റുകൾ, സോഷ്യൽ വർക്കർമാർ, ഡോക്ടർ സേവനങ്ങൾ എല്ലാം മോനിപ്പള്ളിയിലും ഒരുക്കുന്നുണ്ട്. മോനിപ്പള്ളിയിൽ ആരംഭിക്കുന്ന സ്ഥാപനത്തിലെ റെസിഡന്റ്സ് ആകുവാനും ഈ പദ്ധതിയിൽ പങ്കാളികളാകുവാനും ആഗ്രഹമുള്ള സീനിയർ സിറ്റിസൺ, വ്യവസായ സംരംഭകർ എന്നിവർക്ക് ജിജി ഫിലിപ്പിനെ നേരിട്ട് കാണുവാൻ ഒക്ടോബർ 18 മുതൽ അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. അമേരിക്കയിൽ ബിസിനസ്രംഗത്ത് പ്രവർത്തിക്കുന്ന ജോയി കുറ്റ്യാനി (ഫ്ളോറിഡ) ട്രാവൻകൂർ ഫൗണ്ടേഷന്റെ വൈസ്ചെയർമാനായി പ്രവർത്തിക്കുന്നത് അമേരിക്കൻ മലയാളികൾക്ക് ഈ പ്രസ്ഥാനവുമായി കൂടുതൽ ബന്ധപ്പെടുന്നതിനും ഫൗണ്ടേഷന്റെ ഭാവി പ്രവർത്തനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും സാധിക്കും.

## വീടുവിട്ടാൽ വീടെന്ന സങ്കല്പം

ട്രാവൻകൂർ ഫൗണ്ടേഷൻ ഒന്നര പതിറ്റാണ്ടിനിപ്പുറം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നിരിക്കുന്നു. രാജ്യത്തെ തന്നെ മറ്റെല്ലാ സിനിയർ ലിവിംഗ് സ്ഥാപനങ്ങളിൽ നിന്നും ട്രാവൻകൂർ ഫൗണ്ടേഷനെ വ്യത്യസ്തമാക്കുന്നത്. പലപ്പോഴും പാലിയേറ്റീവ് കെയർ രോഗികൾക്ക് കൂടുതൽ ശ്രദ്ധ വേണ്ടതുകൊണ്ട് തന്നെ പലയിടങ്ങളിലും അത് ലഭിക്കാതെ വരികയാണ് പതിവ്. എന്നാൽ ട്രാവൻകൂർ ഫൗണ്ടേഷന്റെ പ്രവർത്തകർ വ്യക്തികളെ കേന്ദ്രീകരിച്ചുകൊണ്ടുതന്നെ പരിശീലനം നേടിയത് ഈ പ്രശ്നത്തെ മറികടക്കാൻ അവരെ സഹായിക്കുന്നു. ഒരാളുടെ ആരോഗ്യം മുഴുവൻ കണക്കിലെടുത്തും അയാളുടെ മാനസിക നിലയെ മനസ്സിലാക്കിയും ആണ് ഓരോരുത്തരും പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ വീടുവിട്ടാൽ മറ്റൊരു വീട് എന്ന സങ്കല്പം ഇവിടെ കൃത്യമായി നടപ്പിലാക്കുന്നുണ്ട്.

## കരുതലോടെ കൊച്ചിയിലും, കോലഞ്ചേരിയിലും

കേരളത്തിലെതന്നെ മികച്ച ട്രാൻസിഷണൽ കെയർ സെന്ററാണ് കൊച്ചിയിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ ഫൗണ്ടേഷൻ പ്രസിഡൻസി ഹോംസ്. റീ ഹാബിലിറ്റേഷനും റിസോറേറ്റീവ് തെറാപ്പിക്കും ആവശ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുള്ള ഈ സ്ഥാപനം എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷന് സമീപത്തെ പരമാര റോഡിലാണ് സ്ഥിതിചെയ്യുന്നത്. ജില്ലയിലെ എല്ലാ ഹോസ്പിറ്റലുകളിലേക്കും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന സ്ഥലമാണ് ഇത്. കോലഞ്ചേരിയിലും ഫൈവ് റേറ്റിങ് ഉള്ള 30 അപ്പാർട്ട്മെന്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

കോട്ടയം ജില്ലയിലെ കങ്ങഴ സ്വദേശിയായ ജിജി ഫിലിപ്പ് 45 വയസ്സുള്ളപ്പോൾ 2009-ലാണ് മാത്യു ചാണ്ടി, ഫിലിപ്പ് കെ. ജോൺ എന്നിവരോടൊപ്പം ട്രാവൻകൂർ ഫൗണ്ടേഷൻ സ്ഥാപിച്ചത്. നിലവിൽ ഫൗണ്ടേഷന്റെ മാനേജിംഗ് ട്രസ്റ്റിയും സിഇഒയുമായ ജിജി ഫിലിപ്പ് സോഷ്യൽ സയൻസിൽ ബിരുദാനന്തര ബിരുദധാരിയാണ്. സീനിയർ ലിവിംഗ് മേഖലയിലേക്ക് കടക്കുന്നതിന് മുമ്പ് ടാറ്റ ടീ ലിമിറ്റഡിലും എസ്ഐ പ്രോപ്പർട്ടി ഡെവലപ്മെന്റ് ലിമിറ്റഡിലും 20 വർഷത്തെ മാനേജീരിയൽ വൈദഗ്ധ്യം നേടിയ അദ്ദേഹം മാനുഷികതയിലൂന്നിയ മനസ് എന്നും കാത്തുസൂക്ഷിക്കുന്ന വ്യക്തിയാണ്. അദ്ദേഹം കേരളത്തിൽ പ്രവർത്തിക്കുന്ന സീനിയർ ലിവിങ് ഫെസിലിറ്റിസുകളുടെ സംഘടനയായ സ്ലാക്കിന്റെ SLAK (സീനിയർ ലിവിങ് അസോസിയേഷൻ ഓഫ് കേരള) സ്ഥാപക സെക്രട്ടറി കൂടിയാണ്. രണ്ട് പെൺമക്കളാൽ അനുഗൃഹീതനാണ് അദ്ദേഹം. ഭാര്യ ഗ്രേസ് ജെ. ഫിലിപ്പ് ഒരു ഹോം മേക്കറാണെങ്കിലും ട്രാവൻകൂർ ഫൗണ്ടേഷന്റെ ട്രസ്റ്റി കൂടിയാണ്. ഈ മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്ക് ദീപിക, മംഗളം, മദർ തെരേസ പീസ് ഫൗണ്ടേഷൻ, കാത്തലിക്ക് ഫെഡറേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ പുരസ്കാരങ്ങൾ ജിജി ഫിലിപ്പിനെ തേടിയെത്തിയിട്ടുണ്ട് .

## എന്തുകൊണ്ട് ട്രാവൻകൂർ ഫൗണ്ടേഷൻ

വിജയകരമായ വളർച്ചയുടെ 15 വർഷം പിന്നിടുന്ന ട്രാവൻകൂർ ഫൗണ്ടേഷൻ തങ്ങളുടെ മേഖലയിൽ സമാനതകൾ ഇല്ലാതെ ജൈത്രയാത്ര തുടരുകയാണ്. കോട്ടയം ടൗണിൽനിന്നും വെറും അര മണിക്കൂറിലും നെടുമ്പാശ്ശേരിയിൽ നിന്ന് ഒരു മണിക്കൂറിലും യാത്രചെയ്ത് എത്തിച്ചേരാവുന്ന തരത്തിലാണ് ഫൗണ്ടേഷന്റെ എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. നഗരത്തിന്റെ തിരക്കുകൾ ഒന്നുമില്ലാത്ത ശാന്തവും മനോഹരമായ ഇടമാണ് ട്രാവൻകൂർ ഫൗണ്ടേഷന്റേത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾക്കും പ്രീ ലോഞ്ചിങ് പ്ലേസിനും ട്രാവൻകൂർ ഫൗണ്ടേഷനുമായി ബന്ധപ്പെടാം.

**ഫോൺ:**

**ജോയി കുറ്റ്യാനി: 954 708 6614**

**ജിജി ഫിലിപ്പ്: +91 9544717070, +91 -9847199755**
**www.travancorefoundation.com**
**email: care@travancorefoundation.com**



Mission Valley, Karukachal - 1st Project of Travancore Foundation



Rahel Homes, Kolencherry - 2nd Project of Travancore Foundation




Presidency Homes, Ernakulam- 3rd Project of Travancore Foundation, a Transitional Care Centre

© Kerala Express

# മാർത്തോമ്മാ യുവജനസഖ്യം കോൺഫറൻസ് അവിസ്മരണീയമായി






ഡാളസ്: സെപ്റ്റംബർ 26 മുതൽ 29 വരെ മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ചിൽ നടത്തപ്പെട്ട 22-ാമത് മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസന യുവജനസഖ്യം കോൺഫറൻസ് അവിസ്മരണീയമായി.

ഡാളസ് മാർത്തോമ്മാ ഇവന്റ് സെന്ററിൽ വൈകിട്ട് 5-ന് പ്രൊസഷനോടു കൂടി ആരംഭിച്ച കോൺഫറൻസ് ഭദ്രാസനാദ്ധ്യക്ഷൻ ബിഷപ് ഡോ. ഏബ്രഹാം മാർ പൗലോസ് ഉദ്ഘാടനം ചെയ്തു. ഹോസ്റ്റിങ് ചർച്ചായ ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയുടെ വികാരിയും ഫാർമേഴ്സ് ബ്രാഞ്ച്

**ഷാജി രാമപുരം**

യുവജന സഖ്യത്തിന്റെ പ്രസിഡണ്ടുമായ റവ. അലക്സ് യോഹന്നാൻ സ്വാഗതവും വെരി റവ.ഡോ. ചെറിയാൻ തോമസ് (മാർത്തോമ്മാ സഭാ മുൻ സെക്രട്ടറി), റവ. സാം കെ. ഈശോ (ഭദ്രാസന യുവജനസഖ്യം വൈസ് പ്രസിഡണ്ട്), ബിജി ജോബി (ഭദ്രാസന യുവജനസഖ്യം സെക്രട്ടറി), ബിജു മാത്യു (കോപ്പൽ സിറ്റി കൗൺസിൽ മെംബർ) എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. സമ്മേളനത്തിൽ സുവനീറിന്റെയും യുവധാരയുടെയും റിലീസിങ്ങും നടത്തപ്പെട്ടു. കോൺഫറൻസ് ജനറൽ കൺവീനർ ജോബി ജോൺ നന്ദി രേഖപ്പെടുത്തി.

കോൺഫറൻസിന് ബാംഗ്ലൂർ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്റർ ഡയറക്ടറും വികാരി ജനറാളുമായ റവ. ഡോ. ശ്യാം പി. തോമസ് മുഖ്യനേതൃത്വം നല്കി. വിവിധ സെഷനുകളിൽ റവ. ജോസഫ് ജോൺ, റവ. ഏബ്രഹാം കുരുവിള, റവ. ഏബ്രഹാം തോമസ്, ഷിനോദ് മാത്യു, ഡോ. ഏബൽ മാത്യു, സിസിൽ ചെറിയാൻ സിപിഎ, ദിലീപ് ജേക്കബ്, സ്റ്റേസി വർഗീസ്, ജോതം സൈമൺ എന്നിവർ നേതൃത്വം നല്കി.

കോൺഫറൻസിനോടനുബന്ധിച്ച് വിശ്വാസ തികവുള്ള ഭാവി (Mould-Fashioning A Faith Full Future) എന്ന മുഖ്യ ചിന്താവിഷയത്തെ അധികരിച്ച് മാർത്തോമ്മാ യുവജനസഖ്യം ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് അവതരിപ്പിച്ച സ്കിറ്റ്, ഗായക സംഘത്തിന്റെ തീം സോങ് എന്നിവ ഏവരുടെയും പ്രശംസ പിടിച്ചുപറ്റി.

ശനിയാഴ്ച നടന്ന സമ്മേളനത്തോടനുബന്ധിച്ച് ഭദ്രാസന യുവജന സഖ്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. ഭദ്രാസനത്തിന്റെ വിവിധ ഇടവകകളിൽ നിന്നായി ഏകദേശം 400-ൽപരം യുവജന സഖ്യാംഗങ്ങളും അനേകം വൈദികരും പങ്കെടുത്തു. മുഖ്യ ചിന്താവിഷയത്തോടനുബന്ധിച്ചുള്ള ക്ലാസുകൾ, കൾച്ചറൽ പ്രോഗ്രാമുകൾ, കിഡ്സ് സെഷനുകൾ, ഗെയിംസ്, നാടൻ തട്ടുകട എന്നിവ കോൺഫറൻസിന്റെ പ്രത്യേക ആകർഷണമായിരുന്നു. ഞായറാഴ്ചയിലെ വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന സമാപന സമ്മേളനത്തോടെ കോൺഫറൻസിന് തിരശ്ശീല വീണു.

ഭദ്രാസനാദ്ധ്യക്ഷൻ ബിഷപ് ഡോ. മാർ പൗലോസ് 2026-ൽ നടത്തപ്പെടുന്ന ഇരുപത്തി മൂന്നാമത് യുവജനസഖ്യം കോൺഫറൻസിന്റെ ദീപശിഖ ശാലേം മാർത്തോമ്മാ യുവജനസഖ്യം ന്യൂയോർക്കിന് കൈമാറി. ഭദ്രാസന യുവജനസഖ്യം കൗൺസിലിനു വേണ്ടി ജനറൽ സെക്രട്ടറി ബിജി ജോബി, കോൺഫറൻസ് കമ്മിറ്റിക്കു വേണ്ടി കോ-കൺവീനർ റിജാ ക്രിസ്റ്റി എന്നിവർ കോൺഫറൻസിൽ പങ്കെടുത്ത ഏവർക്കും നന്ദി അറിയിച്ചു.

# ഐ. ഒ. സി ഗാന്ധിജയന്തി ആഘോഷം ചിക്കാഗോയിൽ നടന്നു

ചിക്കാഗോ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി ആഘോഷം നടത്തപ്പെട്ടു.

പ്രസിഡണ്ട് സന്തോഷ് നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ പരിപാടിയിൽ ചാണ്ടി ഉമ്മൻ എംഎൽഎയും കെപിസിസി ജനറൽ സെക്രട്ടറി ഷാജി കറ്റാനവും മുഖ്യാതിഥികളായിരുന്നു. കൂടാതെ ഐഒസി യുഎസ്എ കേരളാ ഘടകം ചെയർമാൻ തോമസ് മാത്യു, പ്രസിഡണ്ട് സതീശൻ നായർ എന്നിവരും സന്നിഹിതരായിരുന്നു.

അഹിംസയുടെ പാതയിലൂടെ ആർക്കും തകർക്കുവാനാകാത്ത സ്വാതന്ത്ര്യമാണ് ഗാന്ധിജി ഇന്ത്യക്ക് നേടിത്തന്നതെന്ന് ചാണ്ടി ഉമ്മൻ എംഎൽഎ പറഞ്ഞു. ഗാന്ധിജയന്തി ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യനായി ജീവിച്ചിട്ടു കാര്യമില്ല, മനുഷ്യത്വം ഉണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് യഥാർത്ഥ മനുഷ്യസ്നേഹിയാകുവാൻ സാധിക്കുകയുള്ളുവെന്ന് ഗാന്ധിജിയുടെ വാക്കുകൾ നാം ഏവരും നമ്മുടെ ജീവിതശൈലിയിൽ ഉൾക്കൊള്ളണമെന്ന് കറ്റാനം ഷാജി പറഞ്ഞു.

ഗാന്ധിജിയുടെ അടിസ്ഥാനപ്രമാണം ദൈവമാണ് സത്യം, സത്യമാണ് ദൈവം എന്ന ആശയമായിരുന്നുവെന്ന് ചിക്കാഗോ സെ. മേരീസ് ക്നാനായ ഇടവക അസി. വികാരി ഫാ. ജിബിൻ കുഴിവേലിൽ പറഞ്ഞു.

തോമസ് മാത്യു ഏവരേയും സ്വാഗതം ചെയ്യുകയും ഗാന്ധിജിയുടെ സന്ദേശങ്ങൾ ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ഏവരും ശ്രമിക്കണമെന്നും പറഞ്ഞു.

ലോകമെമ്പാടും ആദരിക്കപ്പെടുന്ന ഒരു വ്യക്തിത്വമാണ് ഗാന്ധിജി. അദ്ദേഹത്തിന്റെ മഹത്വം ലോകജനതയുള്ളടത്തോളം കാലം നിലനില്ക്കുമെന്നും സന്തോഷ് നായർ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രത്യേകം പറഞ്ഞു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതാവും അഹിംസയുടെയും തത്വശാസ്ത്രത്തിന്റെയും തുടക്കക്കാരനുമായ ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ രണ്ട് അന്താരാഷ്ട്ര അ

**സതീശൻ നായർ**

ഹിംസാ ദിനമായി ആചരിക്കുന്ന ഈ അവസരത്തിൽ നാം ഏവരും ആ മഹാത്മാവിനെ വന്ദിക്കുവാൻ മറക്കരുതെന്ന് സതീശൻ നായർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഏവരേയും ഓർമ്മപ്പെടുത്തി.

കൂടാതെ തദവസരത്തിൽ ഫ്രാൻസിസ് കിഴക്കേക്കുറ്റ്, തെലങ്കാന ഐഒസി ലീഡർ കൃഷ്ണ, പ്രവീൺ തോമസ്, സണ്ണി വള്ളിക്കളം, ബിജു കിഴക്കേകുറ്റ്, ലൂയി ചിക്കാഗോ, സുനീന ചാക്കോ, ലീല ജോസഫ്, ജിതേഷ് ചുങ്കത്ത്, എബിൻ കുര്യാക്കോസ് തുടങ്ങിയവർ സംസാരിച്ചു. എബി റാന്നി ഏവർക്കും നന്ദി രേഖപ്പെടുത്തി.



KERALA EXPRESS പ്രവാസി താളുകൾ

# അമേരിക്കൻ പ്രസിഡന്റ് ഇലക്ഷനിൽ അബോർഷനും മുഖ്യ വിഷയമായി ചർച്ച ചെയ്യുന്നു

**കോര ചെറിയാൻ**

ഫിലാഡൽഫിയാ: അമേരിക്കൻ പ്രസിഡന്റ് ഇലക്ഷനിലെ മുഖ്യസ്ഥാനാർത്ഥികളായ മുൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെയും വൈസ് പ്രസിഡന്റ് കമലാ ഹാരിസിന്റെയും മുഖ്യ വിഷയം അബോർഷൻ നിയമ നിർമ്മാണമാണെന്ന് അമേരിക്കൻ ജനതയ്ക്കു തോന്നുന്നു. ഗർഭിണിയായ യുവതിയുടെ ചിന്താഗതിയെ നിശേഷം നിരാകരിച്ച് ഉദരത്തിൽ ഉദയം ചെയ്ത ഗർഭസ്ഥ ശിശുവിന്റെ ജീവിക്കുവാനുള്ള അവകാശത്തെയും ആഗ്രഹത്തേയും അവഗണിക്കണമെന്നോ അനുകൂലിക്കണമെന്നോ ഉള്ള ഭിന്നാഭിപ്രായങ്ങൾ തമ്മിലുള്ള വാദപ്രതിവാദം അമേരിക്കൻ രാഷ്ട്രീയപാർട്ടി അംഗങ്ങളും രാഷ്ട്രീയം ഇല്ലാത്ത സാധാരണ ജനങ്ങളും പരസ്പരമായും സംഘടിതമായും വർഷങ്ങളായി നടക്കുന്നു.

1973-ലെ അമേരിക്കൻ സുപ്രീം കോർട്ട് റോ വേഴ്സസ് വെയ്ഡ് കേസ്



വിധിപ്രകാരം അബോർഷൻ നടത്തുന്നതിനോ ഗർഭസ്ഥ ശിശുവിനെ പരിരക്ഷിക്കുന്നതിനോ ഉള്ള പരമാധികാരം ഗർഭിണികൾക്കു നൽകിയെങ്കിലും വിരുദ്ധരുടെ പ്രതിഷേധപ്രകടനങ്ങൾ



അന്തമില്ലാതെ തുടരുന്നു. സർക്കാർ തലത്തിൽനിന്നും ഔദ്യോഗിക തലത്തിൽനിന്നും വിഭാവനയിലും ഉപരിയായി സാമ്പത്തിക സഹായം ഗർഭിണികൾക്കും നവജാത ശിശുവിനും അമേരിക്കയിൽ ലഭിക്കുന്നുണ്ടെങ്കിലും അബോർഷൻസ് വർദ്ധിക്കുകയാണ്.

2020-ൽ ഇവിടെ 9.30 ലക്ഷം അബോർഷൻ നടന്നതായും 2023-ൽ 10.27 ലക്ഷം ആയി വർദ്ധിച്ചതായും വിസ്കോൺസിൻ സ്റ്റേറ്റിലെ അബോർഷൻ പ്രൊവിഷൻ സ്റ്റഡി വെളിപ്പെടുത്തുന്നു.

പല സംസ്ഥാനങ്ങളിലും അബോർഷന് വ്യക്തമായ നിയന്ത്രണം ഉണ്ടെങ്കിലും ഗർഭഛിദ്രത്തിനുവേണ്ടി നിബന്ധനകൾ ലളിതമായുള്ള നഗരങ്ങളിലേക്ക് ഗർഭിണികൾ പോകുന്നു. 141.7 കോടി ജനസംഖ്യയുള്ള ഇന്ത്യയിൽ പ്രതിവർഷം ശരാശരി 1.66 കോടി അബോർഷൻ നടക്കുന്നതായി റീജണൽ ആന്റ് സബ് റീജണൽ ഡേറ്റ ഫോർ ഏഷ്യയിലെ 2023-ലെ റിപ്പോർട്ടിൽ പറയുന്നു.

ഇന്ത്യയിലെയും അമേരിക്കയിലേയും ജനസംഖ്യ അനുപാതത്തിൻപ്രകാരം ഇന്ത്യയിലെ അബോർഷൻസ് ഏകദേശം 17 മടങ്ങ് വർദ്ധനവിലാണ്.

അമേരിക്കയിലെ ഗർഭനിരോധന സംവിധാനങ്ങളും ഇന്ത്യയിലെ പരിമിതമായ സംവിധാനങ്ങളും തമ്മിലുള്ള വ്യതിയാനം വളരെയാണ്. ഗർഭനിരോധന ഔഷധങ്ങളുടെ അഭാവവും സാമ്പത്തിക പരാധീനതയും മൂലം ഗർഭധാരണം ഇന്ത്യയിൽ അധികമാണ്. ഇന്ത്യ ഉൾപ്പെടെ സൗത്ത് ഈസ്റ്റ് മേഖലയിൽ 2015-2019 കാലഘട്ടത്തിൽ അപ്രതീക്ഷിത ഗർഭധാരണം 21 ശതമാനം കുറയുകയും അബോർഷൻ 21 ശതമാനം വർദ്ധിച്ചതായും ന്യൂയോർക്കിലുള്ള ഗട്ട്മാച്ചർ ഇൻസ്റ്റിറ്റ്യൂട്ട് പ്രഖ്യാപനത്തിൽ പറയുന്നു.

അമേരിക്കൻ അബോർഷൻസ് വർദ്ധിച്ചതിനാൽ 2020-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ 33 കോടി 15 ലക്ഷത്തിൽനിന്നും 4 വർഷങ്ങൾക്കുശേഷം 2024 ജനുവരിമാസ തുടക്കത്തിൽ വെറും 44 ലക്ഷം മാത്രം ഉയർന്ന് 33 കോടി 59 ലക്ഷമായി സ്ഥിരീകരിക്കപ്പെട്ടു.

ഹോമിയോപ്പതി ഡോക്ടേഴ്സും ആയുർവേദ ഡോക്ടേഴ്സും 'പൊടികൈ' ചികിത്സകൾ നടത്തുന്ന നാട്ടുവൈദ്യന്മാരും അനിയന്ത്രിതമായി നട



ലേഖകൻ

ത്തുന്ന അബോർഷൻസിന്റെ രേഖകൾ ഇന്ത്യൻ ഗവൺമെന്റ് തലത്തിലും അറിയപ്പെടുന്ന നിബന്ധനകൾ ഉണ്ടാകണം.

## എം.എസ്.ടി. നമ്പൂതിരിക്ക് ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സാസിന്റെ പ്രണാമം

**സണ്ണി മാളിയേക്കൽ**

ഡാളസ്: ഡാളസിൽ അന്തരിച്ച പ്രമുഖ സാഹിത്യകാരനും ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സാസിന്റെ അഭ്യുദയകാംക്ഷിയും അദ്ധ്യാപകനുമായിരുന്ന എം.എസ്.ടി നമ്പൂതിരിക്ക് ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സാസിന്റെ പ്രണാമം. 1932-ൽ കോട്ടയം മൂത്തേടത്ത് ഇല്ലത്ത് ജനിച്ച ഇദ്ദേഹം 1963-ൽ കപ്പൽ മാർഗ്ഗമാണ് ന്യൂയോർക്കിൽ എത്തിയത്. കംപ്യൂട്ടർ സയൻസിൽ മാസ്റ്റേഴ്സ് ബിരുദവും പിഎച്ച്.ഡിയും കരസ്ഥമാക്കി എം.എസ്.ടി അമേരിക്കയിൽ അറിയപ്പെടുന്ന ഒരു അദ്ധ്യാപകനായിരുന്നു. യൂണിവേഴ്സിറ്റി ഓഫ് ടെക്സസിലെ മാത്തമാറ്റിക്സ് ആൻഡ് കംപ്യൂട്ടർ ഡിപ്പാർട്ടുമെന്റ് ഹെഡ് ആയി റിട്ടയർ ചെയ്തു. നാഷണൽ ബുക്ക്സ്റ്റാൾ പ്രസിദ്ധീകരിച്ച 'പ്രവാസിയുടെ തേങ്ങൽ' എന്ന കവിതാസമാഹാരവും ധാരാളം ലേഖനങ്ങളും എം.എസ്.ടിയുടെ സംഭാവനകളാണ്.



ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസിന്റെ രൂപീകരണത്തിന് മുൻകൈയെടുക്കുകയും മാധ്യമരംഗത്ത് അമേരിക്കൻ മലയാളികൾ തനതായ വ്യക്തിമുദ്ര പതിപ്പിക്കണമെന്ന് അദ്ദേഹം എപ്പോഴും എടുത്തുപറയുമായിരുന്നു. സരസ്വതി നമ്പൂതിരി ഭാര്യയും ഡോക്ടർ മായ, ഇന്ദു എന്നിവർ മക്കളുമാണ്. അമേരിക്കൻ പ്രവാസി മലയാളിയുടെ ചരിത്രം എഴുതുമ്പോൾ എം.എസ്.ടി നമ്പൂതിരിയുടെ പേര് സ്വർണ്ണലിപികളിൽ ആലേഖനം ചെയ്യപ്പെടും. ഞങ്ങളെ ധാരാളം സ്നേഹിച്ച വന്ദ്യ ഗുരുവിന് പ്രമാണം അർപ്പിക്കുന്നതായി ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് എക്സിക്യൂട്ടീവ് കമ്മിറ്റിക്കു വേണ്ടി സണ്ണി മാളിയേക്കൽ പ്രസിഡണ്ട് ഒരു പ്രസ്താവനയിൽ അറിയിച്ചു.

## മറവി


മനുഷ്യന് മറവി വരും ഒരുകാലം
ആ ദിനം നമ്മൾക്കു വിദൂരം അല്ലാ
കുട്ടിക്കാലത്ത് ഓടിനടന്നപ്പോൾ
ഓർക്കുമോ നമ്മുടെ മറവിക്കാലം

ഓർമ്മക്കുറവ് ഒരു രോഗമാണോ അതോ
മരണത്തിലേക്കുള്ള ഒരു പാതയാണോ
ജനിച്ചാൽ ഒരുനാളു മരിക്കണമെന്നോർക്കണം
അത് ആദത്തിൻ പാപമോ മനുജനു നല്കി

മറവിക്കു മരുന്നുകൾ പലവിധം എങ്കിൽ
കഴിക്കുവാൻ മറക്കുന്നു നമ്മിൽ ചിലർ
ആതുരസേവനക്കാർ ഉള്ളതുകാരണം
മറക്കാതെ കാര്യങ്ങൾ ചെയ്തിടുന്നു

കാലിലെ വേദന മാറിക്കഴിയുമ്പോൾ
കൈയിലു വേദന വന്നുതുടങ്ങും
അമ്മാനം ആടുന്നമാതിരി നമ്മുടെ
വേദനക്കൊരു അവധിയും ഇല്ല

നാട്ടുകാർ വീട്ടുകാർ വന്നുപോകുന്നുണ്ട്
പള്ളി കൂദാശ കൊടുക്കാൻ ഉപദേശം
എത്രനാൾ ഇങ്ങനെ ജീവിച്ചുപോകണം
ദൈവമെ എന്നെ നീ വിളിച്ചുകൂടെ?



ജെയിംസ് ചെട്ടിയാത്ത്



# ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് ഓഷ്യാനയുടെ അഞ്ചാമത് കൺവൻഷന് തിരശ്ശീല വീണു



റെജി പാറയ്ക്കൻ

മെൽബൺ: മൂന്ന് ദിനരാത്രങ്ങൾ സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും പൂത്തിരി കത്തിച്ച ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് ഓഷ്യാന 'പൈതൃകം 2024' കൺവൻഷൻ വൻ ജനപങ്കാളിത്തത്തോടെ സമാപിച്ചു. ചെണ്ടമേളങ്ങളും, നൃത്തനൃത്യങ്ങളും, മാർഗ്ഗംകളിയും, മിസ്റ്റർ ക്നാ & മിസ്സിസ് ക്നായുടെ വാശിയേറിയ മത്സരങ്ങളും വിവിധ കലാരൂപങ്ങളും മിന്നിമറഞ്ഞ മൂന്ന് ദിനരാത്രങ്ങൾ ഓഷ്യാനയിലെ ക്നാനായ മക്കൾക്ക് മറക്കാനാവാത്ത അനുഭവം ആണ് കൺവൻഷനിലൂടെ കാഴ്ചവച്ചത്.

ഓഷ്യാന കമ്മറ്റി പ്രസിഡന്റ് സജി കുന്നുംപുറത്ത്, കൺവൻഷൻ ചെയർമാൻ തോമസ് സജീവ്, വിവിധ കമ്മറ്റി കൺവീനർമാർ, അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ നടന്ന കൺവൻഷനിൽ ആയിരത്തിലധികം അംഗങ്ങൾ പങ്കെടുത്തുകൊണ്ട് ചരിത്രം കുറിച്ചു. ഓഷ്യാനയിലെ വിവിധ റീജിയണുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ക്നാനായ യുവതീ യുവാക്കളിൽ നിന്നും മിസ്റ്റർ ക്നാ വിജയതിലകം അണിഞ്ഞത് ആൽഫ്രഡ് ജോൺ (വി.കെ.സി.സി. മെൽബൺ), മിസ്സിസ് ക്നാ ആയി തെരഞ്ഞെടുക്കപ്പെട്ടത് ഡിൽഷ ഷാജി (വി.കെ.സി.സി. മെൽബൺ) എന്നിവർ ആയിരുന്നു.

ഓഷ്യാന കമ്മറ്റിയുടെ പ്രസിഡന്റ് സജി കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനം ബിജു കെ. സ്റ്റീഫൻ (സൂപ്രണ്ട് ഓഫ് ക്രൈം ബ്രാഞ്ച് ഇടുക്കി), ഫാ. ജോബി പാറയ്ക്കചരുവിൽ (യു.എസ്.എ) എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. കൺവൻഷൻ ചെയർമാൻ തോമസ് സജീവ് ഏവർക്കും സ്വാഗതം ആശംസിച്ചു. സിബി പഴയമ്പള്ളി, ഓഷ്യാന കമ്മറ്റിയുടെ ഭാരവാഹികൾ എന്നിവർ ആശംസകൾ അർപ്പിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ കലാകാരന്മാർ സ്റ്റേജിൽ വിസ്മയം സൃഷ്ടിച്ചു. സമാപന സമ്മേളനത്തിന് മുമ്പ് നടന്ന വർണ്ണശബളമായ റാലി കണ്ണിനും, കാതിനും ആഹ്ലാദം പകർന്നു. വിവിധ വേഷവിധാനങ്ങളും, പാരമ്പര്യ വസ്ത്രങ്ങളും റാലിക്ക് കൊഴുപ്പേകി. ഓഷ്യാനയിലെ ക്നാനായ മക്കൾ കൺവൻഷൻ വൻ വിജയമാക്കിയതിന് പ്രസിഡന്റ് സജി കുന്നുംപുറം ഏവർക്കും നന്ദി അറിയിച്ചു. കൺവൻഷന്റെ വിജയത്തെത്തുടർന്ന് കമ്മറ്റി കൺവീനർമാർക്കും അംഗങ്ങൾക്കും വിക്ടറി ഡേ പാർട്ടി ഓഷ്യാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ മെൽബണിൽ നടത്തി. പൈതൃകം 2024 അഞ്ചാമത് കൺവൻഷൻ വൻ വിജയമാക്കിയ മുഴുവൻ അംഗങ്ങൾക്കും പ്രത്യേകിച്ച് വി.കെ.സി.സി.യുടെ ഭാരവാഹികൾക്കും അംഗങ്ങൾക്കും പ്രസിഡന്റ് സജി കുന്നുംപുറം നന്ദി അറിയിച്ചു.










# ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ കൈകോർത്ത് ചിക്കാഗോ മലയാളി അസോസിയേഷൻ

ബിജു മുണ്ടക്കൽ

ചിക്കാഗോ: കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി കണ്ടുവരുന്ന ലഹരിമാഫിയ പ്രവർത്തനങ്ങൾക്കും കുട്ടികളുടെ ലഹരി ഉപയോഗങ്ങൾക്കുമെതിരെ കേന്ദ്ര, കേരള സർക്കാരുകൾ പ്രഖ്യാപിച്ച ബോധവത്കരണ പരിപാടികൾക്കൊപ്പം ചിക്കാഗോ മലയാളി അസോസിയേഷനും പങ്കാളിയാകുന്നു. 2025 ജനുവരിയിൽ 'ലഹരിമുക്തി' ബോധവത്കരണ പരിപാടികൾക്ക് തുടക്കമിടുമെന്ന് ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസി റിൻസി അറിയിച്ചു.

സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി ഉപയോഗം തടയുവാനുള്ള ബോധവത്കരണ പരിപാടികളാണ് സിഎംഎ ആലോചിക്കുന്നത്. ലഹരിവിരുദ്ധ കാമ്പയിൻ, മോട്ടിവേഷൻ ക്ലാസുകൾ, ലഹരിവിരുദ്ധ പോസ്റ്ററുകളുടെ നിർമ്മാണവും അവയുടെ പ്രചാരണവും, ലഹരിവിരുദ്ധ കവിത-കഥ രചനാമത്സരങ്ങൾ തുടങ്ങി നിരവധി പ്രോഗ്രാമുകൾ കേരളത്തിലെ വിവിധ സ്കൂളുകളിൽ സംഘടിപ്പിക്കും. പ്രസ്തുത പരിപാടിയിൽ അസോസിയേഷന്റെ അംഗങ്ങൾ അതിഥികളായി പങ്കെടുക്കും. ഒരുവർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾക്കാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നതെന്ന് സിഎംഎ പ്രസിഡണ്ട് ജെസി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ എന്നിവർ അറിയിച്ചു. കേരളത്തിന്റെ യുവതലമുറയെ ഇല്ലാതാക്കുന്ന ലഹരി ഉപയോഗത്തിനെതിരെയുള്ള ഈ പദ്ധതിക്ക് പിന്തുണ നല്കാൻ എല്ലാവരെയും ഹാർദ്ദമായി ക്ഷണിക്കുന്നുവെന്ന് അസോസിയേഷന്റെ മറ്റ് ഭാരവാഹികളായ ട്രഷറർ മനോജ് അച്ചേട്ട്, വൈസ് പ്രസിഡണ്ട് ഫിലിപ്പ് പുത്തൻപുരയിൽ, ജോ. സെക്രട്ടറി വിവീഷ് ജേക്കബ്, ജോ. ട്രഷറർ സിബിൽ ഫിലിപ്പ്, യൂത്ത് പ്രതിനിധികളായ സി.ജെ. മാത്യു, സാറാ അനിൽ, വനിതാ പ്രതിനിധികളായ ഷൈനി ഹരിദാസ്, ഷാന മോഹൻ, നിഷ സജി, സീനിയർ പ്രതിനിധികളായ വർഗീസ് ടി. മോനി, തോമസ് വിൻസെന്റ്, ബോർഡ് മെംബേഴ്സായ ആഗ്നസ് മാത്യു, സന്തോഷ് വി. ജോർജ്, സൂസൻ ചാക്കോ, ബോബി ചിറയിൽ, സജി തട്ടിൽ, ജോസ് മണക്കാട്ട്, റോസ് വടകര, പ്രിൻസ് ഈപ്പൻ, ബിജു മുണ്ടയ്ക്കൽ, കിഷോർ കണ്ണാല, ജോഷി പൂവത്തുങ്കൽ, മാത്യു ജെയ്സൺ, സജി മാലിത്തുരുത്തേൽ, എക്സ് ഒഫീഷ്യൽസ് ആയ ജോഷി വള്ളിക്കളം, ലീല ജോസഫ് എന്നിവർ അറിയിച്ചു.


ജെസി റിൻസി


ആൽവിൻ ഷിക്കോർ


മനോജ് അച്ചേട്ട്


ഫിലിപ്പ് പുത്തൻപുരയിൽ

# ഇന്ത്യൻ വ്യവസായലോകത്തെ ഇതിഹാസം



ഇന്ത്യയുടെ വ്യാവസായിക ഭൂപടത്തിൽ രത്തൻ ടാറ്റയെപ്പോലെ ആഴത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ അധികമുണ്ടാകില്ല. ജെ.ആർ.ഡി ടാറ്റയിൽ നിന്ന് ടാറ്റാ സൺസ് രത്തൻ ടാറ്റയുടെ കൈയിലെത്തുന്നത് 1991-ലാണ്. ഗ്രൂപ്പിന് കീഴിലുള്ള വിവിധ കമ്പനികളുടെ തലവൻമാർ തങ്ങളുടെ ഇഷ്ടത്തിന് പ്രവർത്തിച്ചു വന്നിരുന്ന കാലത്ത് ഇവരെ ഒരു കുടക്കീഴിനുള്ളിൽ അണിനിരത്തി ടാറ്റ ഗ്രൂപ്പ് കമ്പനിക്ക് വ്യക്തമായ ആഭ്യന്തര ഘടന നൽകിയതും കമ്പനിയിൽ പുതുമയുടെ പ്രൊഫഷണലിസത്തെ ഊട്ടിയുറപ്പിച്ചതും രത്തൻ ടാറ്റയാണ്. ടാറ്റ സൺസിന്റെ ചെയർമാനെന്ന നിലയിൽ മികവിന്റെയും നവീനതയുടെയും സംസ്കാരത്തിന് നേതൃത്വം നൽകിയ ടാറ്റ, ഗ്രൂപ്പ് ചെയ്ത എല്ലാ പ്രവൃത്തികളുടെയും മുന്നിലും കേന്ദ്രത്തിലും 'ടാറ്റ' എന്ന ബ്രാൻഡിനെ പ്രതിഷ്ഠിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചു.





വിശാലമായ ചക്രവാളങ്ങളിലേക്കു പറക്കാൻ ടാറ്റയെ പ്രാപ്തമാക്കിയ സാക്ഷാൽ ജെആർഡി ടാറ്റ നടത്തിയ ഏറ്റവും മികച്ച നിക്ഷേപം ഏതായിരുന്നെന്നു ചോദിച്ചാൽ ആ കമ്പനിയുടെ ചരിത്രം അറിയുന്ന ആർക്കും പറയാൻ ഒറ്റ ഉത്തരമേ ഉണ്ടാകൂ: രത്തൻ നവൽ ടാറ്റ. 1981-ൽ ടാറ്റ ഇൻഡസ്ട്രീസിന്റെ ചെയർമാനായി രത്തനെ പ്രഖ്യാപിച്ചിരുന്നെങ്കിലും ജെആർഡിയുടെ പിൻഗാമിയാകുമെന്ന് ഉറപ്പൊന്നുമില്ലായിരുന്നു. നാനി പൽക്കിവാല ആ സ്ഥാനത്തേക്ക് എത്തുമെന്നായിരുന്നു ടാറ്റയ്ക്കകത്തുള്ള സംസാരം.

ജെആർഡി കണ്ട സ്വപ്നത്തിനും അപ്പുറത്തേക്ക് ടാറ്റയെന്ന സാമ്രാജ്യത്തെ പിൻഗാമി വളർത്തി. ടെറ്റ്ലിയും കോറസും ജാഗ്വർ ലാൻഡ് റോവറും പോലുള്ള ലോകോത്തര സംരംഭങ്ങൾക്കുമുന്നിൽ മുട്ടിടിക്കാതെ വിലപറയാനും ടാറ്റയെന്ന മുദ്ര പതിപ്പിച്ച് ഇന്ത്യനാക്കാനും ആ നാണംകുണുങ്ങിക്കായി.

സമാന്തരസാമ്രാജ്യങ്ങൾ പോലെ ചിതറിക്കിടന്നിരുന്ന ടാറ്റ കമ്പനികളെ അദ്ദേഹം അടിമുടി അഴിച്ചുപണിതു. വാക്കെടുത്തും വടിയെടുത്തും വെടിപ്പാക്കി. അവിടം അടക്കിവാണ കെടുകാര്യസ്ഥർക്കു പുറത്തേക്കു വഴികാട്ടി. പരമ്പരാഗത വ്യവസായങ്ങൾക്കപ്പുറം 'ഹൈടെക്' ലോകത്തേക്കു ടാറ്റയെ കൊണ്ടുപോയി. ഇന്ത്യ ലൈസൻസ് രാജിനോടു വിടപറഞ്ഞ് ഉദാരവൽക്കരണത്തിന്റെ പാത സ്വീകരിച്ചതോടെ വ്യാപാര, വ്യവസായ രംഗത്ത് പുതിയ ഉണർവുണ്ടായി. സർക്കാർ കടുംപിടിത്തം ഉന്നയിച്ച ആ സാഹചര്യം രത്തൻ ടാറ്റ ഫലപ്രദമായി ഉപയോഗപ്പെടുത്തി. 'ആഗോളവൽക്കരണം കൊണ്ടുവന്ന മാറ്റങ്ങളുടെ കാറ്റിനെ മറ്റുള്ളവരേക്കാളും മുന്നെ, മണത്തറിയാൻ രത്തൻ ടാറ്റയ്ക്കു കഴിഞ്ഞു. ബെർലിൻ മതിലിന്റെ വീഴ്ചയ്ക്കു ശേഷമുള്ള ആ കാറ്റുകൾക്കനുസരിച്ചാണ് അദ്ദേഹം തന്റെ പരിശ്രമങ്ങളെ രൂപപ്പെടുത്തിയത്' - ടാറ്റ ഗ്രൂപ്പിലെ കരുത്തനായിരുന്ന കൃഷ്ണകുമാർ ഒരിക്കൽ പറഞ്ഞു.

നഷ്ടം കുമിഞ്ഞുകൊണ്ടിരുന്ന മിക്കവാറും കമ്പനികൾ ലാഭത്തിന്റെ മധുരം നുണയുകയും സാമ്പത്തികസ്ഥിരത കൈവരിക്കുകയും ചെയ്തു. സ്ഥിരമായി ലാഭവിഹിതം പ്രഖ്യാപിക്കാൻ തുടങ്ങിയതോടെ നിക്ഷേപകർ ടാറ്റയെന്ന ബ്രാൻഡിൽ കൂടുതൽ ഉറപ്പോടെ വിശ്വസിക്കാൻ തുടങ്ങി. ടാറ്റയുടെ കമ്പനിയെന്ന ഒറ്റക്കാരണത്താൽ ടൈറ്റൻ ഓഹരികൾ വാങ്ങിക്കൂട്ടിയ രാകേഷ് ജുൻജുൻവാല ഇന്ത്യയിലെ ഏറ്റവും മൂല്യമേറിയ കമ്പനിയായി. ഏകാന്തതയെ പ്രണയിച്ച രത്തൻ തൊഴിലാളികളുടെ സ്നേഹഭാജനവും ആരാധനാമൂർത്തിയുമായി. ടിസിഎസ് ഓഹരിവിപണിയിൽ ലിസ്റ്റ് ചെയ്യാനുള്ള തീരുമാനമാണ് ടാറ്റയുടെ വളർച്ചയിൽ നിർണായകമായി മാറിയത്. കോറസും ജെൽ ആറും പോലുള്ള കമ്പനികളെ വാങ്ങാനുള്ള സാമ്പത്തിക സ്വാതന്ത്ര്യം ലഭിച്ചത് അങ്ങനെയാണ്. ടാറ്റ ഗ്രൂപ്പിലെ പൊൻമുട്ടയിടുന്ന താറാവായിരുന്നു ടിസിഎസ്.





ടാറ്റയുടെ തലപ്പത്തെത്തിയ ശേഷമുള്ള ആദ്യ 5-6 വർഷങ്ങൾ വെല്ലുവിളികൾ മാത്രം നിറഞ്ഞതായിരുന്നു. പിന്നീടു ടാറ്റ മോട്ടോഴ്സായി മാറിയ ടെൽകോയിൽ 600 കോടി രൂപയുടെ നഷ്ടമുണ്ടായതോടെ രത്തനെ എഴുതിത്തള്ളാൻ തിരക്കായിരുന്നു. വ്യവസായം അപ്പാടെ പ്രതിസന്ധിയിലായിരുന്നെന്ന കാര്യം ആരും ശ്രദ്ധിച്ചതേയില്ല. മുംബൈയിലെ ആ രാത്രി മഴ നേരത്ത് രത്തൻ എടുത്ത തീരുമാനം ടാറ്റ മോട്ടോഴ്സിന്റെ ചരിത്രം തിരുത്തിക്കുറിച്ചു. ഇൻഡിക്ക വിപണിയിൽ ഇരച്ചുപാഞ്ഞു. അന്നു തുടങ്ങിയ കുതിപ്പ് ടാറ്റ മോട്ടോഴ്സിനെ എത്തിച്ചത് ഇന്നത്തെ ഉയരങ്ങളിൽ. രത്തന്റെ തീരുമാനങ്ങളിൽ കനിവും കതിരുമുണ്ടായിരുന്നു. കൊച്ചിയിലെ ടാറ്റാ ഓയിൽ മിൽസ് ഗസ്റ്റ് ഹൗസിൽ ചെറുപ്പകാലത്ത് ഇടയ്ക്കിടെ വന്നു താമസിക്കുമായിരുന്നു രത്തൻ. നികത്തുഭൂമി വരും മുൻപു മൂന്നു വശവും കായലാൽ ചുറ്റപ്പെട്ട ഗസ്റ്റ് ഹൗസ് ഇന്ത്യയിൽ തന്നെ ഏറ്റവും മനോഹരമായിരുന്നു. അന്നത്തെ കേരള അനുഭവം രത്തനിലൂടെ പിന്നീട് കേരള ടൂറിസത്തിന്റെ വളർച്ചയ്ക്കു തന്നെ കാരണമായി.



അതിനു ടാറ്റ ഉന്നതങ്ങളിലെ മലയാളി മേധാവിയും തുണയായി. സർക്കാർ എത്ര ശ്രമിച്ചിട്ടും കേരളത്തിൽ ടൂറിസം പച്ചപിടിക്കാത്ത കാലമുണ്ടായിരുന്നു. എൺപതുകളുടെ അവസാനം ആ സ്ഥിതിക്കു മാറ്റം വന്നത് താജിന്റെ മാതൃകമ്പനിയായ ഇന്ത്യൻ ഹോട്ടൽസുമായി കേരള ടൂറിസം സംയുക്ത സംരംഭം തുടങ്ങിയതാണ്.

ദൈവത്തിന്റെ സ്വന്തം നാട് എന്നു സ്വയം വിശേഷിപ്പിക്കാൻ കേരളത്തിനു ധൈര്യം വന്ന നാളുകളിൽ താജിന്റെ പരസ്യ വാചകം പ്രശസ്തമാണ് - കേരളം ദൈവത്തിന്റെ സ്വന്തം നാട് എങ്കിൽ താജ് ഹോട്ടലുകളാണ് ദൈവത്തിന്റെ ഹോളിഡേ ഹോം! താജ് തുടങ്ങിവെച്ച ടൂറിസം പ്രയാണത്തിൽ പിന്നീട് കേരളം ഏറെ മുൻപോട്ടു പോയി.

രത്തൻ മൂന്നാറിൽ അവസാനം എത്തുന്നത് 2009 നവംബറിൽ ടാറ്റ നടത്തുന്ന സ്കൂളിന്റെ രജതജൂബിലിക്കാണ്. ടാറ്റാ ടീയുടെ സ്ഥലം ഏറ്റെടുക്കാൻ കേരള സർക്കാർ വൻ ശ്രമം നടത്തിയതിനു ശേഷം അതൊന്നും കാര്യമാക്കാതെ രത്തന്റെ പെരുമാറ്റം പതിവുപോലെ ലളിതവും സൗമ്യവും സഹാനുഭൂതി പൂർണവുമായിരുന്നെന്ന് കണ്ടവരെല്ലാം ഓർക്കുന്നു.

# കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ ഓണം വർണ്ണോജ്വലമായി

നാഷ്‌വിൽ: ടെന്നസിയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ (കാൻ) സംഘടിപ്പിച്ച ഓണം മഹോത്സവം 2024 സംഘാടന മികവു കൊണ്ടും ജനപങ്കാളിത്തം കൊണ്ടും അവതരണ മികവുകൊണ്ടും ശ്രദ്ധേയമായി. കാൻ അതിന്റെ പതിനഞ്ചാം വാർഷികം ആഘോഷിച്ച വേളയിലാണ് ഈ ഓണാഘോഷം സംഘടിപ്പിച്ചത് എന്ന പ്രത്യേകതയും കൂടിയുണ്ടായിരുന്നു.



കാൻ വോളണ്ടിയർമാർ സ്വന്തമായി തയ്യാറാക്കിയ ഇരുപത്തിമൂന്നിൽപ്പരം വിഭവങ്ങൾ വാഴയിലയിൽ വിളമ്പി സ്വാദിഷ്ടമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും പുലികളിയുടെയും അകമ്പടിയോടെ മഹാബലിയെ ഘോഷയാത്രയായി വരവേറ്റു. അതോടൊപ്പം കാനിന്റെ സ്വന്തം കലാകാരന്മാർ അതിമനോഹരമായി ചെണ്ടമേളവും മെഗാ തിരുവാതിരയും വേദിയിൽ അവതരിപ്പിച്ചു. തുടർന്ന് ഈ വർഷത്തെ ഓണാഘോഷ പരിപാടികളുടെ ഉദ്ഘാടനം മുഖ്യാതിഥികളായ ടെന്നസി സ്റ്റേറ്റ് സെനറ്റർ ജോ ഹെൻസിലിയും പ്രശസ്ത ദക്ഷിണേന്ത്യൻ ചലച്ചിത്ര താരമായ ദിവ്യാ ഉണ്ണിയും കാൻ ഭരണസമിതി അംഗങ്ങളും ചേർന്ന് നിലവിളക്കു കൊളുത്തി നിർവഹിച്ചു. കാൻ പ്രസിഡണ്ട് ഷിബു പിള്ള അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ ഇന്ത്യൻ അസോസിയേഷൻ ഓഫ് നാഷ്‌വിൽ പ്രസിഡണ്ട് ആദർശ് രവീന്ദ്രൻ ആശംസ അർപ്പിച്ചു. കാൻ വൈസ് പ്രസിഡണ്ട് ശങ്കർ മന സ്വാഗതവും സെക്രട്ടറി സുശീല സോമരാജൻ നന്ദിയും രേഖപ്പെടുത്തി.




കാൻ പതിനഞ്ചാം വാർഷികം മുൻനിർത്തി നാഷ്‌വിൽ മേയർ ഓണാഘോഷ ദിനത്തെ കേരളദിനം ആയി രേഖപ്പെടുത്തിയതിന്റെയും ടെന്നസി സ്റ്റേറ്റ് സെനറ്റ് ആശംസകൾ നേർന്നതിന്റെയും ഔദ്യോഗികമായ പ്രഖ്യാപനങ്ങൾ ടെന്നസി സ്റ്റേറ്റ് സെനറ്റർ ജോ ഹെൻസിലി നിർവഹിച്ചു. അതോടൊപ്പം പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി പുറത്തിറക്കിയ 'കല്പടവുകൾ' എന്ന സുവനീറിന്റെ ഔദ്യോഗിക പ്രകാശനവും തദവസരത്തിൽ ദിവ്യാ ഉണ്ണി നിർവഹിച്ചു. കഴിഞ്ഞുപോയ പതിനഞ്ചു വർഷത്തെ കാൻ പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ സുവനീറിൽ ടെന്നസി ഗവർണ്ണർ, കേരള മുഖ്യമന്ത്രി, നാഷ്‌വിൽ മേയർ, കേരള നിയമസഭാ സ്പീക്കർ, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, പ്രതിപക്ഷ നേതാവ്, അറ്റ്ലാന്റ കോൺസൽ ജനറൽ ഓഫ് ഇന്ത്യ, മുൻ കേന്ദ്രമന്ത്രി ഡി. നെപ്പോളിയൻ, നോർക്ക ചീഫ് എക്സിക്യൂട്ടീവ്, കലാകാരന്മാരായ സ്റ്റീഫൻ ദേവസ്സി, റസൂൽ പൂക്കുട്ടി, വിവിധ സംഘടനാ നേതാക്കന്മാർ തുടങ്ങിയ ഒട്ടേറെ പ്രമുഖർ ആശംസകൾ അറിയിച്ചു.

കാൻ ആദ്യമായി ഏർപ്പെടുത്തിയ അക്കാഡമിക് സ്കോളർഷിപ്, അമേരിക്കൻ പ്രസിഡണ്ടിന്റെ വോളന്റിയർ സർവീസസ് അവാർഡ് തുടങ്ങിയവയും ഓണാഘോഷ പരിപാടിയിൽ വിതരണം ചെയ്തു.

തുടർന്ന് കാനിന്റെ സ്വന്തം കലാകാരന്മാർ പാട്ടുകൾ, നൃത്തനൃത്യങ്ങൾ, ഉപകരണ സംഗീതം, സ്കിറ്റ് തുടങ്ങിയ വിവിധ കലാപരിപാടികൾ വളരെ ആകർഷകമായി അവതരിപ്പിച്ചു. അതോടൊപ്പം ദിവ്യാ ഉണ്ണിയും സംഘവും നയിച്ച അതിമനോഹരമായ നൃത്താവിഷ്കാരവും അരങ്ങേറി.

ഓണസദ്യ ഒരുക്കുന്നതിൽ നിജിൽ പറ്റെമ്മൽ, മനീഷ് രവികുമാർ എന്നിവരും കലാപരിപാടികൾക്ക് സന്ദീപ് ബാലൻ, ഡോ. ദീപാഞ്ജലി നായർ എന്നിവരും നേതൃത്വം നല്കി. ഓണാഘോഷത്തിന്റെ വിജയത്തിനായി അഹോരാത്രം പരിശ്രമിച്ച എല്ലാ കാൻ ഭരണസമിതി അംഗങ്ങൾക്കും വോളണ്ടിയർമാർക്കും സ്പോൺസർമാർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ചുകൊണ്ടാണ് ഓണം മഹോത്സവം 2024-ന് തിരശ്ശീല വീണത്.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 84.05 |
| യൂറോ | 91.71 |
| സ്റ്റെർലിംഗ്പൗണ്ട് | 109.59 |
| സ്വിസ് ഫ്രാങ്ക് | 97.56 |
| സിംഗപ്പൂർ ഡോളർ | 64.25 |
| കനേഡിയൻ ഡോളർ | 60.96 |
| ഒമാൻ റിയാൽ | 218.34 |
| ബഹ്റൈൻ ദിനാർ | 223.00 |
| സൗദി റിയാൽ | 22.38 |
| യു.എ.ഇ. ദിർഹം | 22.88 |
| കുവൈത്ത് ദിനാർ | 274.10 |

## ഇന്ത്യ സൈനികശേഷി കൂട്ടുന്നു

ന്യൂഡൽഹി: രണ്ട് ആണവ അന്തർവാഹിനികൾ തദ്ദേശീയമായി നിർമിക്കുന്നതിനും യുഎസിൽ നിന്ന് 31 പ്രിഡേറ്റർ ഡ്രോണുകൾ വാങ്ങുന്നതിനുമുള്ള പ്രധാന കരാറുകൾക്ക് സുരക്ഷാ കാബിനറ്റ് കമ്മിറ്റി അനുമതി നല്കി. 80,000 കോടി രൂപയുടേതാകും കരാർ. നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഡ്രോണുകൾ വാങ്ങുന്നത്. വിശാഖപട്ടണത്തെ ഷിപ്പ് ബിൽഡിങ് സെന്ററിൽ രണ്ട് അന്തർവാഹിനികൾ നിർമിക്കുന്നതിനുള്ള കരാറിന് 45,000 കോടി രൂപയാകും. അമേരിക്കൻ ജനറൽ അറ്റോമിക്സിൽ നിന്നാണ് 31 ഡ്രോണുകൾ വാങ്ങുക. ഇതിനായി ഇന്ത്യയും യുഎസും കരാർ ഒപ്പുവെക്കും. 31 എണ്ണത്തിൽ നാവിക സേനയ്ക്കായി 15 എണ്ണം ലഭിക്കും. കരസേനയ്ക്കും വ്യോമ സേനയ്ക്കും എട്ടുവീതവും. ഉത്തർപ്രദേശിൽ കര, വ്യോമ സേനകൾ ചേർന്ന് ഡ്രോണുകൾക്കായി ബേസ് സ്റ്റേഷൻ ഒരുക്കും. ജനറൽ അറ്റോമിക്സ് നിർമിച്ച അമേരിക്കൻ ആളില്ലാ വിമാനമാണ് പ്രിഡേറ്റർ ഡ്രോൺ.



# ജമ്മുകശ്മീരിൽ രാഷ്ട്രപതി ഭരണം പിൻവലിച്ചു

ന്യൂഡൽഹി: ജമ്മുകശ്മീരിൽ രാഷ്ട്രപതിഭരണം പിൻവലിച്ചു. കേന്ദ്രഭരണ പ്രദേശത്ത് പുതിയ സർക്കാർ രൂപീകരണത്തിന് വഴിയൊരുക്കുന്ന ഔദ്യോഗിക ഉത്തരവ് പ്രകാരമാണ് രാഷ്ട്രപതിഭരണം പിൻവലിച്ചത്. ജമ്മുകശ്മീരിന്റെ പ്രത്യേക പദവി പിൻവലിച്ചശേഷം നടന്ന ആദ്യ നിയമസഭാതെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയ നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യത്തിന്റെ നേതൃത്വത്തിലുള്ള പുതിയ മന്ത്രിസഭയുടെ സത്യപ്രതിജ്ഞ ഉടൻ നടക്കും.

നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. രണ്ടാം തവണയാണ് ഒമർ മുഖ്യമന്ത്രിയാകുന്നത്. നാഷണൽ കോൺഫറൻസ് നിയമസഭാകക്ഷി യോഗത്തിൽ ഫറൂക്ക് അബ്ദുള്ളയാണ് ഒമറിനെ മുഖ്യമന്ത്രിയാക്കിയുള്ള തീരുമാനം പ്രഖ്യാപിച്ചത്. പത്ത് വർഷത്തെ ഇടവേളയ്ക്കു ശേഷമായിരുന്നു ജമ്മു കശ്മീരിൽ നിയമസഭാതെരഞ്ഞെടുപ്പ് നടന്നത്. 2018-ൽ പിഡിപി-ബിജെപി സഖ്യം തകർന്നതിനെത്തുടർന്ന് ജമ്മുകശ്മീരിൽ രാഷ്ട്രപതിഭരണം ഏർപ്പെടുത്തുകയായിരുന്നു.

# നൊബേൽ സമ്മാനങ്ങൾ പ്രഖ്യാപിച്ചു

സ്റ്റോക്ഹോം: ജപ്പാനിൽ അണുബോംബിനെ അതിജീവിച്ചവരുടെ കൂട്ടായ്മയ്ക്ക് ഈ വർഷത്തെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം,

ഹിരോഷിമയിലെയും നാഗസാക്കിയിലെയും അണുബോംബ് വിസ്ഫോടനം അതിജീവിച്ചവരുടെ സംഘടനയായ നിഹോൺ ഹിഡാൻക്യോയ്ക്കാണ് പുരസ്കാരം. ഹിബാകുഷ എന്നറിയപ്പെടുന്ന സന്നദ്ധസംഘടനയാണിത്.

മാനസിക, ശാരീരിക പീഢകൾ തമ്മിലുള്ള വ്യാപാരത്തിന്റെ ആഴങ്ങൾ പരതുന്ന രചനകളിലൂടെ ശ്രദ്ധ നേടിയ ദക്ഷിണകൊറിയൻ സാഹിത്യകാരി ഹൻ കാങ്ങിന് (53) സാഹിത്യത്തിനുള്ള നൊബേൽ ലഭിച്ചു.

ആദ്യമായാണ് ദക്ഷിണ കൊറിയയിലേക്ക് സാഹിത്യ നൊബേൽ വരുന്നത്. ഈ സമ്മാനം നേടുന്ന പതിനെട്ടാം വനിതയും ആദ്യ ഏഷ്യൻ വനിതയുമാണ് ഹൻ.

യുഎസ് ശാസ്ത്രജ്ഞരായ ഡേവിഡ് ബെക്കർ (62), ജോൺ ജംപർ (39), ബ്രിട്ടീഷുകാരനായ ഡെമിസ് ഹസാബിസ് (48) എന്നിവർക്കാണ് ഈ വർഷത്തെ രസതന്ത്ര നൊബേൽ.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിലെ (നിർമ്മിത ബുദ്ധി) സുപ്രധാന ഘടകമായ മെഷിൻ ലേണിങ് സാങ്കേതിക വിദ്യ വികസിപ്പിക്കാൻ നേതൃത്വം നല്കിയ ജെഫ്രി ഹിന്റൺ (76) ജോൺ ഹോപ്ഫീൽഡ് (91) എന്നീ ശാസ്ത്രജ്ഞർ ഈ വർഷത്തെ ഭൗതിക ശാസ്ത്ര നൊബേൽ പുരസ്കാരം പങ്കുവെച്ചു.

അമേരിക്കൻ ശാസ്ത്രജ്ഞരായ വിക്ടർ അംബ്രോസും (70) ഗാരി റവ്കനും (72) ഈ വർഷത്തെ വൈദ്യ ശാസ്ത്ര നൊബേൽ പങ്കിട്ടു.

മൈക്രോ ആർഎൻഎയുടെ കണ്ടുപിടിത്തം. പ്രോട്ടീൻ ഉല്പാദിപ്പിക്കാനുള്ള ജീനുകളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നതിൽ അവയ്ക്കുള്ള പങ്കിനെക്കുറിച്ചുള്ള ഗവേഷണം എന്നിവയാണ് ഇരുവരെയും നേട്ടത്തിനർഹരാക്കിയത്.

# നന്ദിയുടെ ദിനം



അനിറ്റ മാത്യു, മേലാണ്ടശേരിൽ

നന്ദി പറയുന്ന ദിനം അഥവാ താങ്ക്സ് ഗിവിംഗ് ഡേ. ഇതൊരു ആഘോഷദിനം മാത്രമല്ല, ഒരു അനുഭവം കൂടിയാണ്. കാനഡയിൽ ഒക്ടോബറിലെ രണ്ടാമത്തെ തിങ്കളാഴ്ചയും അമേരിക്കയിൽ നവംബർ മാസത്തിലെ നാലാമത്തെ വ്യാഴാഴ്ചയുമാണ് ഇത് ആഘോഷിക്കുന്നത്. വിളവെടുപ്പിനോടു കൂടി നടത്തപ്പെടുന്ന ഒരു ആഘോഷമാണിതെങ്കിലും നമ്മുടെ കുടുംബത്തോടും സമൂഹത്തോടും സംസ്കാരത്തോടുമുള്ള ബന്ധത്തെ വളർത്തിയെടുക്കുന്നതിനും നമുക്കു ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കുമുള്ള കൃതജ്ഞത അറിയിക്കാൻ കിട്ടുന്ന ഒരു അവസരം കൂടിയാണിത്.

നന്ദി എന്നത് ഒരു ചെറിയ വാക്കാണ്. എന്നാൽ, അതിന്റെ അർത്ഥം അനിർവചനീയമാണ്. സ്നേഹവും സംയമനവും നിറഞ്ഞ അനശ്വരമായ ചിന്തയാണ് നന്ദിയെന്ന വാക്കിനാധാരം. തനിക്ക് ലഭിച്ച നന്മകളെ സ്മരിക്കുകയും അതിന്റെ കൃതജ്ഞത വാക്കിലൂടെയും പ്രവൃത്തിയിലൂടെയും പ്രകടിപ്പിക്കുകയും ചെയ്യുന്നത് ഒരു വ്യക്തിയിലെ ഉത്കൃഷ്ട ഗുണവും സവിശേഷ വികാരവുമാണ്. പ്രകൃതിയും സഹജീവികളും നമുക്കു ചെയ്തുതരുന്ന ഏതൊരു ചെറിയ കാര്യത്തിനും നന്ദി പറയുക എന്നത് നമ്മുടെ കടമയാണ്. ഭാഷകൊണ്ടു മാത്രമല്ല, ഒരു ചെറിയ പുഞ്ചിരികൊണ്ടു പോലും ഒരാളോട് നന്ദി പറയാൻ നമുക്കു സാധിക്കും.

ഈ മനോഹര ദിവസത്തിൽ നമ്മൾ പങ്കുവെക്കുന്ന അനുഭവങ്ങളും കഥകളും നന്ദി പറയുന്നതിനുവേണ്ടി മാത്രമുള്ളതല്ല. നമ്മിൽ നിറഞ്ഞ അവബോധമുണ്ടാക്കുന്നതിനും മനുഷ്യരാശിക്കു വേണ്ടിയുള്ള അവകാശങ്ങൾക്ക് പുത്തൻ കാഴ്ചപ്പാടുകൾ നല്കുന്നതിനും വേണ്ടിയുള്ളതാണ്. ഇത്തരം ചെറിയ കാര്യങ്ങൾ പോലും എത്രത്തോളം ജീവിതത്തിൽ പ്രസക്തമാണ് എന്നുള്ളത് നമ്മെ നല്ലൊരു വ്യക്തിത്വത്തിനുടമയാക്കി മാറ്റുന്നു.

ഏതാണ്ട് പത്ത് വയസ്സിനടുത്തു പ്രായമുള്ളപ്പോൾ സ്കൂളിൽ നടന്ന ഉപന്യാസ മത്സരത്തിന് ഞാനും പേരു കൊടുത്തു. അക്ഷരങ്ങളോടുള്ള അനന്തമായ സ്നേഹമാണ് ഇതിനു പിന്നിലെ കാരണം. എന്നാൽ, മത്സരദിനം അടുക്കുന്തോറും കുട്ടിയായ എന്നിൽ ഭയം ഗ്രസിച്ചു തുടങ്ങി. ജീവിതത്തിൽ ആദ്യമായാണ് ഇത്തരത്തിലൊരു മത്സരത്തിൽ പങ്കെടുക്കുന്നത് എന്നുള്ളതായിരുന്നു അതിലെ ഏറ്റവും തിളക്കമാർന്ന വസ്തുത. അല്പം ഭയത്തോടെ മത്സരിക്കാൻ പോകുന്ന വിവരം മടിച്ചുമടിച്ചു ഡാഡിയോട് പറഞ്ഞു. പരിഭ്രമത്തോടു കൂടി നിന്ന എന്റെ കൈയിലേക്ക് രണ്ട് മൂന്ന് പേപ്പർ കട്ടിംഗുകൾ തന്നിട്ട് അദ്ദേഹം പറഞ്ഞു: എഴുതാനുള്ള വിഷയത്തെക്കുറിച്ച് ഇതിലുണ്ട്. നന്നായിട്ട് വായിച്ചു നോക്കിക്കോളൂ. നിനക്ക് എഴുതാൻ സാധിക്കുമെന്ന് മത്സരദിവസം സ്കൂളിലേക്ക് പോകാൻ തയ്യാറായി നിന്ന എന്നെ ചേർത്തുപിടിച്ച് അദ്ദേഹം പറഞ്ഞു: “നിന്നേക്കാൾ കഴിവുള്ളവരായി ഇവിടെ ആരും ഇല്ല. എന്നാൽ, നിന്നെക്കാൾ കഴിവ് കുറഞ്ഞവരായും ആരും ഇവിടെ ഇല്ല.” അന്നുമുതൽ ഇന്നുവരെയുള്ള ജീവിതയാത്രയിൽ എന്നെ ഒരുപാട് സ്വാധീനിച്ചിട്ടുള്ള ഒരു വാചകമാണ് ഇത്. തുല്യതയോടെ, പരസ്പര ബഹുമാനത്തോടെ മറ്റുള്ളവരെ മനസ്സിലാക്കാനും അംഗീകരിക്കാനും കഴിയുന്നിടത്താണ് വിജയം എത്തിച്ചേരുക.

ഒരു കാര്യത്തെ അംഗീകരിക്കുക എന്നത് ജീവിതത്തിലെ സത്യവുമായി ഏറ്റുമുട്ടുന്ന സാഹചര്യമാണ്. ലഭിച്ച നന്മകൾ അത് ആരിൽ നിന്നായാലും അവയെ അംഗീകരിക്കാനുള്ള മനസ്സ് നമുക്ക് ഉണ്ടായിരിക്കുക എന്നത് വലിയൊരു കാര്യമാണ്. നീതിയുക്തമായ തീരുമാനത്തിൽ എത്തിച്ചേരാൻ മനസ്സിനെ ഉണർത്തുകയും അതുവഴി ബന്ധങ്ങളുടെയും സംസ്കാരത്തിന്റെയും സമഗ്രമായ ഉയർച്ചയുടെ പടവുകൾ നടന്നുകയറാനും സാധിക്കുന്നു.

വിശുദ്ധിയുടെയും സമാധാനത്തിന്റെയും പ്രതീകമായ ഈ ദിനത്തിൽ നമുക്കു ലഭിച്ച എല്ലാ നന്മകൾക്കായും നന്ദി അറിയിക്കുമ്പോൾ, സമാധാനവും എതിർപ്പുകളുമില്ലാത്ത ഒരു ജീവിതം നമുക്ക് എല്ലാവർക്കും ഉണ്ടാകട്ടെ. ഹാപ്പി താങ്ക്സ് ഗിവിംഗ്!

# അവകാശങ്ങൾ സംരക്ഷിച്ചുകിട്ടാൻ ഒന്നിച്ചു നിൽക്കണം: മേധാപട്കർ

കോട്ടയം: വികസനത്തിന്റെ പേരിൽ ഭരണഘടന ഉറപ്പുതരുന്ന അവകാശങ്ങൾ നിഷേധിച്ച് ജനങ്ങളെ കുടിയൊഴിപ്പിക്കുമ്പോൾ അവകാശങ്ങൾ സംരക്ഷിച്ചു കിട്ടാൻ ഒന്നിച്ചുനിൽക്കണമെന്ന് പരിസ്ഥിതി പ്രവർത്തകയും നർമ്മദാ ബചാവോ ആന്ദോളൻ നേതാവുമായ മേധാപട്കർ.

കോട്ടയം പബ്ലിക് ലൈബ്രറിയും തിരുവല്ല മുളമൂട്ടിലച്ചൻ ഫൗണ്ടേഷനും ചേർന്നു നടത്തിയ ടോക്സ് ഇന്ത്യ പ്രഭാഷണ പരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു മേധാപട്കർ. വികസനമെന്നത് ജനങ്ങളുടെ സുരക്ഷ കൂടിയാണ്. അവകാശങ്ങൾ തട്ടിത്തെറിപ്പിച്ച് ജനങ്ങളെ കുടിയൊഴിപ്പിച്ച് നടത്തുന്ന വികസനം വൻകിടക്കാർക്കു വേണ്ടി മാത്രമാണ്. ഇതിനെതിരെ കൈകോർക്കാൻ നാം വെറും വോട്ടർമാരായാൽ മാത്രം പോരാ, ഉത്തരവാദിത്വമുള്ള വോട്ടർമാരാകണം.

ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ പരിസ്ഥിതിക്കേറ്റ ആഘാതത്തിന്റെ ഫലമാണ്. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് കണ്ടില്ലെന്നു നടിക്കരുതെന്നും മേധാപട്കർ പറഞ്ഞു.



# കൊളംബസിന്റെ ഡിഎൻഎ കണ്ടെത്തി

മാഡ്രിഡ്: ഉലകംചുറ്റി അമേരിക്ക കണ്ടെത്തിയ നാവികൻ ക്രിസ്റ്റഫർ കൊളംബസിന്റെ മൃതദേഹവുമായി ബന്ധപ്പെട്ടു നിലനിന്ന അഞ്ഞൂറു വർഷത്തോളം പഴക്കമുള്ള നിഗൂഢതയുടെ ചുരുളഴിഞ്ഞു. 20 കൊല്ലം മുൻപ് സ്പെയിനിലെ സെവില്ലെ കത്തീഡ്രലിൽനിന്ന് കണ്ടെത്തിയ ശരീരാവശിഷ്ടം കൊളംബസിന്റേതുതന്നെയെന്ന് ഡിഎൻഎ പരിശോധനയിലൂടെ സ്ഥിരീകരിച്ചു. കൊളംബസ് ഇറ്റലിക്കാരനല്ല, സ്പാനിഷുകാരനാണെന്നും ജനിതക പരിശോധനയുടെ അടിസ്ഥാനത്തിൽ ഏകദേശ നിഗമനത്തിലെത്താൻ ഗവേഷകർക്കായി. അടക്കംചെയ്തയിടത്തുനിന്ന് കൊളംബസിന്റെ മൃതദേഹം പല കുറി പലയിടങ്ങളിലേക്ക് മാറ്റിയിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ യഥാർത്ഥ അന്ത്യവിശ്രമസ്ഥാനം ചരിത്രകാരന്മാരെ സംബന്ധിച്ചിടത്തോളം അജ്ഞാതമായിത്തുടർന്നു. സെവില്ല കത്തീഡ്രലിൽ അടക്കംചെയ്തിരിക്കുന്ന കൊളംബസിന്റെ സഹോദരൻ ഡീഗോയുടെയും മകൻ ഹെർണാണ്ടോയുടെയും ഡിഎൻഎ സാംപിളുകളാണ് പഠനത്തിനുപയോഗിച്ചത്. ഇരു സാംപിളുകളും തമ്മിൽ സാമ്യമുണ്ടെന്ന് ഗവേഷണത്തിന് നേതൃത്വം നൽകിയ ഗ്രാനഡ സർവകലാശാലയിലെ ഫൊറൻസിക് മെഡിസിൻ പ്രൊഫസർ മിഗ്വായേൽ ലോറന്റെ പറഞ്ഞു. 1506-ൽ സ്പാനിഷ് നഗരമായ വല്ലൊഡലിഡിലായിരുന്നു കൊളംബസിന്റെ മരണം. കരീബിയൻ ദ്വീപായ ഹിസ്പാനിയോളയിൽ അന്ത്യവിശ്രമംകൊള്ളണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. 1542-ൽ അങ്ങോട്ടേക്കു കൊണ്ടുപോയി. പിന്നീട് സെവില്ലയിൽ അടക്കംചെയ്യുന്നതിനു മുൻപായി ക്യൂബയിലേക്കും കൊണ്ടുപോയിരുന്നു.

# പാചക എണ്ണയുടെ ആവർത്തിച്ചുള്ള ഉപയോഗം ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു

കോട്ടയം: ഭക്ഷ്യ എണ്ണകൾക്കു വിലകൂടിയതോടെ ഹോട്ടലുകളിലും തട്ടുകടകളിലുമെല്ലാം പാചക എണ്ണയുടെ ആവർത്തിച്ചുള്ള ഉപയോഗം വർധിക്കുന്നതായി ആക്ഷേപം.

പഴകിയ എണ്ണയുടെ ആവർത്തിച്ചുള്ള ഉപയോഗം കാൻസർ, ഹൃദയ സംബന്ധമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതയേറെയാണ്. തമിഴ്നാട്ടിൽ നിന്നുള്ള തേങ്ങയുടെയും കൊപ്രായുടെയും വരവു കുറഞ്ഞതോടെ വെളിച്ചെണ്ണ വില ലിറ്ററിന് 240 രൂപവരെ എത്തിയിരുന്നു.

കേന്ദ്രം ഇറക്കുമതി തീരുവ വർധിപ്പിച്ചതോടെ പാം ഓയിൽ, സൺഫ്ളവർ ഓയിൽ എന്നിവയുടെ വില 20 മുതൽ 30 രൂപവരെ വർധിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പു നടത്തിയ രാത്രികാല പ്രത്യേക സ്ക്വാഡ് പരിശോധനയിൽ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ് രജിസ്ട്രേഷൻ ഇല്ലാതെയും തട്ടുകടകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിരുന്നു. ഇത്തരം സ്ഥാപനങ്ങളിൽ ഭക്ഷ്യഎണ്ണയുടെ ആവർത്തിച്ചുള്ള ഉപയോഗം കണ്ടെത്തുകയും ചെയ്തിരുന്നു.

പലഹാരങ്ങളോ ഇറച്ചിയോ ഒക്കെ ഫ്രൈ ചെയ്യുമ്പോൾ ബാക്കിവരുന്ന എണ്ണ പലരും ഒഴിവാക്കാറില്ല. ഇത് എടുത്തുവെച്ച് വീണ്ടുമുപയോഗിക്കുകയാണു പതിവ്.

ചിലപ്പോൾ ദിവസങ്ങളോളം ഇത്തരം എണ്ണ ഉപയോഗിക്കുന്നവരുമുണ്ട്. എന്നാൽ ഇത് ആരോഗ്യത്തിനു ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നാണു ഡോക്ടർമാർ പറയുന്നത്. അണുബാധ മുതൽ കാൻസർ വരെയുള്ള രോഗങ്ങൾക്കാണ് ഈ ശീലം ഇടയാക്കുക.

പഴകിയ എണ്ണ ഉപയോഗിക്കുന്നതു വയറ് എളുപ്പത്തിൽ അസ്വസ്ഥമാക്കുകയും ദഹനപ്രശ്നങ്ങളുണ്ടാക്കുകയും വയറ്റിൽ കൂടുതൽ ഗ്യാസ് ഉണ്ടാകാൻ ഇടയാക്കുകയും ചെയ്യും.

ഹൃദയസംബന്ധമായ പ്രശ്നങ്ങൾക്കും ഇതു കാരണമായേക്കും. ചീത്ത കൊഴുപ്പ് ശരീരത്തിൽ അടിയാനും ഇതുവഴി ഹൃദയധമനികളിൽ ബ്ലോക്ക് ഉണ്ടാകാനുമുള്ള സാധ്യതകളും കൂടുതലാണ്. ഇതിനെല്ലാം പുറമേ തലച്ചോറിലെ കോശങ്ങളെയും ഇതു ബാധിച്ചേക്കാം.

അൽഷിമേഴ്സ്, പാർക്കിൻസൺസ് തുടങ്ങിയ മറവിരോഗങ്ങളിലേക്കും ഈ ശീലം എത്തിച്ചേക്കാം. ഹോട്ടലുകൾ, തട്ടുകടകൾ, ബജിക്കടകൾ എന്നിവിടങ്ങളിലെല്ലാം ഇത്തരം എണ്ണയുടെ ആവർത്തിച്ചുള്ള ഉപയോഗം നടക്കുന്നുണ്ട്. ഇതിനെതിരെ ശക്തമായ നടപടി വേണമെന്നാണു നാട്ടുകാരുടെ ആവശ്യം.

# മച്ചാട്ട് വാസന്തി അന്തരിച്ചു



കോഴിക്കോട്: നാടക,സിനിമ ഗായിക മച്ചാട്ട് വാസന്തി (81) അന്തരിച്ചു. കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനും റേഡിയോ ആർട്ടിസ്റ്റും വിപ്ലവ ഗായകനുമായിരുന്ന കണ്ണൂർ കക്കാട് സ്വദേശി മച്ചാട്ട് കൃഷ്ണന്റെയും കല്യാണിയുടെയും മകളായിരുന്നു. ഒമ്പതാം വയസ്സിൽ കണ്ണൂരിൽ കിസ്സാൻ സഭാ സമ്മേളനത്തിലാണ് വാസന്തി ആദ്യമായി പാടുന്നത്. ഇ.കെ. നായനാരാണ് വാസന്തിയെ വേദിയിലേക്ക് എടുത്തുകയറ്റിയത്. പിന്നീട് അച്ഛന്റെ സുഹൃത്തായിരുന്ന എം.എസ്. ബാബുരാജിന്റെ കീഴിൽ സംഗീതം അഭ്യസിച്ചു. ബാബുരാജ് ആദ്യമായി സംഗീതസംവിധാനം നിർവഹിച്ച തിരമാല എന്ന ചിത്രത്തിൽ പാടി. രാമു കാര്യാട്ടിന്റെ മിന്നാമിനുങ്ങ് എന്ന ചിത്രത്തിൽ പി. ഭാസ്കരന്റെ രചനയിൽ ബാബുരാജ് ഈണം പകർന്ന രണ്ട് പാട്ടുകൾ പാടി. നാടകത്തിലും സിനിമയിലും ആകാശവാണിയിലുമായി പതിനായിരത്തിലധികം ഗാനങ്ങൾ പാടിയിട്ടുണ്ട്. ഏറെ പ്രസിദ്ധമായ 'പച്ച പനംതത്തേ...' എന്ന ഗാനം 13-ാം വയസ്സിലാണ് പാടുന്നത്. കോഴിക്കോട്ട് താമസമാക്കിയതോടെ നാടകത്തിലും വാസന്തി തിളങ്ങി. കുതിരവട്ടം പപ്പുവിനൊപ്പം രാജാ തിയേറ്റേഴ്സിന്റെ കറുത്തപെണ്ണ്, കെപിഎസിയുടെ നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി തുടങ്ങിയ നാടകങ്ങളിൽ അഭിനയിക്കുകയും പാടുകയും ചെയ്തു. ഭർത്താവ് പരേതനായ തമ്പിക്കണ്ടത്തിൽ ബാലകൃഷ്ണൻ. മക്കൾ: മുരളീധരൻ, സംഗീത. മരുമകൾ: സുനിത.

# രത്തൻ ടാറ്റ ഓർമയായി

(3-ാം പേജിൽനിന്നും)

മുംബൈ വർളിയിലെ പാഴ്സി ശ്മശാനത്തിലാണ് വ്യവസായരംഗത്തെ അതികായന്റെ സംസ്കാരച്ചടങ്ങുകൾ നടന്നത്. കേന്ദ്രമന്ത്രിമാരായ അമിത് ഷാ, പിയൂഷ് ഗോയൽ, മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ, രത്തൻ ടാറ്റയുടെ അർധസഹോദരൻ നോയൽ ടാറ്റ, ടാറ്റ ഗ്രൂപ്പ് ചെയർമാൻ എൻ. ചന്ദ്രശേഖരൻ തുടങ്ങിയവർ ഉൾപ്പെടെയുള്ള പ്രമുഖർ സംസ്കാരച്ചടങ്ങിനെത്തിയിരുന്നു.

ഔദ്യോഗിക ബഹുമതികൾക്കു ശേഷം വർളിയിലെ ശ്മശാനത്തിലേക്കു മൃതദേഹം കൊണ്ടുപോകുകയായിരുന്നു. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും കേന്ദ്രമന്ത്രിമാരടക്കമുള്ള രാഷ്ട്രീയപ്രമുഖർക്കുമാണ് സംസ്കാരച്ചടങ്ങിലേക്കു പ്രവേശനമുണ്ടായിരുന്നത്. പാഴ്സി ആചാരപ്രകാരമാണു സംസ്കാരം നടത്തിയത്.

നവൽ എച്ച്. ടാറ്റയുടെയും സൂനുവിന്റെയും മകനായി 1937 ഡിസംബർ 28-നു ജനിച്ച രത്തൻ ടാറ്റ അവിവാഹിതനാണ്. യുഎസിൽ ആർക്കിടെക്ടായിരുന്ന അദ്ദേഹം വീട്ടുകാരുടെ നിർബന്ധത്തെത്തുടർന്ന് ഇന്ത്യയിലേക്കു മടങ്ങുകയായിരുന്നു. 1962-ൽ ടാറ്റ സ്റ്റീലിൽ ട്രെയിനിയായി ജോലിയിൽ പ്രവേശിച്ചു. 1981-ൽ ടാറ്റ ഇൻഡസ്ട്രീസ് ചെയർമാനായി. ജെ.ആർ.ഡി. ടാറ്റയുടെ പിൻഗാമിയായി 1991-ൽ ടാറ്റയുടെ തലപ്പത്തെത്തി. ടാറ്റയെ ലോകോത്തര ബ്രാൻഡാക്കി മാറ്റുന്നതിൽ വലിയ സംഭാവനകൾ നൽകിയ രത്തൻ പുതിയ സാങ്കേതിക മേഖലകളിലേക്കു ടാറ്റ കമ്പനികളെ നയിച്ചു.

ആറ് ഭൂഖണ്ഡങ്ങളിലായി നൂറിലേറെ രാജ്യങ്ങളിൽ പടർന്നു കിടക്കുന്നതാണ് ടാറ്റയുടെ വ്യവസായ സാമ്രാജ്യം. ഒട്ടേറെ പ്രതിസന്ധികളെ അതിജീവിച്ചു ടാറ്റയെ മുന്നോട്ടു നയിച്ചു. ജീവകാരുണ്യത്തിനായി വരുമാനത്തിന്റെ വലിയൊരു ഭാഗം നീക്കിവെച്ച രത്തൻ ടാറ്റ ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ മുൻകയ്യെടുത്തു.

2000-ൽ പത്മഭൂഷണും 2008-ൽ പത്മവിഭൂഷണും ലഭിച്ചു. മിത്സുബിഷി കോർപറേഷൻ, ജെപി മോർഗൻ ചേസ് തുടങ്ങിയവയുടെ ഉപദേശക സമിതികളിൽ അംഗമായിരുന്നു. 2012 ഡിസംബറിലാണ് ടാറ്റ സൺസ് ചെയർമാൻ പദവിയൊഴിഞ്ഞത്. തുടർന്നു സ്ഥാനമേറ്റ സൈറസ് മിസ്ത്രി അഭിപ്രായവ്യത്യാസങ്ങളെത്തുടർന്നു 2016-ൽ പുറത്തായതോടെ ഇടക്കാല ചെയർമാനായി തിരിച്ചെത്തി. 2017 ജനുവരിയിൽ എൻ. ചന്ദ്രശേഖരനു പദവി കൈമാറിയ അദ്ദേഹം ഇമെരിറ്റസ് ചെയർമാനായി.

# മദ്രസകൾക്കുള്ള ധനസഹായം

(3-ാം പേജിൽനിന്നും)

പഠന റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് നിർദേശമെന്നും പ്രിയാങ്ക് കനൂങ് വ്യക്തമാക്കി.

കേരളത്തിലെ മദ്രസകളിൽ കുട്ടികൾ ചൂഷണത്തിനു വിധേയരാകുന്നുവെന്നു ദേശീയ ബാലാവകാശ കമ്മീഷൻ പഠനറിപ്പോർട്ടിൽ പറയുന്നു.

മദ്രസകൾക്കു പണം നൽകുന്നില്ലെന്ന് കേരളം പച്ചക്കള്ളം പറഞ്ഞതായി കമ്മീഷൻ അധ്യക്ഷൻ പ്രിയാങ്ക് കാനൂങ് ഒക്ടോബർ 13-ന് പ്രതികരിച്ചു. മദ്രസ അധ്യാപകരുടെ ക്ഷേമനിധിയിലേക്ക് സർക്കാർ പണം നൽകുന്നുണ്ടെന്നും ഇത് നികുതിപ്പണമാണെന്നും പ്രിയാങ്ക് പറഞ്ഞു.

ദേശീയ ബാലാവകാശ കമ്മീഷന്റെ ചുമതലകളെന്താണെന്ന ആമുഖത്തോടെ തുടങ്ങുന്ന കത്തിൽ, വിദ്യാഭ്യാസ അവകാശ നിയമമടക്കം വിവരിക്കുന്നുണ്ട്. സമത്വം, സാമൂഹ്യനീതി, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങൾ കൈവരിക്കുന്നതിന് എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം നൽകുന്നതിലൂടെ മാത്രമേ സാധ്യമാകൂ. 2009 വിദ്യാഭ്യാസ അവകാശനിയമത്തിൽ നിന്ന് മതസ്ഥാപനങ്ങളെ ഒഴിവാക്കിയത് മതസ്ഥാപനങ്ങളിൽ മാത്രം പഠിക്കുന്ന കുട്ടികളെ ഔപചാരിക വിദ്യാഭ്യാസത്തിൽനിന്ന് ഒഴിവാക്കുന്നതിലേക്കു നയിച്ചു എന്നും കത്തിൽ ആരോപിക്കുന്നു. ഇതുവഴി കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാകുന്നത് നിഷേധിക്കപ്പെട്ടു. വിദ്യാഭ്യാസ അവകാശ നിയമം തെറ്റായി വ്യാഖ്യാനിക്കപ്പെട്ടുവെന്നും കത്തിൽ ചൂണ്ടിക്കാട്ടുന്നു. നേരത്തെ, മദ്രസകളിൽ നൽകിവരുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ ആശങ്കയറിയിച്ചു കമ്മീഷൻ സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നു.

എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാണെന്ന് കത്തിൽ വ്യക്തമാക്കി. ഒരു ബോർഡ് രൂപീകരിച്ചതുകൊണ്ടോ വിദ്യാഭ്യാസത്തിനായുള്ള ഏകീകൃത ജില്ലാ വിവര സംവിധാനങ്ങൾ ഉപയോഗിച്ചതുകൊണ്ടോ മദ്രസകൾ വിദ്യാഭ്യാസ അവകാശ നിയമം പാലിക്കുന്നുണ്ടെന്ന് അർത്ഥമാക്കാൻ കഴിയില്ല. അതിനാൽ മദ്രസകൾക്കും മദ്രസ ബോർഡുകൾക്കും നൽകുന്ന സർക്കാർ ധനസഹായം നിർത്താൻ ശിപാർശ ചെയ്യുന്നതായും ദേശീയ ബാലാവകാശ കമ്മീഷൻ ചീഫ് സെക്രട്ടറിമാർക്ക് അയച്ച കത്തിൽ വ്യക്തമാക്കി.

# മാസപ്പടിക്കേസ്

(3-ാം പേജിൽനിന്നും)

മന്ത്രാലയത്തിന്റ ആദ്യ ഉത്തരവുപ്രകാരം ആർഒസി സംഘം തുടങ്ങിവെച്ച അന്വേഷണമാണു സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് ഏറ്റെടുത്തത്.

കൊച്ചിൻ മിനറൽ ആൻഡ് റൂട്ടൈൽസ് കമ്പനി (സിഎംആർഎൽ) എന്ന സ്വകാര്യ കമ്പനി, വീണാ വിജയന്റെ ഉടമസ്ഥതയിലുള്ള എക്സാലോജിക് സൊല്യൂഷ്യൻസ് എന്ന കമ്പനിക്ക് നൽകാത്ത സേവനത്തിന് പ്രതിഫലം നൽകിയെന്ന ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ കണ്ടെത്തലാണ് വിവാദങ്ങൾക്ക് കാരണം. സ്വകാര്യ കമ്പനി ആർക്കൊക്കെ പണം, എന്തിനൊക്കെ പണം നൽകിയെന്നത് അന്വേഷിക്കണം എന്നാണു പരാതിക്കാരനായ ഷോൺ ജോർജിന്റെ പ്രധാന ആവശ്യം.

നേരത്തെ സ്വകാര്യ കരിമണൽ കമ്പനിയുമായുള്ള ഇടപാടുകളിൽ എസ്എഫ്ഐഒയുടെ അന്വേഷണം തടയണമെന്നാവശ്യപ്പെട്ട് വീണ നൽകിയ ഹർജി ഹൈക്കോടതി തള്ളിയിരുന്നു.

# ആഗോള പട്ടിണി സൂചിക

(3-ാം പേജിൽനിന്നും)

ചിലെ, ചൈന, കോസ്റ്ററിക്ക എന്നീ രാജ്യങ്ങളാണ് ആദ്യം. സൊമാലിയ, യെമൻ, ചാഡ്, മഡഗാസ്കർ, കോംഗോ എന്നിവയാണ് അവസാന അഞ്ചിൽ. വിശപ്പിന്റെ തീവ്രത സൂചിപ്പിക്കുന്ന പോയിന്റ് സ്കെയിലിൽ വിശപ്പില്ലാത്തത് പൂജ്യം. ഏറ്റവും തീവ്രം 100 എന്ന മാനദണ്ഡത്തിലാണ് സ്കോർ തയ്യാറാക്കിയത്. ഇന്ത്യയുടെ പോയിന്റ് 27.3 ആണ്.

ഇന്ത്യയിൽ 13.7 ശതമാനം ആളുകൾക്ക് പോഷകാഹാരം ലഭിക്കുന്നില്ല. 2.9 ശതമാനം കുട്ടികൾ 5 വയസ് ആകുന്നതിനു മുമ്പ് മരിക്കുന്നു. ലോകത്തെമ്പാടുമായി 280 കോടി ആളുകൾക്ക് നല്ല ഭക്ഷണം ലഭിക്കുന്നില്ലെന്നും 737 ദശലക്ഷം പേർ ദിവസവും പട്ടിണി അനുഭവിക്കുന്നുവെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

# പോരു മുറുകുന്നു

(3-ാം പേജിൽനിന്നും)

ഈ വിവരത്തിന്റെ ഉറവിടം മുഖ്യമന്ത്രിയായതിനാൽ അദ്ദേഹത്തോടു തിരക്കുകയും വേണം. എന്നാൽ, തന്റെ കത്തുകളോട് അദ്ദേഹം പ്രതികരിക്കാൻ തയാറായില്ല. അതുകൊണ്ടാണു ചീഫ് സെക്രട്ടറിയും ഡിജിപിയും വന്നു വിശദീകരിക്കാൻ നിർദേശിച്ചത്. മുഖ്യമന്ത്രി ചുമതലപ്പെടുത്താതെ തന്നെ എത്രയോ കാര്യങ്ങൾക്ക് അവർ രാജ്ഭവനിൽ വരാറുണ്ട്. നിയമസഭ വിളിച്ചുചേർക്കാൻ തീരുമാനിച്ചിരിക്കെ ഓർഡിനൻസ് ഇറക്കണമെന്ന ആവശ്യവുമായി ഈയിടെ രണ്ട് വകുപ്പു സെക്രട്ടറിമാരെയും കൂട്ടി ചീഫ് സെക്രട്ടറി വന്നു. വിയോജിപ്പുണ്ടായിട്ടും അംഗീകരിച്ചു: ഗവർണർ അഭിപ്രായപ്പെട്ടു.

അതിനിടെ ഗവർണറുടെ കത്തിന് അതേ നാണയത്തിൽ രൂക്ഷമായ വാക്കുകൾ ഉൾക്കൊള്ളുന്ന മറുപടിയുമായി മുഖ്യമന്ത്രി പിണറായി വിജയന്റെ കത്ത്. തനിക്കൊന്നും മറച്ചുവെക്കാനില്ല. സ്വർണക്കടത്ത് രാജ്യവിരുദ്ധമാണ്. താൻ പറയാത്ത കാര്യങ്ങൾ പറഞ്ഞെന്നു വ്യാഖ്യാനിക്കരുതെന്നും ഗവർണർക്കയച്ച കത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കി.

താൻ പറയാത്ത കാര്യങ്ങളാണ് പ്രസിദ്ധീകരിച്ചതെന്ന് ഹിന്ദു ദിനപത്രം വ്യക്തമാക്കിയിട്ടുണ്ട്. സ്വർണക്കടത്തുമായി ബന്ധപ്പെട്ട് താൻ നടത്തിയത് രാജ്യവിരുദ്ധ ശക്തികൾ ഇത്തരം സാഹചര്യം മുതലാക്കുന്നതിനെക്കുറിച്ചാണ്.

പോലീസ് വെബ്സൈറ്റിൽ ഉണ്ടെന്ന് പറഞ്ഞ് ഗവർണർ ഉയർത്തിക്കാട്ടിയ കാര്യങ്ങൾ തെറ്റാണെന്നും പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അത്തരത്തിൽ ഒരു കാര്യവുമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

# SEEKING BRIDEGROOM

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposal for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

# SEEKING BRIDEGROOM CONTD.....

## ഏലിക്കുട്ടി ജോസഫ്

**മരങ്ങാട്ടുപിള്ളി:** പുളിക്കിയിൽ (മണിയമ്പ്ര) ഏലിക്കുട്ടി ജോസഫ് (92) അന്തരിച്ചു. ഭർത്താവ് പരേതനായ ജോസഫ്. മക്കൾ: ഉഴവൂർ ബ്ലോക്ക് പഞ്ചായത്തംഗം ജോൺസൺ പുളിക്കിയിൽ (മീനച്ചിൽ സർക്കിൾ സഹ. യൂണിയൻ ചെയർമാൻ), വിൽസൺ (ഇരിട്ടി), ജോസ് (ദുബായ്), ജാൻസി, ബെറ്റി, ആനി (യുഎസ്). ബീന. മരുമക്കൾ: അന്നു പവ്വത്ത് (എലിക്കുളം), മേരിമ്മ പൊട്ടനാനായിൽ (തീക്കോയി), ഷീന അർത്തിയിൽ (രാമപുരം), ജോസ് കൈപ്പള്ളി (അമ്പാറനിരപ്പേൽ), ജോണി തെക്കെയിൽ (പ്രവിത്താനം), കെൻ മോറിസ് (കൊല്ലം), ജോയിസ് മാമ്പള്ളിൽ (ഇലഞ്ഞി).

**കോഴഞ്ചേരി:** വിമുക്തഭടൻ നിരവത്ത് സി.എസ് ഏബ്രഹാം (തങ്കച്ചൻ-78) അന്തരിച്ചു.

## വി.സി. ജോസഫ്

**കൊച്ചി:** കെന്റാസ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് മുൻ ഡയറക്ടർ വെട്ടിക്കാപ്പള്ളിൽ നങ്ങച്ചിവീട്ടിൽ വി.സി. ജോസഫ് (94) അന്തരിച്ചു. ഭാര്യ ദേവികുളം നേര്യംപറമ്പിൽ റാണി. മക്കൾ: സന്തോഷ്, സഞ്ജയ് (കാനഡ), സലിൽ (യുഎസ്), സുശീൽ. മരുമക്കൾ: ബിനി, സാറാ, മേരി.

**തിരുവനന്തപുരം:** അനന്തപുരി, ജൂബിലി ആശുപത്രി എന്നിവിടങ്ങളിൽ യൂറോളജിസ്റ്റായിരുന്ന കോട്ടയം പള്ളം കണ്ണമ്പറത്ത് ഡോ. സുനിൽ ജേക്കബ് (61) അന്തരിച്ചു.

**മണർകാട്:** തലപ്പാടി കൊച്ചുപുരയ്ക്കൽ പരേതനായ കെ. എം. ഏബ്രഹാമിന്റെ ഭാര്യ ശോശാമ്മ ഏബ്രഹാം (ചിന്നമ്മ-92) അന്തരിച്ചു.

**ഏറ്റുമാനൂർ:** മൂലേപ്പറമ്പിൽ തോമസ് (88) അന്തരിച്ചു.

## ഏബ്രഹാം പി. സ്കറിയ

**പാത്താമുട്ടം:** പാടാച്ചിറയിൽ ഏബ്രഹാം പി. സ്കറിയ (അവറാച്ചൻ-78) അന്തരിച്ചു. ഭാര്യ മീനടം കിഴക്കേടത്ത് ശോശാമ്മ ഏബ്രഹാം. മക്കൾ: ഡോ. പ്രീത വർഗീസ്, ഡോ. പ്രിൻസി ഏബ്രഹാം, പ്രേമ ജേക്കബ്. മരുമക്കൾ: ഡോ. ബിജു വർഗീസ്, അരുൺ ജേക്കബ് (എല്ലാവരും യുഎസ്).

## ഡാനിയൽ സാമുവൽ

**തിരുവല്ല:** കിഴക്കൻ മുത്തൂർ എബനേസർ വില്ലയിൽ ഡാനിയൽ സാമുവൽ (76) അന്തരിച്ചു. ഭാര്യ കാഞ്ഞീറ്റുകര തായില്യം മേരിക്കുട്ടി. മക്കൾ: ജൂലി, ജോമി (യുഎസ്), ജസ്റ്റി (ബാംഗ്ലൂർ). മരുമക്കൾ: പള്ളിപ്പാട് പുത്തൻപുരയ്ക്കൽ കോശി, ഇളമ്പൽ തുണ്ടിയിൽ എവ്‌ലിൻ (യുഎസ്), റാന്നി ഉതിമൂട് നെല്ലിക്കാപറമ്പ് ആൻസി (ബാംഗ്ലൂർ).

**ഓച്ചിറ:** വ്യാപാരിയും ജീവകാരുണ്യ സാമൂഹിക പ്രവർത്തകനുമായ കൃഷ്ണപുരം അനിയൻസിൽ എസ്. ശശിധരൻ (79) അന്തരിച്ചു.

## ഒ.ജെ. മാത്യു

**ഇലയ്ക്കാട്:** ഓലിക്കൽ പുത്തൻപുരയിൽ ഒ.ജെ. മാത്യു (91) അന്തരിച്ചു. ഭാര്യ കൊല്ലപ്പള്ളി പാമ്പയ്ക്കൽ ലില്ലിക്കുട്ടി മാത്യു. മക്കൾ: ഷൈജു മാത്യു, ഷൈനു ഷിബു. മരുമക്കൾ: ഷിജി ഷൈജു ഇടയ്ക്കാട്ട് (കാഞ്ഞിരപ്പള്ളി), ഷിബു സെബാസ്റ്റ്യൻ ചിറയിൽ (ചിക്കാഗോ).

**തൃശൂർ:** കാത്തലിക് സിറിയൻ ബാങ്ക് റിട്ട. ലോ ഓഫീസർ സി.ടി. വത്സ (71) അന്തരിച്ചു.

**കുത്രപ്പള്ളി:** ആരാധനാ മഠാംഗം സിസ്റ്റർ ആനി ഗ്രെയ്സ് തുണ്ടിയിൽ (ആലീസ്-80) അന്തരിച്ചു.

## സുജാത സോമരാജൻ അന്തരിച്ചു



ന്യൂയോർക്ക്: ചെങ്ങന്നൂർ ആല നടുവിലമുറിയിൽ വീട്ടിൽ പരേതരായ ഭാസ്കരന്റെയും കമലമ്മയുടെയും മകൾ സുജാത സോമരാജൻ (64) ന്യൂയോർക്കിലെ ബ്രൂക്കിലിനിൽ അന്തരിച്ചു. ഇന്ത്യൻ മിലിട്ടറിയിൽ നേഴ്സായിരുന്ന സുജാത വിവാഹശേഷമാണ് അമേരിക്കയിലേക്ക് കുടിയേറിയത്.

ബ്രൂക്കിലിനിൽ കോണി ഐലന്റ് ഹോസ്പിറ്റലിൽ രജിസ്റ്റേർഡ് നേഴ്സായി സേവനം അനുഷ്ഠിച്ചിരുന്ന സുജാത തന്റെ നീണ്ട മുപ്പത് വർഷത്തെ സേവനത്തിനിടയിൽ പലതവണ മികച്ച സേവനത്തിനുള്ള അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. അക്യൂട്ട് ആന്റ് ക്രിട്ടിക്കൽ കെയറിലെ ഇരുപത് വർഷത്തെ മികച്ച സേവനത്തിനുള്ള അവാർഡും ഇരുപത്തഞ്ച് വർഷത്തിലെ മികച്ചസേവനത്തിനുള്ള അവാർഡും സുജാതയുടെ നേഴ്സിംഗ് കരിയറിലെ നേട്ടങ്ങളാണ്. ശ്രീനാരായണ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ സജീവ അംഗമായിരുന്ന സുജാത സംഘടനയുടെ ട്രഷറർ ആയും വിമൺസ് ഫോറം സെക്രട്ടറി ആയും പ്രവർത്തിച്ചിട്ടുണ്ട്. ഭർത്താവ്: റാന്നി ഉതിമൂട് കുളത്താണിയിൽ വീട്ടിൽ സോമരാജൻ നാരായണൻ. മകൾ: അശ്വതി സോമരാജൻ. മരുമകൻ: ഷോൺ മിലൻ.

വാർത്ത: ഉമ സജി

## കുഞ്ഞമ്മ ഫിലിപ്പ്

**ചേർപ്പുങ്കൽ:** കോലടി ഫിലിപ് ജോസിന്റെ ഭാര്യ കുഞ്ഞമ്മ ഫിലിപ്പ് (84) അന്തരിച്ചു. അരുവിത്തുറ വലിയവീട്ടിൽ കുടുംബാംഗമാണ്. മക്കൾ: ദീപക് ഫിലിപ്, ദീപ മരിയ കോലടി (സെ. അൽഫോൻസാ എച്ച്എസ് വാകക്കാട്), ദീപ്തി എലിസബത്ത് (യുഎസ്), ദിലീസ് പി കോലടി (എറണാകുളം). മരുമക്കൾ: സജി ജോസഫ് വടക്കേൽ ചെമ്മലമറ്റം, ഡോ.ജോയി സ്കറിയ കിടങ്ങത്താഴെ (യുഎസ്), വിജയ് ജോസ് മടിക്കാങ്കൽ (ദുബായ്).

**ചങ്ങനാശേരി:** ബെംഗ്ളൂരു ഗുഡ്ഷെപ്പേർഡ് സിസ്റ്റേഴ്സ് (സെ. മാർത്താസ് ഹോസ്പിറ്റൽ) മഠാംഗം സിസ്റ്റർ ടെരസിറ്റ കോച്ചേരി (86) അന്തരിച്ചു.

**മല്ലുശേരി:** തൈപ്പറമ്പിൽ ചിന്നമ്മ തോമസ് (76) അന്തരിച്ചു.

## റേച്ചലമ്മ ജോൺ



**പെരുമ്പെട്ടി:** ചുങ്കപ്പാറ സിഎംഎസ് എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപിക വല്യമണ്ണിൽ റേച്ചലമ്മ ജോൺ (പൊടിയമ്മ-76) അന്തരിച്ചു. ഭർത്താവ് പരേതനായ ജോൺ ഉമ്മൻ. മക്കൾ: പ്രസാദ്, കൊച്ചുമോൻ (ഇരുവരും യുഎസ്). പരേതയായ പുഷ്പ.

**തൃശൂർ:** സിഎംഐ കോൺഗ്രിഗേഷൻ തൃശൂർ ദേവമാതാ പ്രോവിൻസ് അംഗവും ബാംഗ്ലൂർ ക്രൈസ്റ്റ് കോളജ്, ധർമ്മാരാം കോളജ് റിട്ട. പ്രഫസറുമായിരുന്ന ഫാ. ഡേവിസ് ആൻഡ്രൂസ് ആത്തപ്പിള്ളി (86) അന്തരിച്ചു.

**വാകത്താനം:** ചൊരിക്കൻപാറയിൽ ജോർജ് ജോസഫ് (62) അന്തരിച്ചു.

**ചമ്പക്കുളം:** റിട്ട. പോലീസ് ഉദ്യോഗസ്ഥൻ ചേലേകാട് സി. ജെ. ഏബ്രഹാം (അവറാച്ചൻ -85) അന്തരിച്ചു.

**കോട്ടയം:** കിളിരൂർ ചേരിക്കൽ പരേതനായ സി.കെ. ഏലിയാസിന്റെ ഭാര്യ കുഞ്ഞുമോൾ ഏലിയാസ് (83) അന്തരിച്ചു.

**മരങ്ങാട്ടുപിള്ളി:** പാലാ സെ. തോമസ് ടിടിഐ റിട്ട. പ്രിൻസിപ്പൽ ഇട്ടിയേക്കാട്ട് എം. ജെ. തോമസ് (ബാബു-72) അന്തരിച്ചു.

**കുണ്ടറ:** മുളവന കൊച്ചുപറമ്പിൽ അമ്മിണി കുര്യൻ (86) അന്തരിച്ചു.

**ഇടപ്പാടി:** വാഴയ്ക്കപ്പാറയിൽ ജോസഫ് ജോസഫിന്റെ ഭാര്യ ചിന്നമ്മ ജോസഫ് (77) അന്തരിച്ചു.

## ഡോ. ശങ്കരൻ ത്രിവിക്രമൻ നമ്പൂതിരി



**മരങ്ങാട്ടുപിള്ളി:** മലയാള സാഹിത്യകാരനും ഗണിത കംപ്യൂട്ടർ സാങ്കേതികശാസ്ത്ര വിദഗ്ദ്ധനുമായിരുന്ന പാലയ്ക്കാട്ടുമല മൂത്തേടത്തില്ലത്ത് ഡോ. ശങ്കരൻ ത്രിവിക്രമൻ നമ്പൂതിരി (92) യുഎസിൽ അന്തരിച്ചു. ഭാര്യ സരസ്വതി അന്തർജനം യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് റിട്ട. അസി പ്രഫസർ). മക്കൾ: ഡോ. മായ, ഇന്ദു. മരുമകൻ: വിജയ് ശരദേഷ് പാണ്ഡേ.

**ചങ്ങനാശേരി:** മടുക്കുംമൂട് കരിങ്ങട ഡോ. അലക്സാണ്ടർ സെബാസ്റ്റ്യൻ (സിബിച്ചൻ-80) അന്തരിച്ചു.

## റെയ്ച്ചൽ ആൻഡ്രൂസ്

**ചെങ്ങളം:** പറക്കരിയിൽ റെയ്ച്ചൽ ആൻഡ്രൂസ് (അമ്മിണി-78) അന്തരിച്ചു. ഭർത്താവ് പരേതനായ പി.വി. ആൻഡ്രൂസ്. മക്കൾ: പരേതനായ വർഗീസ്, പൊന്നമ്മ, മറിയാമ്മ (റിട്ട. അദ്ധ്യാപിക, വെട്ടിമുകൾ), ഷീന, ജോസഫ് (ബിഎസ്എഫ്), സെബാസ്റ്റ്യൻ (യുഎസ്). മരുമക്കൾ: കുഞ്ഞുമോൻ വാഴൂർ, ചെറിയാൻ കൂടല്ലൂർ (റിട്ട. ഹവിൽദാർ), ജോഷി വെട്ടിമുകൾ (വെഹിക്കിൾ സൂപ്പർവൈസർ, കെഎസ്ആർടിസി കോട്ടയം), ജാനറ്റ് നെടുമുടി (അദ്ധ്യാപിക, ചെങ്ങളം ഗവ. എച്ച്.എസ്), ഷീന കുട്ടിക്കൽ (യുഎസ്).

**ചങ്ങനാശേരി:** കുരിശുംമൂട് കൈപ്പടാശേരിൽ ഗ്രേസമ്മ തോമസ് (74) അന്തരിച്ചു.

**വാഴക്കുളം:** ആവോലി വള്ളിക്കട ഇളങ്ങേടത്ത് സേവ്യർ ജോസഫ് (88) അന്തരിച്ചു.

## സരോജിനി കൃഷ്ണൻ

**മാങ്ങാനം:** കരിയിൽ (കൃഷ്ണാമൃതം) പരേതനായ കെ. കൃഷ്ണന്റെ ഭാര്യ സരോജിനി കൃഷ്ണൻ (78) അന്തരിച്ചു. മക്കൾ: കൃഷ്ണകുമാരി, സുഭാഷ്കുമാർ (യുഎസ്), സുഷമ. മരുമക്കൾ: പൂഞ്ഞാർ വിജയൻ (മ്യൂസിക് ഡയറക്ടർ), സുജ സുഭാഷ് (എംജി യൂണി.), ഡി. സുരേഷ്കുമാർ.

**ആനക്കല്ല്:** മാളിയേക്കൽ സിസിലി ജോർജ് (ത്രേസ്യാമ്മ -94) അന്തരിച്ചു.

**കല്ലൂപ്പാറ:** ചേരാലുംമൂട്ടിൽ തുരുത്തിപ്പള്ളിൽ ജ്യോതിയിൽ ജോസഫ് മാത്യു (തമ്പി-76) അന്തരിച്ചു.

**സീതത്തോട്:** കണികുന്നത്ത് പ്ലാത്താനം കെ. ടി. ഏബ്രഹാമിന്റെ മകൻ ഷെറിൻ തോമസ് (38) അന്തരിച്ചു.

## തോമസ് കുര്യൻ

**കോട്ടയം:** കീഴുക്കുന്ന് കല്ലക്കടമ്പിലായ കൊട്ടുപ്പള്ളിൽ തോമസ് കുര്യൻ (തങ്കച്ചൻ-86) അന്തരിച്ചു. ഭാര്യ കോട്ടയം നട്ടാശേരിയിടത്തിലായ പരേതയായ ആലീസ് തോമസ്. മക്കൾ: ഡോ. ആശ തോമസ് (യുഎസ്), കുര്യൻ എസ് തോമസ്. മരുമകൻ: തിരുവനന്തരപുരം തെക്കേപറമ്പിൽ തോമസ് ടി. ജോർജ് (യുഎസ്).

**തിരുവാർപ്പ്:** കളമശേരി പ്രീമിയർ ടയേഴ്സ് റിട്ട. ജീവനക്കാരൻ കളത്തുവീട്ടിൽ രാജു (69) അന്തരിച്ചു.

## ഡോ. കെ.എസ് നന്ദലാൽ

**തൃശൂർ:** ഒല്ലൂർ തൈക്കാട്ടുശേരി വൈദ്യരത്നം ആയുർവേദ കോളജ് പ്രഫസർ ചേർപ്പ് പാറക്കോവിൽ ടോപ് ഗാർഡൻ ശ്രീരംഗത്തിൽ ഡോ.കെ.എസ് നന്ദലാൽ (58) അന്തരിച്ചു. കോതമംഗലം വാരപ്പെട്ടി ഇളങ്ങവം (കോണിക്കൽ) കുടുംബാംഗമാണ്. ഭാര്യ ഡോ. മായാ റോഷ്നി (ആയുർവേദ ആശുപത്രി, അന്തിക്കാട്). മക്കൾ: നമിത, ഡോ. നീരജ്. മരുമകൻ: ശങ്കർ (യുഎസ്).

**നാലുന്നാക്കൽ:** ആനക്കല്ലുങ്കലായ വട്ടച്ചാൽ റിട്ട. അദ്ധ്യാപകൻ പരേതനായ വി.ടി. കുരുവിളയുടെ ഭാര്യ റിട്ട. അദ്ധ്യാപിക തങ്കമ്മ കുരുവിള (എം.വി. തങ്കമ്മ-84) അന്തരിച്ചു.

**നരിയങ്ങാനം:** പുത്തൻപുരയിൽ ജോസ് ഏബ്രഹാം (78) അന്തരിച്ചു.

**ഇടപ്പള്ളി:** വരാപ്പുഴ സെ. ജോസഫ്സ് എൽപിഎസ് റിട്ട. അദ്ധ്യാപിക ബിടിഎസ്-മാമംഗലം ക്രോസ് റോഡ് ഭാവന ലെയ്നിൽ നടുക്കുഴയ്ക്കൽ എം. കെ. അമ്മിണി (84) അന്തരിച്ചു.

## ഡോ. തോമസ് ജോർജ്

**തിരുവനന്തപുരം:** യുകെ, യുഎസ്, ബ്രസീൽ, ഫ്രാൻസ്, നൈജീരിയ എന്നീ രാജ്യങ്ങളിലെ വിവിധ സർവകലാശാലകളിൽ ഫാർമക്കോളജി പ്രഫസറായിരുന്ന കവടിയാർ ആർ.പി. ലെയ്ൻ (എം 18-ൽ) ഡോ. തോമസ് ജോർജ് അന്തരിച്ചു. ഭാര്യ മുല്ലമംഗലം സൂസൻ തോമസ്. മക്കൾ: ജീന ബാർജ്, സറീന തോമസ് (ഇരുവരും യുഎസ്). നതാഷ തോമസ് (സിംഗപ്പൂർ). മരുമക്കൾ: ഏർണി ബാർജ്, ആൻഡ്രേസ് ഗോവൽ ഡോൺ, ജോർജ് തോമസ്.

**ചാരുവേലി:** പുല്ലേലിമണ്ണിൽ പാസ്റ്റർ പി.എം ജോൺ (51) അന്തരിച്ചു.

**തിരുവല്ല:** തിരുമൂലപുരം ബഥനി മഠാംഗം സിസ്റ്റർ ജയിൻ (90) അന്തരിച്ചു.

**കാണക്കാരി:** ശൗര്യാമ്മാക്കേൽ ആനിയമ്മ ഷാജി (65) അന്തരിച്ചു.

**പുനലൂർ:** വിളക്കുവെട്ടം കോയിത്തറ ടോണി ജോസഫ് (59) അന്തരിച്ചു.

## ഡോ. ഏബ്രഹാം ജോൺ

**മാവേലിക്കര:** തിരുവനന്തപുരം രാമകൃഷ്ണ ആശുപത്രി അനസ്തീഷ്യോളജിസ്റ്റ് തഴക്കര കല്ലടാൽ ചെറുതോട്ടം ബംഗ്ലാവിൽ ഡോ. ഏബ്രഹാം ജോൺ (ജോയി-77) അന്തരിച്ചു. ഭാര്യ തിരുവനന്തപുരം കുളങ്ങിയിൽ വത്സല. മക്കൾ: ഗീത, ജിജു (ഇരുവരും യുഎസ്). മരുമക്കൾ: സുബി, ആനി (ഇരുവരും യുഎസ്).

## ടി.ഡി. ജോസഫ്

**കല്ലനോട്:** കർഷകൻതടത്തിൽ ടി.ഡി. ജോസഫ് (ബേബി-65) അന്തരിച്ചു. ഭാര്യ ലൂസി അറയ്ക്കൽ മണിമൂളി. മക്കൾ: ബിഷിൻ (യുഎസ്), ബിനിക്ക് (ഓസ്ട്രേലിയ), റിച്ചു (നിർമ്മല യുപിഎസ് കാറ്റുള്ളമല). മരുമക്കൾ: ജിഷ കൊടിപ്പാറയിൽ (ഇരിട്ടി), സ്റ്റെഫി ഉറുമ്പിൽ (കൂമ്പാറ), അഞ്ജലി മുണ്ടയ്ക്കപ്പടവിൽ (കാറ്റുള്ളമല).

**തോട്ടപ്പുഴ:** മുരിങ്ങശേരിൽ വാഴയിൽ മറിയാമ്മ മാത്യു (കുഞ്ഞുമോൾ-78) അന്തരിച്ചു.

## ബെന്നി എരുമേലിക്കര



**വഴിത്തല:** എരുമേലിക്കര ബെന്നി (61) യുഎസിൽ അന്തരിച്ചു. ഭാര്യ മോനിപ്പള്ളി കുന്തമറ്റത്തിൽ ആൻസി. മക്കൾ: ആൻമരിയ, മരീസ (എല്ലാവരും യുഎസ്).

**കുറുമ്പനാടം:** വാകത്താനം വള്ളിക്കാട്ടായ കാരുചിറ ചൂരപ്പാടിൽ സി.വി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ (85) അന്തരിച്ചു.

## എലിസബത്ത് ജോൺ

**പള്ളം:** അടിമത്ര പരേതനായ ജേക്കബ് ജോണിന്റെ ഭാര്യ എലിസബത്ത് ജോൺ (ലില്ലിക്കുട്ടി-90) അന്തരിച്ചു. പള്ളം ബുക്കാന സ്കൂൾ അദ്ധ്യാപികയായിരുന്നു. മക്കൾ: സുജ, സുനിൽ (ഫ്ളോറിഡ). മരുമക്കൾ: ജെയിംസ് മണ്ണൂപ്പറമ്പിൽ (വടവാതൂർ), മിനി (ഫ്ളോറിഡ).

**പെരിഞ്ഞിലിപ്പുറം:** വിമുക്തഭടൻ മുളവന മനു വില്ലയിൽ എം.ജി. കൊച്ചുകുഞ്ഞ് (തങ്കച്ചൻ-84) അന്തരിച്ചു.

**പിഴക്:** കരിപ്പാംകുടി കെ. ജെ. അഗസ്റ്റിൻ (90) അന്തരിച്ചു.

**കുറവിലങ്ങാട്:** കോഴാ പടുവേൽ മാത്യു വർക്കി (76) അന്തരിച്ചു.

**വാകത്താനം:** നടുവിലേപ്പറമ്പിൽ സാറാമ്മ ആന്റണി (77) അന്തരിച്ചു.

# ELDERLY COUPLE LOOKING FOR LIVE-IN CAREGIVER AT ELMHURST(CHICAGO)

Elderly couple (79 and 80 year old) looking for live-in caregiver, at Elmhurst (Chicago). Duties include assisting with daily activities, light cooking, housework, and overall company.

**Competitive pay, please contact**

**Ginash George 630-975-2525**

**for more information.**

# 7 CENT HOUSE PLOT FOR SALE AT PERANDUR, EDAPALLY, KOCHI

Road access, Close to HWY, Hospitals, Churches, and Temples, Airport. Reasonable Price.

**If interested please e mail at**

**skrish3299@yahoo.com**




# LAKE HOUSE FOR SALE IN TEXAS

Located 2 hours from DFW on Lone Star Lake. 6 Bedroom/ 3 full Bath, 3324 Sq Feet. Huge Den overlooking the lake. Granite counter tops. New carpet upstairs and new flooring downstairs. Patio in front of kitchen with Pergola. Gazebo located next to patio. 1/2 acre land with sprinkler system and fire pit. New boat house with boat slip and seating area with grill. 2 Car Garage with carport in the front.

$685,000 Only text, no phone calls.

**614-329-9361 John**

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Boston*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Boston*

**Visit Our Website: www.keralaexpress.com for Classified Advt.**

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. മല്ലികയുടെ സഹോദരന്റെ മകളുടെ ഭർത്താവ് ഡിവൈഎസ്പി ഹേമചന്ദ്രന്റെ ബുദ്ധിയായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പിടിയിലാകുമെന്നുറപ്പായപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിച്ചു. കിളിമാനൂരിലെ മാനസികാരോഗ്യകേന്ദ്രത്തിൽവെച്ച് മാളവികയെ കണ്ട അല്ലിമ അമ്മയെ ഒപ്പംനിന്നു ശുശ്രൂഷിക്കുന്നു...**

# കാണാത്ത തീരങ്ങൾ

ജോയ്സി

**118**

രാജഗോപാലും ശ്രീലക്ഷ്മിയും അല്ലിമയും കൂടി അതിരാവിലെ പുറപ്പെട്ടുവെങ്കിലും കിളിമാനൂരിൽ എത്തിയപ്പോൾ സമയം ഒൻപതുമണിയോടടുത്തിരുന്നു.

ഹോസ്പിറ്റലിന്റെ പാർക്കിങ് ഏരിയായിൽ കാർ നിർത്തിയ ഉടൻ അല്ലിമ ഇറങ്ങി.

"ഇനി പൊയ്ക്കോ - ട്ടോ. ഇപ്പോ വിട്ടാ ഉച്ചയ്ക്കു മുൻപ് എറണാകുളത്ത് എത്താല്ലോ." അല്ലിമ പറഞ്ഞു.

"അതെന്താ മോളേ... ഇവിടെ വരെ വന്നിട്ട് മാളവികയെ കാണാതെ പോകാനോ?"

രാജഗോപാൽ ചോദിച്ചു.

"അച്ഛനും അമ്മയ്ക്കും ബുദ്ധിമുട്ടാവൂല്ലോന്ന് വിചാരിച്ചു പറഞ്ഞതാ..."

"ബുദ്ധിമുട്ടായല്ലോ." ലക്ഷ്മി പറഞ്ഞു.

"വിന്ദുവിനെയും വിശ്വവിനെയുംകാൾ ബുദ്ധിമുട്ടിയാ ഞങ്ങൾ നിന്നെ വളർത്തിയത്. മണിമലയ്ക്ക് നീ പുറപ്പെട്ടപ്പോ പല കാര്യങ്ങളും വേണ്ടെന്നുവെച്ച് ബുദ്ധിമുട്ടിത്തന്നെയാ നിന്റച്ഛൻ കാറോടിച്ച് മണിമലയ്ക്കു വന്നതും നിന്നെ ഇവിടെത്തിച്ചതും..."

"സോറി അമ്മേ. ഞാനതൊന്നും ഉദ്ദേശിച്ച് പറഞ്ഞതല്ലാ ട്ടോ."

അല്ലിമയോടൊപ്പം രാജഗോപാലും ശ്രീലക്ഷ്മിയും ഹോസ്പിറ്റലിൽ കയറി.

സ്റ്റാഫ് നേഴ്സ് രേണുക അല്ലിമയെ കണ്ടപ്പോഴേ പറഞ്ഞു:

"വേഗം ചെല്ല്... അമ്മയെ കാണാഞ്ഞിട്ട് കുഞ്ഞിനു ഭയങ്കര വഴക്ക്." തെല്ലൊരു വേവലാതിയോടെയാണ് അല്ലിമ മാളവികയെ കിടത്തിയിരിക്കുന്ന മുറിയിലെത്തിയത്. നേഴ്സിങ് അസിസ്റ്റന്റ് ലളിത ബെഡിനരികെ നിന്ന് മാളവികയെ സമാധാനിപ്പിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു.

അല്ലിമയെ കണ്ടപ്പോൾ ലളിതയ്ക്ക് ആശ്വാസമായി.

"വന്നല്ലോ... സമാധാനമായി.... ഇന്നലെ മുതൽ പ്രശ്നമാ. കെയറുകൊടുക്കാൻ പോലും സമ്മതിക്കുന്നില്ല."

അല്ലിമ ബെഡിനരികെ ചെന്നു. മറുവശത്തേക്കു ചെരിഞ്ഞു കിടക്കുകയാണ്.

അമ്മേ എന്നു വിളിച്ചപ്പോൾ മാളവിക ഞെട്ടിയതുപോലെ മുഖം തിരിച്ച്, അല്ലിമയുടെ നേർക്കുനോക്കി. പൊടുന്നനേ നോട്ടം പിൻവലിച്ച് പഴയമാതിരി കിടന്നു. കൈനഖങ്ങൾകൊണ്ട് ബെഡിൽ അങ്ങിങ്ങ് കോറി.

അല്ലിമ ബെഡിലിരുന്ന് തോളത്തു കൈവെച്ച് മെല്ലെ ഉലച്ചു വിളിച്ചെങ്കിലും മാളവിക പിണങ്ങിത്തന്നെ കിടന്നു.

"മാന്തും കേട്ടോ... സൂക്ഷിച്ചോണം... ചെലപ്പോ കടിക്കേം ചെയ്യും." ലളിത മുന്നറിയിപ്പു നൽകി.

അല്ലിമ അൽപം ബലം പ്രയോഗിച്ച് അവരെ തിരിച്ചു കിടത്തി. ലളിത പറഞ്ഞതുതന്നെ സംഭവിച്ചു. അല്ലിമയുടെ കൈത്തണ്ടകളിൽ മാന്തി. കൈപ്പത്തിയിൽ കടിക്കുകയും ചെയ്തു. അല്ലിമ കൈ അങ്ങനെതന്നെ വെച്ചുകൊടുത്തു. കൈപ്പത്തിയിൽ അമർന്ന പല്ലുകളുടെ മുറുക്കം ക്രമേണ അയഞ്ഞു. അല്ലിമ അവരുടെ കഴുത്തിനടിയിലൂടെ കയ്യിട്ട് കോരിയെടുത്ത് തന്റെ നെഞ്ചോടു ചേർത്തു. മാളവിക അവളുടെ ഉടലിലേക്ക് പറ്റിച്ചേർന്നു കിടന്നു. അല്ലിമ അവരുടെ ശിരസ്സിലും പുറത്തും തലോടുകയും നെറുകയിൽ ഉമ്മ കൊടുക്കുകയും ചെയ്തു.

മാളവിക അവളുടെ തോളത്തുനിന്നു മുഖംമാറ്റിയിട്ട് അവളെ നോക്കി ചിരിച്ചു.

"അയ്യോടി... എന്താ സന്തോഷം!"

അല്ലിമ, അരുമയോടെ അവരുടെ കവിളത്ത് മെല്ലെ തട്ടി.

"എന്റെ കുഞ്ഞിന് വെശക്കുന്നില്ലേ?"

മാളവികയുടെ വയറിൽ തടവിക്കൊണ്ട് അവൾ വാത്സല്യത്തോടെ ചോദിച്ചു. മാളവിക ഹൃദയം തുറന്നിട്ടപോലെ ചിരിച്ചു.

"പൊന്നുമോള് ചായ കുടിച്ചാരുന്നോ?"

അപ്പോഴും മാളവിക ചിരിച്ചു.

അല്ലിമ ഫ്ളാസ്കിൽനിന്നു സ്റ്റീൽ ടംബ്ലറിലേക്ക് ചായ പകർന്നു. തന്റെ ദേഹത്തേക്ക് അമ്മയെ ചാരിയിരുത്തി ചായ ചുണ്ടോടടുപ്പിച്ചു കൊടുത്തു. മുറിയുടെ വാതിലിനരികെ കോറിഡോറിൽ ചുമരോടു ചേർന്നു നോക്കി നിൽക്കുകയാണ് രാജഗോപാലും ശ്രീലക്ഷ്മിയും. രാജഗോപാൽ ഭാര്യയെ നോക്കിയിട്ട് ശബ്ദം താഴ്ത്തി ചോദിച്ചു:

"കുശുമ്പ് വരുന്നുണ്ടോ?"

"എന്തിന്?"

"അല്ലിമോള്ടെ പെറ്റമ്മയാണത്..."

"അതൊക്കെ എനിക്ക് മനസ്സിലാകും."

"കണ്ണ് നിറഞ്ഞിരിക്കുന്ന കണ്ടിട്ട് ചോദിച്ചതാ."

"അതെന്റെ സന്തോഷംകൊണ്ടാ. അവൾടെ മനസ്സിൽ ഇത്രേം അറിവും സ്നേഹോം ഒണ്ടല്ലോ. നമുക്ക് അഭിമാനമല്ലേ തോന്നേണ്ടത്. നമ്മളല്ലേ അവളെ വളർത്തി ഇങ്ങനെയാക്കിയത്."

ശ്രീലക്ഷ്മിയുടെ സ്വരം കണ്ണീരംശം പുരണ്ട് ആർദ്രമായിരുന്നു.

അല്ലിമ സ്പൂണിൽ ഓട്സോ മറ്റോ കോരിക്കൊടുക്കുന്നതും അവർ കണ്ടു. അതിനുശേഷം അല്ലിമ അവരുടെ ഗൗൺ പതിയെ അഴിച്ചുമാറ്റി. അണ്ടർ പാഡുകൾ നീക്കം ചെയ്യുന്നതിനു മുൻപ് വാതിൽക്കലേക്കു വന്ന് അവൾ പറഞ്ഞു:

"അച്ഛനും അമ്മേം നിക്കണ്ട. പൊയ്ക്കോ. എനിക്കിനീം കുറെ ജോലിയൊണ്ട്. എടുത്തോണ്ടു പോയി കഴുകിക്കണം. കുളിപ്പിക്കണം. തുടയ്ക്കണം..."

"ശരി, ഞങ്ങൾ പൊയ്ക്കോളാം..." രാജഗോപാൽ പറഞ്ഞു.

"അമ്മയ്ക്ക് എന്നോട് ദേഷ്യംണ്ടോ?"

അല്ലിമ ശ്രീലക്ഷ്മിയോടു ക്ഷമാപണസ്വരത്തിൽ ചോദിച്ചു.

"ഇല്ലെടീ മോളെ... നീ അവരെ ശുശ്രൂഷിക്കുന്ന കണ്ട് മനസ്സു നിറഞ്ഞു നിൽക്കുവാ... അവരുടെ സ്ഥാനത്ത് ഞാനാണെങ്കിലും നീയിങ്ങനെ തന്നെ നോക്കില്ലേ..."

അല്ലിമ ലക്ഷ്മിയുടെ കൈപ്പത്തി പിടിച്ച് ആ കൈവെള്ളയിൽ ഉമ്മവെച്ചു.

"എനിക്ക് എന്നെ പ്രസവിച്ച അമ്മേടെ സ്നേഹം കിട്ടീട്ടില്ല. ഇനി കിട്ടാനും പോണില്ല. കിട്ടിയാലും ഈ അമ്മ എനിക്കു തന്നിട്ടുള്ള സ്നേഹത്തിന് പകരമാകുവോ അത്. ഒരിക്കലുമില്ല."

അല്ലിമയുടെ കണ്ഠമിടറി. ശ്രീലക്ഷ്മി അവളുടെ നെറ്റിയിൽ തലോടി.

"പോട്ടെ മോളേ... ഇനീം വരാം."

രാജഗോപാലും ശ്രീലക്ഷ്മിയും യാത്രയായി. വൈകുന്നേരം നാലുമണിയോടെ അനിബാബു ഹോസ്പിറ്റലിലെത്തി അല്ലിമയെ കണ്ടു. മാളവികയുടെ സുഖവിവരങ്ങൾ ആരാഞ്ഞു. സന്ദർശന സമയമല്ലാതിരുന്നിട്ടും ഡോക്ടറുടെ പ്രത്യേകാനുമതിയോടെ അല്ലിമ അയാളെ മാളവികയുടെ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അനിബാബു കുറച്ചു സമയം മാളവികയെ നോക്കിക്കൊണ്ടു നിന്നു. അയാൾ ഇടയ്ക്കിടെ വിസമ്മതരൂപേണ തലയാട്ടുന്നുണ്ടായിരുന്നു.

ചന്ദ്രബാബു സ്നേഹിച്ച പെൺകുട്ടിയുടെ ചിത്രം അയാളുടെ മനസ്സിൽ മായാതെ കിടപ്പുണ്ട്. തന്റെ ഏട്ടന്റെ ഭാര്യയായി പുല്ലുപാറയിലെ വീട്ടിൽ താമസിച്ച സന്തോഷദിനങ്ങൾ ഓർമയിലുണ്ട്. ചന്ദ്രബാബുവിന്റെ തിരോധാനത്തിനുശേഷം പെരിയാർവാലിയിലെ വീട്ടിൽ, ദുഃഖിതയായി കഴിഞ്ഞുകൂടിയ ഗർഭിണി കൂടിയായിരുന്ന മാളവികയുടെ ചിത്രവും മനസ്സിലുണ്ട്. എന്നാൽ, ഇപ്പോഴത്തെ കാഴ്ച അയാളുടെ എല്ലാ പ്രതീക്ഷകളെയും അസ്തമിപ്പിച്ചു.

പുതിയ മുറിയും വൃത്തിയുള്ള സാഹചര്യങ്ങളും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും അല്ലിമയുടെ ശുശ്രൂഷയും എല്ലാമുണ്ടായിട്ടും ആയുസ്സിന്റെ വഴിയിൽ ഒരു വെളിച്ചവും അനിബാബുവിനു കാണാൻ കഴിയുന്നില്ല. അയാൾ പലതരം രോഗികളെ കണ്ടിട്ടുണ്ട്. പല മരണങ്ങൾ കണ്ടിട്ടുണ്ട്.

"ഡോക്ടർമാരെന്താ പറയുന്നെ?"

അനിബാബു അല്ലിമയോടു ചോദിച്ചു.

"ആരോഗ്യം വീണ്ടുകിട്ടിയാ ഓപ്പറേഷൻ നടത്താമെന്ന്. പക്ഷേ, ശരിയാകുന്നില്ല."

"ഉം..." അനിബാബു മൂളി.

അയാൾ തിരികെ പോകുമ്പോൾ കോറിഡോറിലൂടെ ഹോസ്പിറ്റൽ റിസപ്ഷൻ വരെ അല്ലിമ കൂടെ ചെന്നു. അയാൾ കുറച്ചു രൂപ അല്ലിമയെ ഏൽപിച്ചു.

"ഇതെന്തിനാ?"

"ഇവിടെ ചെലവൊക്കെയില്ലേ."

"ഇതൊന്നും വേണ്ടെന്നേ. എനിക്ക് വീട്ടീന്ന് പൈസ തരുന്നൊണ്ട്." അല്ലിമ പറഞ്ഞു.

"എന്നാലും വെച്ചോ. നിന്റെ കൊച്ചച്ഛൻ തരുന്നതല്ലേ."

അല്ലിമ പിന്നെ നിരാകരിച്ചില്ല.

"എന്താവശ്യമുണ്ടേലും എന്നെ വിളിച്ചുപറയാൻ മടിക്കരുത്. പൈസ ഇല്ലെന്നോർത്തു വെഷമിക്കണ്ട. ഞാനെവിടെന്നെങ്കിലും സംഘടിപ്പിച്ചു തരും. ആൾസഹായം വേണെങ്കിൽ അതും..."

"ഞാൻ പറഞ്ഞോളാം. തരാനൊള്ള മനസ്സൊണ്ടല്ലോ. അതു മതി."

"ആശുപത്രീൽ എത്രനാൾ ഇങ്ങനെ കഴിയും? ചൈനേന്നിപ്പം ഒരു രോഗം പൊട്ടിപ്പൊറപ്പെട്ടിട്ടൊണ്ട്. കൊറോണ."

"ഓ - അതു ചൈനേലല്ലേ, നമുക്കെന്താ?"

"അത് വല്യ കൊഴപ്പമായിട്ട് വരുമെന്നാ പത്രത്തിലൊക്കെ കാണുന്നെ."

"നമ്മുടെ രാജ്യത്തോട്ട് വരുവോ! അനേകം കിലോമീറ്റർ ദൂരയല്ലേ ചൈന..."

"എനിക്കറിഞ്ഞുകൂടാ. ഞാൻ പറഞ്ഞെന്നേയുള്ളു. പൊ

യ്ക്കോട്ടെ."

യാത്രപറഞ്ഞ് അനിബാബു പോയി.

*** *** ***

സോഫിയയുടെ ഐഇഎൽടിഎസ് കോഴ്സിന്റെ പരീക്ഷയുടെ സമയമായി. കിഷോറാണ് എക്സാമിനേഷൻ ഫീസടച്ചതും പരീക്ഷയ്ക്ക് സോഫിയയെ നിർബന്ധിച്ചതും. സോഫിയയ്ക്ക് അടുത്ത തവണ പരീക്ഷയ്ക്കിരുന്നാൽ മതിയെന്നായിരുന്നു.

"ഞാനല്ലേ പൈസ മുടക്കുന്നെ. നീ തോറ്റിട്ട് എന്റെ പൈസ നഷ്ടപ്പെടുമെങ്കിൽ ഞാനതങ്ങ് സഹിച്ചേക്കാം."

സോഫിയയെക്കാൾ കിഷോറിനായിരുന്നു ആത്മവിശ്വാസം. പരീക്ഷ പാസായാൽ ഉടൻ സോഫിയയ്ക്ക് കാനഡയിലേക്കു പോകാനുള്ള ഒരുക്കങ്ങളും കിഷോർ തന്നെ ഏറ്റെടുത്തു നടത്തുന്നുണ്ടായിരുന്നു. സോഫിയ പരീക്ഷ പാസായിക്കഴിഞ്ഞാൽ ഒരു മാസത്തിനുള്ളിൽ വീസ കിട്ടത്തക്കവിധം എല്ലാ തയാറെടുപ്പുകളും കിഷോർ നടത്തി. കൂട്ടത്തിൽ ആലങ്ങാട് സബ്‌രജിസ്ട്രാർ ഓഫീസിൽ വിവാഹം രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷയും നൽകി.



സോഫിയ ഐഇഎൽടിഎസ് പരീക്ഷ സെവൻ പോയിന്റ് ഫൈവ് എന്ന സ്കോറിൽ പാസായി. അപ്പോഴേക്കും കോവിഡ് എന്ന പകർച്ചവ്യാധി അനേകായിരം പേരുടെ ജീവൻ കവർന്നെടുത്തുകൊണ്ട് ലോകമെങ്ങും വ്യാപിച്ചുകഴിഞ്ഞു.

മുഖത്ത് മാസ്ക് ധരിച്ചുകൊണ്ട് ഇന്ത്യൻ വിമാനത്താവളങ്ങളിൽ വരികയും പോവുകയും ചെയ്യുന്നവരുടെ ചിത്രങ്ങൾ പത്രങ്ങളിലും വാട്സാപ് മീഡിയയിലും മറ്റ് സോഷ്യൽ മീഡിയകളിലും വന്നുതുടങ്ങി. വൈകാതെ കേരളത്തിലുമെത്തി കോവിഡ് എന്ന പകർച്ചവ്യാധി. സോഫിയയുടെ വിദേശ ജോലിയെന്ന സ്വപ്നത്തിനുമേൽ വൈറസ് ഭീതിയുടെ നിഴൽ വീണു.

*** *** ***

മാങ്ങോട്ടുശ്ശേരിൽ ഹരീന്ദ്രന്റെ ഭാര്യ ഉണ്ണിമായ അനുജത്തിയെ കൂട്ടിക്കൊണ്ടുവരാൻ ബ്രഹ്മാനന്ദന്റെ ഒപ്പം നെടുമ്പാശേരി എയർപോർട്ട്‌വരെ പോയിട്ടുണ്ടായിരുന്നു. വിദ്യാമണിക്ക് ഇറ്റലിയിലായിരുന്നു ജോലി.

വീട്ടിലെത്തി ഏതാനും ദിവസങ്ങൾക്കുള്ളിൽ വിദ്യാമണിക്ക് ശാരീരികാസ്വസ്ഥതകളും പനിയും ആരംഭിച്ചു. ഹോസ്പിറ്റലിലെത്തി പരിശോധനയ്ക്കു വിധേയയായപ്പോൾ കോവിഡ് ബാധിതയാണ് എന്നു തെളിഞ്ഞു.

വിദ്യാമണി എയർപോർട്ടിൽ വന്നതു മുതലുള്ള സഞ്ചാരത്തിന്റെയും സന്ദർശനങ്ങളുടെയും റൂട്ട്മാപ്പ് ഗവൺമെന്റ് അധികൃതർ ശേഖരിച്ചു. വിദ്യാമണിയുമായി നേരിട്ടു സമ്പർക്കം പുലർത്തിയവരെയെല്ലാം നിരീക്ഷണത്തിലാക്കി; ക്വാറന്റീൻ ഏർപ്പെടുത്തി. തുടർന്നുവന്ന ദിവസങ്ങളിലെ വിശദമായ പരിശോധനകളിൽ വിദ്യാമണിയുടെ അച്ഛൻ, ഉണ്ണിമായ, ജഗന്നാഥക്കുറുപ്പ്, വിദ്യാമണിയുടെ അമ്മ എന്നിവർ രോഗബാധിതരാണെന്നു തെളിയുകയും ഹോസ്പിറ്റലിൽ പ്രത്യേക പരിചരണവിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ ജഗന്നാഥക്കുറുപ്പിന്റെ രോഗനില വഷളായി. വെന്റിലേറ്ററിൽ അഞ്ചു ദിവസം മരണത്തോടു മല്ലിട്ടു കിടന്ന ജഗന്നാഥക്കുറുപ്പ് ഒടുവിൽ ആ മഹാസത്യത്തിനു മുന്നിൽ കീഴടങ്ങി.

ജഗന്നാഥക്കുറുപ്പിന്റെ കോവിഡ് മരണം കേരളത്തിലങ്ങോളമിങ്ങോളം എന്നല്ല, ഇന്ത്യ ഒട്ടാകെ വലിയ വാർത്തയായെങ്കിലും കൊറോണ വൈറസുകൾ ജീവൻ കവർന്നെടുത്ത അയാളുടെ ജഡം പൊതുശ്മശാനത്തിൽ ആചാരവിധികളേതുമില്ലാതെ ചത്ത നായയുടെ ജഡമെന്നപോലെ കുഴിച്ചിടപ്പെട്ടപ്പോൾ അന്ത്യോപചാരമർപ്പിക്കാനോ ഒരിറ്റു കണ്ണീർ പൊഴിക്കാനോ ബന്ധുമിത്രാദികളാരുമുണ്ടായിരുന്നില്ല.

*** *** ***

ആലപ്പുഴ ബോട്ട് ജട്ടിക്കു സമീപമുള്ള ഗ്രീൻപാർക്ക് ഹോട്ടലിന്റെ പാർക്കിങ് ഗ്രൗണ്ടിൽ കാർ പാർക്ക് ചെയ്തിട്ട് സന്ദീപ് ഇറങ്ങി. കാറിൽ സംശയിച്ചിരുന്ന അനിബാബുവിനോട് ഇറങ്ങി വരാൻ പറഞ്ഞു. അനിബാബു ഇറങ്ങി.

"നമ്മൾ ഊണുകഴിക്കാനാ ഇങ്ങോട്ടു വന്നത്. ചേട്ടനു പറയാനൊള്ളത് കേൾക്കേം ചെയ്യാം."

ഫാമിലി റൂമിൽ കയറി കൈകഴുകി ഊണിന് ഓർഡർ നൽകി കാത്തിരിക്കുമ്പോൾ അനിബാബുവിനെ ശ്രദ്ധിക്കുകയായിരുന്നു സന്ദീപ്. ആൾ ശാന്തനും തൃപ്തനുമല്ല എന്നു മനസ്സിലായി.

"ഞാൻ കിളിമാനൂർ പോയി മാളുച്ചേച്ചിയേം അല്ലിമോളെയും കണ്ടിട്ടാ വരുന്നെ." കൈപ്പത്തികൾ യാന്ത്രികമായി കൂട്ടിത്തിരുമ്മിക്കൊണ്ട് അനിബാബു പറഞ്ഞു.

"പിന്നേം അവിടെപ്പോയോ?"

"ങാ... ഞാൻ എല്ലാ ആഴ്ചേം പോകും. അല്ലിമോൾക്കു പുറത്തൂന്ന് എന്തെങ്കിലും ഭക്ഷണം വാങ്ങിക്കൊടുക്കും. അവൾക്കു വേറെ കിട്ടാഞ്ഞിട്ടല്ല. നമ്മളെക്കൊണ്ട് അതൊക്കെയല്ലേ പറ്റത്തൊള്ളൂ."

"ങും... അതു നല്ലതാ... ഞാനും ഇടയ്ക്കു പോയി കാണാറൊണ്ട്."

"അല്ലിമോളു പറഞ്ഞു. മാളുച്ചേച്ചീടെ കാര്യം ഇനി ശരിയാകുന്ന് തോന്നുന്നില്ല."

"അത് ആദ്യമേ തന്നെ ഡോക്ടർ സൂചിപ്പിച്ചിരുന്നു." സന്ദീപ് വെളിപ്പെടുത്തി. "അല്ലിയെ വിഷമിപ്പിക്കണ്ടല്ലോന്നു കരുതിയാ ഒന്നും വിട്ടു പറയാത്തത്."

"അവൾക്കു മനസ്സിലായീന്നു തോന്നുന്നു. വല്യ സങ്കടമാ..."

"മാളുച്ചേച്ചിക്ക് ക്ഷീണക്കൂടുതലല്ലേ..."

"ഇപ്രാവശ്യം കണ്ടപ്പ തീരെ പോയി. നെറമൊക്കെ മങ്ങി... അല്ലിമോളെപ്പഴും കെട്ടിപ്പിടിച്ചോണ്ടിരുന്ന കൊച്ചുകുഞ്ഞിന്റെ മാതിരി കെടന്നോളും... വേദന വരുമ്പ കരയും... ഈയെടെയ്ക്ക് വേദന കൂടുതലാ... രണ്ട് കൈകൊണ്ടും അല്ലിമോളെ അള്ളിപ്പിടിച്ചോണ്ട് വില്ലുമാതിരി വളഞ്ഞ് പൊളയും... അവൾടെ കയ്യും പൊറോം മുഴുവൻ നഖംകൊണ്ട് മുറിഞ്ഞ പാടുകളാ..."

"പെയ്ൻകില്ലർ കൊടുക്കുന്നൊണ്ടല്ലോ."

"ഓ... അതൊക്കെ കൊറച്ചുനേരത്തക്ക് നിക്കും. വേദന പിന്നേം പിടിമുറുക്കും. ഇനി ജീവനോടിരിക്കണ്ട. പോയാ മതിയാരുന്നു. എന്തിനാ അങ്ങനൊരു ജീവിതം? കണ്ടോണ്ട് നിക്കാൻ പറ്റുന്നില്ല."

സന്ദീപിന് ഒന്നും പറയാനില്ല. അയാളും ആ വേദനയുടെ കാഠിന്യം കണ്ടിട്ടുണ്ട്. കൂടുതൽ അനുഭവിക്കാതെ മരിച്ചുപോയാൽ മതീന്ന് ആഗ്രഹിച്ചുപോകും.

"സാറെ, ആ കേസിന്റെ കാര്യം ഇപ്പം ഒന്നും കേക്കാനില്ലല്ലോ... എവിടെവരെയായി? വല്ലതും അറിയാവോ?"

"അധികം വൈകാതെ കോടതീൽ വിചാരണ തുടങ്ങിയേക്കും." സന്ദീപ് പറഞ്ഞു.

"കോടതിക്ക് പോലീസുകൊടുത്ത കുറ്റപത്രത്തിൽ ഹേമചന്ദ്രൻ ആറാം പ്രതിയാണെന്ന് കേട്ടല്ലോ... അവനല്ലേ ഒന്നാം പ്രതിയാകേണ്ടവൻ."

"കേസ് അന്വേഷിച്ചുവന്നപ്പോ, സംഭവം നടന്ന ദിവസം ഹേമചന്ദ്രൻ പൊൻകുന്നത്ത് സിഐയാ. ഓൺ ഡ്യൂട്ടിയിലുമാണ്. അതായത്, കൊലപാതകം നടക്കുമ്പഴും ശവം മറവുചെയ്യുമ്പഴും ഹേമചന്ദ്രൻ സ്റ്റേഷനിൽ ഡ്യൂട്ടീലൊണ്ടാരുന്നു."

"അതെങ്ങനാ അങ്ങനെ വരുന്നെ. അയാള് കൊലനടത്താനും ശവം കുഴിച്ചിടാനും മുന്നിൽ നിന്നവനല്ലേ..."

"അയാള് കുൽസിതബുദ്ധിക്കാരനല്ലേ. രക്ഷപ്പെടാനൊള്ള പഴുതൊക്കെ മുൻപേ പ്ലാൻ ചെയ്ത് റെഡിയാക്കീട്ടാണ് അയാളിറങ്ങിത്തിരിച്ചത്..."

"അയാള് കേസീന്ന് തലയൂരും അല്ലേ സാറേ."

"മിക്കവാറും... അയാൾക്കെതിരെ തെളിവുകളൊക്കെ ദുർബലമാണ്."

"സാറെ, എന്റെ ചന്ദ്രേട്ടനെ കൊല്ലാനും മാളുച്ചേച്ചിയെ പ്രാന്തിയാക്കാനും വേണ്ടി എല്ലാ പരിപാടീം എണക്കിയത് അവനാ, ഹേമചന്ദ്രൻ. അതിനു കൂട്ടുനിന്ന ഹരീന്ദ്രൻ ചത്തു. ജഗന്നാഥക്കുറുപ്പ് ചത്തു. ബാലകൃഷ്ണമേനോൻ തന്നത്താൻ വെടിവെച്ചു ചത്തു. മറ്റേ രണ്ടുപേരും പോട്ടെ. അവരെ കോടതി ശിക്ഷിച്ചോളും. പക്ഷേ, ഇവൻ രക്ഷപ്പെടുന്നത് ശരിയാണോ? ഹേമചന്ദ്രൻന്നു പേരൊള്ള പേപിടിച്ച പട്ടി."

"കോടതിയല്ലേ ശിക്ഷിക്കേണ്ടത്."

"വേണ്ട. എനിക്കു ശിക്ഷിക്കാമല്ലോ. ഈ കേസിൽ ഞാനും ഒരു കോടതിയാ... അവൻ ജീവിച്ചിരിക്കണോ വേണ്ടയോന്ന് ഞാനങ്ങ് തീരുമാനിച്ചേക്കാം."

അനിബാബുവിന്റെ കണ്ണിൽ പകയുടെ വൈരപ്പൊടി തിളങ്ങി.

(തുടരും)

# ഒരു മതവിശ്വാസവും ഭരണഘടനയ്ക്ക് അതീതമല്ലെന്ന് ഹൈക്കോടതി

കൊച്ചി: ഒരു മതവിശ്വാസവും ഭരണഘടനയ്ക്ക് അതീതമല്ലെന്ന് ഹൈക്കോടതി. ധനമന്ത്രിക്ക് കൈകൊടുത്തത് ശരിയത്ത് നിയമലംഘനമാണെന്നും അതിലൂടെ പ്രായപൂർത്തിയായ വിദ്യാർത്ഥിനി വിശ്വാസലംഘനം നടത്തിയെന്നും സാമൂഹിക മാധ്യമത്തിലൂടെ പ്രചരിപ്പിച്ചതിന് എടുത്ത കേസ് റദ്ദാക്കാനാകില്ലെന്ന് വ്യക്തമാക്കുന്നതിനിടെയായിരുന്നു ഹൈക്കോടതി പരാമർശം. മോശം പ്രചാരണത്തിനിരയായ വിദ്യാർത്ഥിനി നല്കിയ പരാതിയിൽ കലാപത്തിനു ശ്രമിച്ചു എന്നതടക്കമുള്ള വകുപ്പുകൾ പ്രകാരം കോഴിക്കോട് കുന്ദമംഗലം പോലീസെടുത്ത കേസ് റദ്ദാക്കണമെന്ന ആവശ്യം തള്ളിയാണ് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണന്റെ ഉത്തരവ്.

മലപ്പുറം കോട്ടയ്ക്കൽ ഒതുക്കുങ്ങൽ അബ്ദുൾ നൗഷാദാണ് (നൗഷാദ് അഹ്സാനി-37) തന്റെ പേരിലെടുത്ത കേസ് റദ്ദാക്കണം എന്നാവശ്യപ്പെട്ട് ഹൈക്കോടതിയിലെത്തിയത്. കോഴിക്കോട് സ്വകാര്യ ലോ കോളജിലെ നിയമവിദ്യാർത്ഥിനിക്കെതിരെയായിരുന്നു പ്രചാരണം നടത്തിയത്.

# വിനോദസഞ്ചാരകേന്ദ്രങ്ങളിൽ സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തും

തൃശൂർ: വിനോദസഞ്ചാരകേന്ദ്രങ്ങളിലെ ജനവാഹകശേഷി പരിശോധിച്ച് ആവശ്യമെങ്കിൽ സന്ദർശകർക്കു നിയന്ത്രണവും വിലക്കും ഏർപ്പെടുത്താനൊരുങ്ങി കേരള സർക്കാർ. സഞ്ചാരികൾക്കു പ്രിയപ്പെട്ട മേഖലകളിലെ പരിസ്ഥിതി ആഘാതങ്ങൾ ലഘൂകരിച്ച് സന്ദർശകസുരക്ഷ ഉറപ്പുവരുത്തുകയാണു ലക്ഷ്യം.

വയനാട് പോലുള്ള മേഖലകളിലെ ജനവാഹകശേഷി പഠിക്കണമെന്ന ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നീക്കം. വനം, ടൂറിസം വകുപ്പുകൾ സഹകരിച്ചു പഠനം നടത്താനാണു തീരുമാനം. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, റെസ്പോൺസിബിൾ ടൂറിസം എന്നിവയും പഠനത്തിൽ പങ്കാളികളാകും.

കേരളത്തിലെ തെരഞ്ഞെടുത്ത 15 ഹിൽ സ്റ്റേഷനുകളിൽ ഈ പഠനം നടത്തും. തിരുവനന്തപുരത്തെ പൊൻമുടി, വയനാട്ടിലെ ചെമ്പ്ര, ഇടുക്കിയിലെ മൂന്നാർ, വാഗമൺ എന്നിവിടങ്ങളിലാണ് ആദ്യഘട്ടത്തിൽ ജനവാഹകശേഷി പരിശോധനയും തുടർനടപടികളും കൊണ്ടുവരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ കോവളം, വർക്കല, മൂന്നാർ എന്നിവിടങ്ങളിൽ പഠനത്തിന് അടിയന്തരമായി തുടക്കമിടും.

പരിസ്ഥിതി, ജീവജാലങ്ങൾ, ജനസമൂഹം, സ്ഥലസൗകര്യം, അടിസ്ഥാനസൗകര്യങ്ങൾ, സാമ്പത്തികം, ലഹരി-നിയമവിരുദ്ധ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങളാണു പരിശോധിക്കുക. ഈ റിപ്പോർട്ടിൽ വിദഗ്ധരുടെ വിശകലനങ്ങൾക്കു ശേഷമാണു നിയന്ത്രണങ്ങൾ ആലോചിക്കുക. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ബോധവത്കരണ കാമ്പയിനുകൾ, പഠനക്ലാസുകൾ എന്നിവ ആസൂത്രണം ചെയ്യും. നിയന്ത്രണങ്ങൾ കൊണ്ടുവന്നാൽ ഉണ്ടായേക്കാവുന്ന പ്രതിരോധങ്ങൾ കണക്കിലെടുത്താണിത്.

കഴിഞ്ഞ വർഷം കേരളത്തിൽ 2,18,71,641 ആഭ്യന്തര വിനോദസഞ്ചാരികളും 6,49,057 വിദേശസഞ്ചാരികളും എത്തി. ഏറ്റവും കൂടുതൽ സഞ്ചാരികൾ എത്തിയത് എറണാകുളം ജില്ലയിലാണ്. 4,48,730 ആഭ്യന്തര സഞ്ചാരികളും 2,79,904 വിദേശികളും.

കോവളം സ്ഥിതിചെയ്യുന്ന തിരുവനന്തപുരവും മലമ്പ്രദേശങ്ങളായ ഇടുക്കിയും വയനാടും, തൃശൂർ, ആലപ്പുഴ, കോഴിക്കോട് ജില്ലകളുമാണ് സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നത്. മറ്റു ജില്ലകളിലും രണ്ടര ലക്ഷത്തിൽ കുറയാതെ ആളുകൾ എത്തുന്നു. ഇതിൽ വിദേശസഞ്ചാരികൾ കൂടുതൽ എത്തുന്നത് എറണാകുളം, തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം, ഇടുക്കി, കോഴിക്കോട്, തൃശൂർ ജില്ലകളിലാണ്. ചില പ്രത്യേക ദിവസങ്ങളിൽ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ സഞ്ചാരികൾ എത്തുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിനു പുറമെ പ്രാദേശിക ഉത്സവങ്ങളും രാഷ്ട്രീയ സാംസ്കാരിക പരിപാടികളും പൊതു അവധിദിനങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളിൽ തിരക്ക് വർധിപ്പിക്കുന്നു.

ഇതുമൂലം നിശ്ചിത സ്ഥലപരിമിതിയിൽ സഞ്ചാരികൾക്കു വേണ്ടത്ര സുരക്ഷിതത്വം ഒരുക്കുന്നതിലും താമസമുൾപ്പെടെയുള്ള സൗകര്യങ്ങൾ ചെയ്തു നല്കുന്നതിലും വീഴ്ചകൾ പറ്റുന്നതായും ഇപ്പോഴേ ആക്ഷേപങ്ങളുണ്ട്. എറണാകുളം, തിരുവനന്തപുരം, തൃശൂർ ജില്ലകളിലെ തിരക്കാണ് ഇതിനുദാഹരണമായി ചൂണ്ടിക്കാട്ടുന്നത്. പുതിയ പഠനം നടത്തി വിശകലനം ചെയ്തു പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ സുസ്ഥിര വിനോദസഞ്ചാരവികസനം കേരളത്തിൽ നടപ്പാക്കാനാകുമെന്നാണു സർക്കാർ പ്രതീക്ഷിക്കുന്നത്.

# വിരമിച്ച 200 മേജർമാർക്ക് ലെഫ്. കേണൽ ആനുകൂല്യങ്ങൾ

ന്യൂഡൽഹി: കരസേനയിൽ നിന്ന് മേജർ പദവിയിൽ വിരമിച്ച 200 പേർക്ക് ഒരു പതിറ്റാണ്ടിലധികം നീണ്ട നിയമയുദ്ധത്തിനൊടുവിൽ ലെഫ്. കേണൽ പദവിയുടെ ആനുകൂല്യങ്ങൾ നല്കാൻ സുപ്രീം കോടതിയുടെ ഉത്തരവിനെത്തുടർന്ന് കേന്ദ്ര പ്രതിരോധ മന്ത്രാലയം ഉത്തരവിട്ടു. ഒക്ടോ. അഞ്ചിനാണ് ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനമിറക്കിയത്.

2000 മുതലുള്ള പ്രാബല്യത്തോടെയാണ് പദവിയും ആനുകൂല്യങ്ങളും കിട്ടുക. ശരാശരി ഒരാൾക്ക് മാസം അര ലക്ഷം രൂപയുടെ വർധന ലഭിക്കും. മേജർ പദവിയിലുള്ളവർ 52 വയസിൽ വിരമിക്കുമ്പോൾ കേണൽ പദവിയിലെത്തിയാൽ 57 വയസ് വരെ സർവീസ് ലഭിക്കുമായിരുന്നു.

2003-ൽ കേണൽ പദവിയിലേക്ക് പാർട്ട് ഡി പരീക്ഷയിൽ യോഗ്യത നേടിയെങ്കിലും സാങ്കേതിക പിഴവ് പറഞ്ഞ് റെജിമെന്റൽ കമ്മീഷൻഡ് ഓഫീസർമാർക്ക് ആനുകൂല്യങ്ങൾ നല്കിയില്ല. അന്നത്തെ കരസേനാ മേധാവിക്കും കേന്ദ്ര പ്രതിരോധ മന്ത്രിക്കും അപ്പീൽ നല്കിയെങ്കിലും അനുകൂല നിലപാടുണ്ടായില്ല. തുടർന്ന് 2011-ൽ കൊൽക്കത്ത ആംഡ് ഫോഴ്സ്ട്രൈബ്യൂണലിൽ കേസ് നല്കി. പുറമെ വിവിധ ഹൈക്കോടതികളിലും ഹർജി നല്കി. 2008-ൽ വിരമിച്ച മുന്നൂറിലധികം പേരാണ് കേസ് നല്കിയത്.

ട്രൈബ്യൂണൽ 2011 ഏപ്രിൽ നാലിന് അനുകൂലമായി വിധിച്ചെങ്കിലും പ്രതിരോധ മന്ത്രാലയം സുപ്രീംകോടതിയിൽ നിന്ന് സ്റ്റേ നേടി. 2023 മാർച്ച് രണ്ടിന് വാദം കേട്ട സുപ്രീംകോടതി പ്രതിരോധ മന്ത്രാലയത്തിന്റെ അപ്പീൽ തള്ളി. കേസിനു പോയവരിൽ 200 പേർക്ക് ലഫ്റ്റനന്റ് കേണൽ പദവിക്ക് യോഗ്യതയുണ്ടെന്നായിരുന്നു കോടതിയുടെ കണ്ടെത്തൽ.

അപ്പീൽ സുപ്രീംകോടതി നിരസിച്ചിട്ടും പ്രതിരോധ വകുപ്പ് ഉത്തരവ് നടപ്പാക്കാൻ തയ്യാറായിരുന്നില്ല. പരാതിക്കാർ റിട്ട് ഫയൽ ചെയ്തപ്പോഴാണ് പ്രതിരോധ മന്ത്രാലയം അനുകൂല നടപടിയെടുത്തത്.

# ആസിയാൻബന്ധം വിപുലമാക്കാൻ പദ്ധതികൾ പ്രഖ്യാപിച്ച് മോദി



ലാവോസ്: ആസിയാൻ രാജ്യങ്ങളുമായി ബന്ധം വിപുലമാക്കാൻ പത്ത് പദ്ധതികൾ പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയും ആസിയൻ രാജ്യങ്ങളുമായുള്ള വ്യാപാരബന്ധം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇരട്ടിയായതായും ലാവോസിലെ വിയൻഷ്യയിൽ നടന്ന ഉച്ചകോടിയിൽ മോദി പറഞ്ഞു.

നളന്ദ സർവകലാശാല നല്കുന്ന സ്കോളർഷിപ്പുകൾ ഇരട്ടിയാക്കും. 2025 ഇന്ത്യ-ആസിയാൻ ടൂറിസം വർഷമായി ആഘോഷിക്കും. ആസിയാൻ ഇന്ത്യ വനിതാ ശാസ്ത്രജ്ഞരുടെ കോൺക്ലേവ് നടത്തും തുടങ്ങിയവ പ്രഖ്യാപനങ്ങളിൽ ഉൾപ്പെടുന്നു. രാമായണത്തിന്റെ ലാവോസിയൻ വകഭേദമായ 'ലാവോ രാമായണ'ത്തിന്റെ കലാപ്രകടനവും മോദി വീക്ഷിച്ചു.

രണ്ട് രാജ്യങ്ങളും തമ്മിലുള്ള പൂർവകാല ബന്ധം വ്യക്തമാക്കുന്നതായിരുന്നു കലാപ്രകടനമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ലാവോസിൽ നടന്ന ആസിയാൻ ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ നരേന്ദ്രമോദിക്ക് ഹൃദ്യമായ സ്വീകരണമാണ് ലഭിച്ചത്.

# വയനാടിന് കേന്ദ്രസഹായം വൈകരുതെന്ന് ഹൈക്കോടതി

കൊച്ചി: വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട സഹായം വൈകരുതെന്ന് കേന്ദ്ര സർക്കാരിനോട് ഹൈക്കോടതി. സഹായം വൈകുന്നത് പുനരധിവാസ പ്രവർത്തനങ്ങളെ ബാധിക്കുമെന്നും ജസ്റ്റിസുമാരായ എ.കെ. ജയശങ്കരൻ നമ്പ്യാർ, വി.എം. ശ്യാംകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

ദേശീയ ദുരന്തനിവാരണ നിധിയിൽനിന്നും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ഫണ്ട് എപ്പോൾ നല്കാനാകുമെന്നതടക്കം കാര്യങ്ങൾ അറിയിക്കാൻ കഴിഞ്ഞതവണ ഹർജി പരിഗണിക്കവേ കോടതി നിർദേശിച്ചിരുന്നു. കേന്ദ്രസഹായവുമായി ബന്ധപ്പെട്ട റിപ്പോർട്ട് 18-ന് സമർപ്പിക്കാമെന്ന് കേന്ദ്രസർക്കാരിനു വേണ്ടി ഹാജരായ അഡീ. സോളിസിറ്റർ ജനറൽ അറിയിച്ചു.

ദുരന്തബാധിതരുടെ ബാങ്ക് വായ്പ എഴുതിത്തള്ളുന്ന കാര്യത്തിലും ഉടനടി തീരുമാനമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നതായി കോടതി അഭിപ്രായപ്പെട്ടു. വയനാട്ടിൽ നടക്കുന്ന പുനരധിവാസ പ്രവർത്തനങ്ങൾക്ക് ദോഷകരമാകാത്ത വിധത്തിൽ വാർത്തകൾ നല്കാൻ മാധ്യമപ്രവർത്തകർ സ്വയം നിയന്ത്രണം പാലിക്കണമെന്ന് കോടതി നിർദേശിച്ചു. പുനരധിവാസ പ്രവർത്തനങ്ങളെ മാധ്യമങ്ങൾ തെറ്റായി റിപ്പോർട്ട് ചെയ്യുകയാണെന്ന് സർക്കാർ ചൂണ്ടിക്കാട്ടിയപ്പോഴാണ് കോടതി ഇങ്ങനെ അഭിപ്രായപ്പെട്ടത്. മാധ്യമങ്ങൾ പരിധി വിടുന്നുവെന്നായിരുന്നു സർക്കാരിന്റെ ആരോപണം. ദുരന്തനിവാരണത്തിന് സർക്കാർ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയെ ചെലവാക്കിയ തുകയെന്ന മട്ടിൽ മാധ്യമങ്ങൾ പ്രചരിപ്പിച്ചു. ദുരിതാശ്വാസ പ്രവർത്തകരുടെ മനോ വീര്യം കെടുത്തുന്ന വിധത്തിലുള്ള വാർത്തകൾക്ക് നിയന്ത്രണം വേണമെന്നതടക്കമുള്ള ആവശ്യങ്ങളും സർക്കാരിനു വേണ്ടി അഡ്വക്കറ്റ് ജനറൽ ഉന്നയിച്ചു.

അതേസമയം, വാർത്തകൾ റിപ്പോർട്ട് ചെയ്യാൻ മാധ്യമങ്ങൾക്കുള്ള ഭരണഘടനാപരമായ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാനാകില്ലെന്നു കോടതി വ്യക്തമാക്കി. ഭരണഘടനയുടെ അനുച്ഛേദം 19(2) ഉറപ്പുനല്കുന്ന അഭിപ്രായ സ്വാതന്ത്ര്യം അവർ വിനിയോഗിക്കട്ടെ. വിമർശനങ്ങൾ കാര്യമാക്കാതെ പുനരധിവാസ പ്രവർത്തനങ്ങളിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും കോടതി പറഞ്ഞു.

പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി വരികയാണെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കി. അർഹമായ ഭൂരിഭാഗം അപേക്ഷകളിലും തീരുമാനമെടുത്തു. അർഹതയില്ലാത്തവരെ അക്കാര്യം രേഖാമൂലം അറിയിച്ചിട്ടുണ്ട്. പുനരധിവാസത്തിനായി തെരഞ്ഞെടുത്ത രണ്ട് മേഖലകളുടെ വിശദാംശങ്ങളും സർക്കാർ നല്കി. പുനരധിവാസ മേഖലകളിൽ പരിസ്ഥിതിയെ ബാധിക്കുന്ന പ്രവർത്തനങ്ങൾ പാടില്ലെന്ന് കോടതി നിർദേശിച്ചു.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

# അമിക്കോസ് നോർത്ത് അമേരിക്ക രാജ്യാന്തര കൺവൻഷൻ സമാപിച്ചു




ഷാജി രാമപുരം



ഡാളസ്: തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ് പൂർവ്വ വിദ്യാർത്ഥി സംഘടനയായ അസോസിയേഷൻ ഓഫ് മാർ ഈവാനിയോസ് കോളജ് ഓൾഡ് സ്റ്റുഡന്റ്സ് (അമിക്കോസ്) നോർത്ത് അമേരിക്കയുടെ രാജ്യാന്തര കൺവൻഷൻ സമാപിച്ചു. അമിക്കോസ് രക്ഷാധികാരിയും മലങ്കര കത്തോലിക്കാ സഭയുടെ ബത്തേരി രൂപതയുടെ അദ്ധ്യക്ഷനും തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ് മുൻ അദ്ധ്യാപകനും പ്രമുഖ ധനതത്വശാസ്ത്ര പണ്ഡിതനുമായ ബിഷപ് ഡോ. ജോസഫ് മാർ തോമസായിരുന്നു ഉദ്ഘാടനം നിർവഹിച്ചത്.

ചടങ്ങിൽ മുൻ ഡിജിപി ഋഷിരാജ് സിംഗ് ഐപിഎസ്, ചലച്ചിത്ര താരങ്ങളായ നന്ദു, സാബു തിരുവല്ല, ഡിനി എലിസബത്ത് ദാനിയേൽ, പ്രമുഖ ന്യൂറോ സർജൻ ഡോ. അരുൺ ഉമ്മൻ, സംഗീത സംവിധായകനായ ഡോ. രജു ജോസഫ് തുടങ്ങിയവർ മുഖ്യാതിഥികളായിരുന്നു.

ഒക്ടോബർ 11-ന് വെള്ളിയാഴ്ച മുതൽ 13-ന് ഞായർ വരെ ടെക്സസിലെ ഹിൽട്ടൺ ഗാർഡൻ ഇൻ ഡാളസ്, ഡങ്കൻവില്ലെയിൽ വെച്ച് നടന്ന സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നായി അനേകം മാർ ഈവാനിയോസ് കോളജ് പൂർവ്വ വിദ്യാർത്ഥികളെ കൂടാതെ വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ പ്രസിഡണ്ട് ജോൺസൺ തലച്ചെല്ലൂർ, എഴുത്തുകാരിയും കവിയുമായ ത്രേസ്യാമ്മ നാടാവള്ളിൽ, ഡോ. ജോഷി ജേക്കബ് അറ്റ്ലാന്റാ, ഡോ. മാത്യു ടി. ഏബ്രഹാം വാഷിങ്ടൺ, ഡോ. ജേക്കബ് ഈപ്പൻ കാലിഫോർണിയ തുടങ്ങിയവർ സംബന്ധിച്ചു.

അമിക്കോസ് രാജ്യാന്തര കൺവൻഷന്റെ പ്രസിഡണ്ട് സാബു തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ കൺവീനർ ജിമ്മി കുളങ്ങര ഏവരെയും സ്വാഗതം ചെയ്തു.

കോ-കൺവീനർ സുജൻ കാക്കനാട്ട് സമ്മേളനത്തിന്റെ ക്രമീകരണങ്ങൾ വിവരിച്ചു. ഉദ്ഘാടന സമ്മേളനത്തോടനുബന്ധിച്ചു നടന്ന വിവിധ കലാപരിപാടികളിൽ സ്ത്രീകൾ തുഴഞ്ഞ ചുണ്ടൻവള്ളവും നാടൻ കലാരൂപമായ വില്ലടിച്ചാൻ പാട്ടും മാവേലിത്തമ്പുരാന്റെ എഴുന്നള്ളത്തും ഏവരുടെയും പ്രശംസ പിടിച്ചുപറ്റി.


























# Mukkut Monuments Inc.

mukkutmonuments@gmail.com
www.mukkutmonuments.com

ഒരു മലയാളി സ്ഥാപനം

***Creating unique permanent memories of your departed loved one forever***




**We are a family owned caring and compassionate business.**

**We understand your loss and want to work with you to make the most beautiful tribute to your loved one.**

- ***Designed and carved in beautiful stones***
- ***Delivered and installed anywhere in US with quality that is unmatched and with the lowest price guarantee***

# PH: 972-342-0041

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**